# പെല്ലീസും മെലിസാന്ദയും

(ഒരു ബെൽജിയൻനാടകം)

പരിഭാഷകൻ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. ഏ.

Digitized By Kerala Sahitya Akademi

# പെല്ലീസും മെലിസാന്ദയും

(ഒരു ബൽജിയൻനാടകം)

മൂലഗ്രന്ഥകാരൻ:

മോറിസ് മേററർലിൻക്

പരിഭാഷകൻ:

ചങ്ങമ്പുഴ കൃഷ്ണപിള്ള, എം. എ.

ഇടപ്പള്ളി

PUBLISHERS:

THE MANGALODAYAM LTD.

TRICHUR

Digitized By Kerala Sahitya Akademi

First Impression,
in Meenom 1123.

1000 Copies.

*All rights reserved by*
Mrs. SREE DEVI CHANGAMPUZHA
"SREE DEVI MANDIRAM"
EDAPPALLY.
(N. Travancore)

Price:
Rupee One and
Annas Eight.

Printed at
The Mangalodayam Press,
Trichur.

Digitized By Kerala Sahitya Akademi

മോറിസ് മേറററർലിൻക

# പെല്ലീസും മെലിസാന്ദയും

(ഒരു ബൽജിയൻനാടകം)

Digitized By Kerala Sahitya Akademi

*This Translation was first Published in the "Navajeevam" Weekly Trivandrum in Kanni, 1115.*

Digitized By Kerala Sahitya Akademi

# ഒന്നാമങ്കം

## രംഗം ഒന്ന്

[കൊട്ടാരത്തിലെ വാതിൽ]

വേലക്കാരികൾ (അകത്ത്)

വാതല് തൊറന്നാട്ടെ! വാതല് തൊറന്നാട്ടെ!

കാവൽക്കാരൻ (അകത്ത്)

ആരാവടെ? എന്തിനാ നിങ്ങളെന്നെ വന്നൊണർത്ത്യേ? കൊച്ചു വാതലുകളില്ല്യോ? പൊറത്തേക്ക്യ പോണെങ്കി അതിലൂട്യ്യോറങ്ങിപ്പോവരുതോ? വേണ്ടടത്തോളോണ്ടല്ലോ അത്തരം വാതൽ............

ഒരു ഭൃത്യ (അകത്ത്)

വാതിക്കെക്കെടക്കണ കല്ലും, വാതലും, ചവിട്ടുപടീം നല്ലോണം വെള്ളൊഴിച്ചു കഴുകാനാ ഞങ്ങൾ വന്നേക്കണേ; ഉം, തൊറന്നാട്ടെ! തൊറന്നാട്ടെ!

മറെറാരു വേലക്കാരി (അകത്ത്).

വല്ല്യേ വല്ല്യേ മഹാ കാര്യങ്ങളൊക്കെ ഒണ്ടാവാൻ പോണു. എളുപ്പോന്നു തൊറക്കാനേയ്!

കാവൽക്കാരൻ

നിക്കു! നിക്കു! എന്നെക്കൊണ്ടു തന്നെ സാധിക്ക്യോന്നറിഞ്ഞൂടാ ഈ വാതല് വലിച്ചുതൊറക്കാൻ. ഒരിക്കലും ഇതുവരെ ഇതു തൊറന്നിട്ടില്ല. അകത്തുതന്നെ നിക്കു............

Digitized By Kerala Sahitya Akademi

ആദ്യത്തെ വേലക്കാരി

പൊറത്തൊക്കെ നല്ലോണം വെട്ടം വീണട്ടൊണ്ട്........ ഭേ, എനിക്കീ വെടവിക്കൂടെ നോക്ക്യാക്കാണാം സൂര്യ്യനെ........

കാവൽക്കാരൻ

ഇതാ വല്ലേ്യ താക്കോലുകൾ....ഹോ! ഇതെന്തൊച്ച്യാ ഒണ്ടാക്കണേ, ഈ തഴുതും പൂട്ടും എല്ലാം....ഒന്നിങ്ങു വന്നാട്ടെ. ....എന്നെക്കൊണ്ടു തന്നെ ഒക്കില്ല....ഒന്നെന്നെ സഹായിച്ചാട്ടെ........

എല്ലാ വേലക്കാരികളും

ഞങ്ങൾ വലിക്കുകയാ....ഞങ്ങൾ വലിക്കുകയാ....

രണ്ടാമത്തെ വേലക്കാരി

ഇതു തൊറക്കുന്നു തോന്നണില്ല....

ഒന്നാമത്തെ വേലക്കാരി

ആങ്ങ്! ഠ്ആ!—തൊറന്നുതൊടങ്ങണ്........പയ്യെപ്പയ്യെ തൊറന്നുതൊടങ്ങണ്.

കാവൽക്കാരൻ

ഹോ, എന്തൊരു കറകറശബ്ദാ അതൊണ്ടാക്കണെ!.... അകത്തൊള്ളോരെ മുഴുവൻ അതൊണർത്തും........

രണ്ടാമത്തെ വേലക്കാരി

(തിണ്ണയിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട്)

ഓ! പൊറത്തൊക്കെ പണ്ടയ്ക്കുപണ്ടേ വെട്ടം വീണുകഴിഞ്ഞു.

ആദ്യത്തെ വേലക്കാരി

അതാ സൂര്യനുദിക്കണു—കടലിനുമീതെ.

കാവൽക്കാരൻ

ഹാവൂ, ഒരുവിധോന്നു തൊറന്നു അപ്പാ! ഹെന്തൊരു പാട്!........



Digitized By Kerala Sahitya Akademi

[എല്ലാ വേലക്കാരികളും ഉറയത്തു പ്രത്യക്ഷപ്പെടുന്നു. വിഷങ്ങനെയാണവർ കടന്നെത്തുന്നതു്.]

ഒന്നാമത്തെ വേലക്കാരി

വാതിക്കെക്കെടക്കണൊ ഈ കല്ലുമൊതൽ കഴികിത്തൊടങ്ങാം ഞാൻ........

രണ്ടാമത്തെ വേലക്കാരി

ഇതു മുഴുവൻ കഴികി വൃത്തിയാക്കാൻ ഒരിക്കലും നമ്മളെക്കൊണ്ടു സാധിക്കുല്ല........

മറ്റു വേലക്കാരികൾ

വെള്ളം കൊണ്ടന്നാട്ടെ! വെള്ളം കൊണ്ടന്നാട്ടെ!

കാവൽക്കാരൻ

അതെ, അതെ; വെള്ളോഴിച്ചാട്ടെ; വെള്ളോഴിച്ചാട്ടെ; ഒരു മല വെള്ളം മുഴുവൻ കോരിയൊഴിച്ചോളൂ; എന്നാലും, ഞാൻ പറയണു, ഒരിക്കലും നിങ്ങക്കാപ്പണി ചെയ്തു തീർക്കാൻ സാധിക്കുല്ല.................

## രംഗം രണ്ടു്

ഒരു വനം

[മെലിസാന്ദ ഒരു കിണറിനരികെ പ്രത്യക്ഷപ്പെടുന്നു. ഗോലാഡ് പ്രവേശിക്കുന്നു.]

ഗോലാഡ്

ഈ വനത്തിൽനിന്നു പുറത്തിറങ്ങാൻ ഒരിക്കലും ഞാൻ വഴി കണ്ടെത്തുകയില്ല. ദൈവത്തിനറിയാം, ആ മൃഗം എവിടേയ്ക്കാണെന്നെ നയിച്ചിരിക്കുന്നതെന്നു്. മരിച്ചുപോകുന്ന വിധത്തിൽ അതിനെ മുറിപ്പെടുത്തി. ഇതാ രക്തത്തിന്റെ പാടുകൾ. എന്നിരുന്നാലും, എനിക്കിപ്പോൾ അതിനെ കാണാൻ സാധിക്കാതായി. എനിക്കു വഴി തെറ്റി. ഞാൻ നശിച്ചുവെന്നാണു് തോന്നുന്നതു് — എന്റെ നായ്ക്കൾക്കും എ



Digitized By Kerala Sahitya Akademi

ന്നെ കണ്ടുപിടിക്കുക സാദ്ധ്യമല്ല. ഞാൻ ഇനിയെൻെറ കാൽച്ചുവട്ടുകൾനോക്കി പിൻതിരിഞ്ഞുകളയാം........ആരോ ഒരാൾ കരയുന്നപോലെ തോന്നുന്നല്ലോ. ഒരു ശബ്ദം....എനിക്ക്.... ഓഹോ....ആ വെള്ളത്തിൻെറ വക്കത്ത് എന്താണത്?—ആ കാണുന്നത്? ഒരു കൊച്ചു പെൺകിടാവിരുന്നു കരയുകയാണോ? (ചുമയ്ക്കുന്നു) ഞാൻ പറയുന്നത് അവൾ കേൾക്കുന്നുണ്ടെന്നു തോന്നുന്നില്ല. എനിക്ക് അവളുടെ മുഖം കണ്ടുകൂടാ. (അദ്ദേഹം അടുത്തേയ്ക്കു പതുക്കെ നീങ്ങിനീങ്ങിച്ചെന്നു മെലിസാന്ദയുടെ തോളിൽ തൊടുന്നു) എന്തിനാണ് നീയിങ്ങനെ കരയുന്നത്? (മെലിസാന്ദ ഞെട്ടിപ്പിടഞ്ഞെഴുന്നേററ് അവിടെ നിന്നും ഓടിപ്പോകാൻ ഉദ്യമിക്കുന്നു) ഒന്നും പേടിക്കേണ്ട. നിനക്കൊട്ടും ഭയപ്പെടേണ്ടതായിട്ടില്ല. എന്തിനാണ് നീയിങ്ങനെ കരയുന്നത്?—ഇവിടെയിങ്ങനെ തനിച്ചിരുന്ന്?

മെലിസാന്ദ

എന്നെ തൊടരുതേ! എന്നെ തൊടരുതേ!

ഗോലാഡ്

ഒട്ടും ഭയപ്പെടേണ്ട....ഞാൻ നിന്നെ ഒന്നും ഉപദ്രവിക്കില്ല....ഓ, നീയൊരു സുന്ദരിയാണല്ലോ!

മെലിസാന്ദ

എന്നെ തൊടരുത്! എന്നെ തൊടരുത്!—അല്ലെങ്കിൽ ഞാൻ വെള്ളത്തിലേയ്ക്ക് എടുത്തു ചാടും!........

ഗോലാഡ്

ഞാൻ നിന്നെ തൊടില്ല....നോക്കൂ, ഞാനിതാ ഇവിടെ നിന്നോളാം—ശരിക്കും ഈ മരത്തിനെതിരെ. ഒരിക്കലും നീ ഭയപ്പെട്ടുകൂടാ. ആരെങ്കിലും നിന്നെ ഉപദ്രവിച്ചോ?



Digitized By Kerala Sahitya Akademi

മെലിസാന്ദ

ഓ, ഉവ്വ്! ഉവ്വ്!

[അവൾ തേങ്ങിത്തേങ്ങി കരയുന്നു]

ഗോലാഡ്

ആരാണ് നിന്നെ ഉപദ്രവിച്ചത്?

മെലിസാന്ദ

അവർ എല്ലാവരും! അവർ എല്ലാവരും!

ഗോലാഡ്

അവർ നിന്നെ ഉപദ്രവിച്ചതെങ്ങിനെ?

മെലിസാന്ദ

ഞാൻ പറയില്ല. അതെനിക്ക പറയാൻ പാടില്ല.

ഗോലാഡ്

വരൂ! നീയിങ്ങനെ കരയരുത്! നീ എവിടെനിന്നു വന്നു?

മെലിസാന്ദ

ഞാൻ ഒളിച്ചോടിപ്പോന്നു! ഞാൻ ഒളിച്ചോടിപ്പോന്നു.

ഗോലാഡ്

അതു ശരി....പക്ഷേ, എവിടെനിന്നാണ് നീ ഒളിച്ചോടിപ്പോന്നത്?

മെലിസാന്ദ

എനിക്ക വഴി തെററിപ്പോയി....തെററിപ്പോയി. ഓ, ഇവിടെ ഞാൻ വഴിതെററി വന്നുകൂടി.....ഞാൻ ഇവിടെയെങ്ങും ഉള്ളതല്ല....ഞാൻ ഇവിടെ ജനിച്ചതല്ല.

ഗോലാഡ്

എവിടെനിന്നാണ് നീ വരുന്നത്? നീ ജനിച്ചതെവിടെയാണ്?



Digitized By Kerala Sahitya Akademi

മെലിസാന്ദ

ഓ, ഇവിടെനിന്നാ വളരെ ദൂരെ....വളരെ....വളരെ!

ഗോളാഡ്

വെള്ളത്തിന്റെ അടിഭാഗത്തിൽ എന്താണാക്കിടന്നു തിളങ്ങുന്നത്?

മെലിസാന്ദ

എവിടെ?—ആ...! എനിക്കയാൾ തന്ന ചൂഡാമണിയാണത്....ഞാൻ കരഞ്ഞുകൊണ്ടിരുന്നപ്പോൾ അതു വീണുപോയി.

ഗോളാഡ്

ചൂഡാമണിയോ?—ആരു തന്നു നിനക്കൊരു ചൂഡാമണി? ഞാനതു് എടുക്കാൻ ശ്രമിക്കാം....

മെലിസാന്ദ

വേണ്ട. വേണ്ട. എനിക്കതാവശ്യമില്ല. എനിക്കതു വേണ്ട. അതിനുമുമ്പു ഞാൻ മരിക്കാൻ പോവുകയാണ്....ഇതാ ഈ നിമിഷം മരിക്കുകയാണ്........

ഗോളാഡ്

എനിക്കതു നിഷ്പ്രയാസം എടുക്കാൻ സാധിക്കും! വെള്ളത്തിനു വലിയ ആഴമൊന്നുമില്ല.

മെലിസാന്ദ

എനിക്കതാവശ്യമില്ല. നിങ്ങൾ അതെടുക്കാനാണ് ഭാവമെങ്കിൽ, അതിനു പകരമായി ഞാൻ അതിനുള്ളിലേക്കു ചാടാൻ പോവുകയാണ്....

ഗോളാഡ്

വേണ്ട. വേണ്ട. അവിടെത്തന്നെ കിടന്നുകൊള്ളട്ടെ. ഞാനതെടുക്കുന്നില്ല. എങ്ങനെയായാലും ഒരുപദ്രവവുംകൂടാതെ വേണമെങ്കിൽ അതെടുക്കാൻ കഴിഞ്ഞേനേ! കണ്ടിട്ടു വളരെ



Digitized By Kerala Sahitya Akademi

കൗതുകമുള്ള ഒന്നാണെന്നു തോന്നുന്നു, ആ മൂഢാത്മണി—ആട്ടെ, വളരെ നാളായോ നീ ഒളിച്ചോടിപ്പോന്നിട്ട്?

മെലിസാന്ദ

ഉവ്വ്.......നിങ്ങൾ ആരാ?

ഗോലാഡ്

ഞാൻ ഗോലാഡ് രാജകുമാരനാണ്—അലെമോൺഡേയിലെ രാജാവായ ആർക്കേലിന്റെ മകന്റെ മകൻ.

മെലിസാന്ദ

ഓഹോ!....നിങ്ങളുടെ മുടി നരച്ചിരിക്കുന്നല്ലോ!....

ഗോലാഡ്

ഉവ്വ്....ഏതാനും ചില രോമങ്ങൾ....ഇൗ ചെന്നിയോടു ചേർന്ന്....

മെലിസാന്ദ

നിങ്ങളുടെ താടിക്കുമുണ്ട് നര....നിങ്ങൾ എന്തിനാ ഇങ്ങനെ വല്ലാത്ത ഒരു മട്ടിൽ എന്റെനേരെ നോക്കുന്നത്?

ഗോലാഡ്

ഞാൻ നോക്കുന്നതു നിന്റെ കണ്ണുകളിലേക്കാണ്....നീ ഒരിക്കലും നിന്റെ കണ്ണുകൾ അടക്കാറില്ലേ?

മെലിസാന്ദ

ഉവ്വ്....രാത്രിയിൽ ഞാനവയെ അടക്കാറുണ്ട്.

ഗോലാഡ്

നീ വല്ലാതെ അത്ഭുതപ്പെട്ട മട്ടിലിങ്ങനെ നിൽക്കുന്നതെന്ത്?

മെലിസാന്ദ

നിങ്ങൾ ഒരു രാക്ഷസനാണോ?

ഗോലാഡ്

മററുള്ള മനുഷ്യരെപ്പോലെ ഒരു മനുഷ്യനാണ് ഞാൻ.



Digitized By Kerala Sahitya Akademi

## പെല്ലീസും മെലിസാന്ദയും

മെലിസാന്ദ

നിങ്ങൾ എന്തിനിവിടെ വന്നു?

ഗോളാഡ്

അതെനിക്കുതന്നെ അറിഞ്ഞുകൂടാ. ഞാൻ വനത്തിൽ വേട്ടയാടുകയായിരുന്നു. ഞാൻ ഒരു പന്നിയെ പിൻതുടന്നു പാഞ്ഞുപോയി....എനിക്കെന്റെ വഴി തെററി. നീ തീരെ ചെറുപ്പമാണെന്നു തോന്നുന്നല്ലോ! നിനക്ക് എത്ര വയസ്സായി?

മെലിസാന്ദ

എനിക്കു വല്ലാത്ത തണുപ്പു തോന്നിത്തുടങ്ങുന്നു.

ഗോളാഡ്

നിനക്കെന്നോടൊന്നിച്ചു പോരാമോ?

മെലിസാന്ദ

ഇല്ലില്ല....ഞാനിവിടെ താമസിച്ചുകൊള്ളാം.

ഗോളാഡ്

ഇവിടെയിങ്ങനെ തനിച്ചു താമസിക്കാൻ നിനക്കു സാദ്ധ്യമല്ല. രാത്രി മുഴുവൻ നിനക്കിവിടെ കഴിച്ചുകൂട്ടാൻ സാധിക്കുകയില്ല....നിന്റെ പേരെന്താ?

മെലിസാന്ദ

മെലിസാന്ദ

ഗോളാഡ്

ഇങ്ങനെ ഇവിടെ തനിച്ചിരുന്നാൽ നിനക്കു പേടിയാകും. ഒരുത്തനു പറയാൻ കഴിയില്ല ഇവിടെ എന്തെല്ലാമുണ്ടാകുമെന്ന്....രാത്രി മുഴുവൻ....അതും ഒററയ്ക്ക്....അയ്യോ, അതു നിനക്കു സാദ്ധ്യമല്ല മെലിസാന്ദേ! വരു, എനിക്കു നിന്റെ കയ്യിങ്ങു തരൂ...............

മെലിസാന്ദ

അയ്യോ, എന്നെ തൊടല്ലേ!........



Digitized By Kerala Sahitya Akademi

ഗോലാഡ്

കിടന്നു നിലവിളിക്കാതെ!....ഇനി ഞാൻ നിന്നെ തൊടില്ല. എൻെറകൂടെ പോന്നാൽമാത്രം മതി. രാത്രി വല്ലാത്ത ഇരുട്ടും തണുപ്പുമായിരിക്കും....എന്നോടൊന്നിച്ചു പോരൂ........

മെലിസാന്ദ

ഏതു വഴിക്കാ നിങ്ങൾ പോകുന്നതു്?

ഗോലാഡ്

എനിക്കറിഞ്ഞുകൂടാ........എനിക്കും തെററിപ്പോയി, വഴി...........

[പോകുന്നു]

## രംഗം മൂന്നു്

### കൊട്ടാരത്തിലെ വിശാലമായ ഒരു മുറി

[ആർക്കേലും ജെനെവീവും പ്രത്യക്ഷപ്പെടുന്നു]

ജെനെവീവ്

ഇതാ, ഇതാണു് അവൻെറ സഹോദരനായ പെല്ലീസിനു് അവനെഴുതുന്നതു്:

"—ഒരു സായാഹ്നത്തിൽ, വനത്തിനുള്ളിൽ ഞാൻ വഴിതെററി ചെന്നെത്തിയ സ്ഥലത്തു്, ഒരു കിണററിനരികെ, അവൾ ഏങ്ങലടിച്ചു കരഞ്ഞുകൊണ്ടിരിക്കുന്നതായിക്കണ്ടു. അവൾക്കെത്ര വയസ്സായെന്നോ, അവൾ ആരാണെന്നോ, എവിടെനിന്നു വരുന്നുവെന്നോ എനിക്കറിഞ്ഞുകൂടാ. അവളോടു ചോദിക്കുവാനും എനിക്കു ധൈര്യം തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ, അവൾക്കു് എന്തോ വല്ലാത്ത ഒരു ഭയപ്പാടുണ്ടു്. എപ്പോഴെങ്കിലും, എന്താണവൾക്കു പററിയതെന്നു ചോദിച്ചേച്ചാൽ മതി, പാവം, ഒരു കൊച്ചുകുഞ്ഞിനെപ്പോ



Digitized By Kerala Sahitya Akademi

വെ അവർ പൊട്ടിക്കരഞ്ഞുതുടങ്ങും; ധാരധാരയായിട്ടങ്ങനെ തേങ്ങിത്തേങ്ങി കരഞ്ഞുതുടങ്ങും. ഒരാൾ, അതുകൊണ്ടു ഭയപ്പെട്ടുപോകുന്നു. കിണററിന്നരികെ, ഞാനവളുടെ സമീപം ചെന്നപ്പോൾ, അവളുടെ മുടിക്കെട്ടിൽനിന്നു സ്വർണ്ണംകൊണ്ടുള്ള ഒരു ചൂഡാമണി ആ ജലാശയത്തിലേയ്ക്കു ഊന്നുവീണുപോയി. എല്ലാററിലും ഉപരിയായി, അവളുടെ വസ്ത്രങ്ങൾ മുൾപ്പടർപ്പുകളിൽ കുരുങ്ങി കീറിപ്പൊളിഞ്ഞിരുന്നുവെങ്കിലും, അവൾ വസ്ത്രധാരണം ചെയ്തിരുന്നതു് ഒരു രാജകുമാരിയേപ്പോലെയാണ്. ഇന്നിപ്പോൾ ആറു മാസമായിരിക്കുന്നു ഞാനവളെ വിവാഹം കഴിച്ചിട്ട്. എന്നാൽ അവളെ കണ്ടുമുട്ടിയ ആ ആദ്യത്തെ ദിവസത്തേതിൽനിന്നധികമായി യാതൊന്നുംതന്നെ അവളെസ്സംബന്ധിച്ച് ഇതാ ഇന്നും എനിക്കറിഞ്ഞുകൂടാ. ........അപ്പോൾ, എന്റെ പ്രിയപ്പെട്ട പെല്ലീസേ, നാം ഒരച്ഛന്റെ മക്കളല്ലെന്നിരുന്നാലും, ഒരു സഹോദരനേക്കാൾ ഉപരിയായി നിന്നെ ഞാൻ സ്നേഹിക്കുന്നു. എന്റെ പ്രത്യാഗമനത്തിന്നു വേണ്ടതെല്ലാം നീ വട്ടംകൂട്ടു! എനിക്കറിയാം എന്റെ മാതാവു സന്തോഷപൂർവ്വം എനിക്കു മാപ്പുതരുമെന്ന്. പക്ഷേ, രാജാവിനെ — നമ്മുടെ പൂജ്യപാദനായ പിതാമഹനെ — ഞാൻ ഭയപ്പെടുന്നു. അത്യന്തം ദയാലുവാണെന്നിരുന്നാലും, ആർക്കേലിനെ ഞാൻ ഭയപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, ഈ വിചിത്രമായ വിവാഹംമൂലം അദ്ദേഹത്തിന്റെ രാഷ്ട്രീയപദ്ധതികളാകമാനം ഞാൻ നിരാശതയിലേയ്ക്കു തള്ളിയിട്ടു. അതുമല്ല, മെലിസാന്ദയുടെ സൌന്ദര്യം, അദ്ദേഹത്തിന്റെ ബുദ്ധിയുള്ള കണ്ണുകളിൽ, എന്റെ ഭോഷത്വത്തെ മാപ്പാക്കുകയുമില്ല. എങ്ങിനെയെല്ലാമായിരുന്നാലും, അദ്ദേഹത്തിന്റെ സ്വന്തം മകളെ അദ്ദേഹം ഏതുരീതിയിൽ സ്വാഗതം ചെയ്യുമോ, അതുപോലെതന്നെ അവളേയും സ്വാഗതം ചെയ്തുകൊള്ളാമെന്ന് അദ്ദേഹം സമ്മതിക്കുന്നുവെങ്കിൽ, ഇരു



Digitized By Kerala Sahitya Akademi

കത്തു കിട്ടുന്നതിന്റെ മൂന്നാമത്തെ ദിവസം, സമുദ്രത്തെ നിരീക്ഷിച്ചുകൊണ്ടു നിൽക്കുന്ന ആ ഗോപുരത്തിന്റെ മുകളിൽ ഒരു വിളക്കു കത്തിക്കുക. ഞങ്ങളുടെ കപ്പലിന്റെ മുകൾത്തട്ടിൽനിന്നുകൊണ്ടു നോക്കി ഞാനതു കണ്ടുപിടിച്ചുകൊള്ളാം. അങ്ങനെ ചെയ്യാത്തപക്ഷം പിന്നേയും ഞാൻ പോകും; ഒരിക്കലും പിന്നെ തിരിച്ചുവരികയുമില്ല.”.............................
നിങ്ങൾ ഇതിന്നെന്തു പറയുന്നു?

ആർക്കേൽ

യാതൊന്നുമില്ല. മിക്കവാറും അവനു ചെയ്യാനുണ്ടായിരുന്നതു് അവൻ ചെയ്തുകഴിഞ്ഞു. എനിക്കു പ്രായം കുറെ ഏറെയായി. എന്നിട്ടാലും, ഒരിക്കലും, ഒരൊററ നിമിഷംപോലും, എനിക്കു് എന്നെത്തന്നെ എന്നിൽ വ്യക്തമായിട്ടൊന്നു കാണാൻ കഴിഞ്ഞിട്ടില്ല; അങ്ങനെയിരിക്കെ, അന്യന്മാരുടെ പ്രവൃത്തികളിൽ വിധികല്പിക്കുവാൻ എന്നെ നിങ്ങൾക്കെങ്ങനെ ഉപകരിക്കും? എന്നെക്കുറിച്ചുതന്നെ ഒരു വിധികല്പിക്കുവാനുള്ള കെല്പ് എനിക്കില്ല.....അവൻ തന്റെ കണ്ണുകൾ അടയ്ക്കാത്ത പക്ഷം എപ്പോഴും അയാൾക്കു തെററു പററുന്നു. അവന്റെ പ്രവൃത്തി വിചിത്രമായിട്ടുള്ള ഒന്നാണെന്നു നമുക്കു തോന്നിയേക്കാം; അത്രയേ ഉള്ളു! കൊല്ലങ്ങളെക്കൊണ്ടു അളന്നു നോക്കുമ്പോൾ അവനു പ്രായം അല്പം കടന്നിട്ടുണ്ടായിരിക്കാം. കഥയില്ലാത്ത ഒരു കൊച്ചുകുട്ടിയെപ്പോലെ, ഒരു കിണററിന്നരികെ കണ്ടെത്തിയ ഒരു പെൺകിടാവിനെ അവൻ പൂർണ്ണമനസ്സോടെ വിവാഹം കഴിച്ചിരിക്കുന്നു.........നമുക്കിതു വിചിത്രമായിത്തോന്നാം. എന്തുകൊണ്ടെന്നാൽ, വിധിവിഹിതങ്ങളുടെ തെററായ വശങ്ങൾമാത്രമേ നമുക്കു കാണാൻ കഴിവുള്ളു.........നമ്മുടെ സ്വന്തമായിട്ടുള്ളവയുടെപോലും തെററായവശം! ഇതുവരെ അവൻ എന്റെ ഉപദേശം അനുസരിച്ചു് എപ്പോഴും പ്രവർത്തിച്ചിട്ടുണ്ടു്. ഉർസുലാരാജകുമാരിയുടെ വിവാഹാർത്ഥിയായി പ



Digitized By Kerala Sahitya Akademi

റഞ്ഞയച്ച് അവനെ സൗഭാഗ്യവാനാക്കിത്തീക്കണമെന്ന ഞാൻ വിചാരിച്ചു........ഏകാന്തത ഒരിക്കലും അവനു സഹ്യമായിരുന്നില്ല. അവൻെറ ഭാൎയ്യയുടെ മരണത്തിനുശേഷം സദാ അവൻ തനിച്ചിരുന്നു ദുഃഖിക്കുകയായിരുന്നു. ഈ വിവാഹം നീണ്ട നീണ്ട സമരങ്ങൾക്കും ചിരകാലമായി നിലനിന്നുപോരുന്ന ശത്രുതകൾക്കും ഒരന്ത്യവിരാമം ഇട്ടമായിരുന്നു....അതങ്ങനെ ചെയ്യുന്നമെന്ന് അവൻ നിശ്ചയിച്ചില്ല. അവനെങ്ങനെ തീരുമാനിച്ചോ അതുപോലെതന്നെയാകട്ടെ....വിധിയുടെ വഴിയിൽ കരുതിക്കൂട്ടി ഞാനൊരിക്കലും ഒരു പ്രതിബന്ധമായി നിന്നിട്ടില്ല. അവൻെറ ഭാവി എന്നേക്കാൾ നന്നായിട്ടവനാണറിവ്. ഉദ്ദേശശൂന്യങ്ങളായ സംഭവങ്ങൾ എന്നൊരു കാൎയ്യംതന്നെ, ഒരുപക്ഷേ, ഇല്ലെന്നു വരാം.

ജെനെവീവ്

അവൻ എല്ലായ്പോഴും അതിബുദ്ധിമാനും, വലിയ ഗൗരവക്കാരനും, നല്ല മനക്കരുത്തുള്ളവനുമായിരുന്നു....പെല്ലീസായിരുന്നെങ്കിൽ എനിക്കു മനസ്സിലാക്കാം. പക്ഷേ അവൻ.... അതും, അവൻെറ പ്രായത്തിൽ....ആട്ടെ, ഒന്നാലോചിച്ചുനോക്കൂ, ആരെയാണവൻ നമ്മുടെ കൂട്ടത്തിലേക്കു കൊണ്ടുവരാൻ പോകുന്നത്? —നിരത്തുവക്കിൽനിന്നു തൂക്കിയെടുത്ത ഒരപരിചിതജീവി! അവൻെറ ഭാൎയ്യയുടെ മരണത്തിൻശേഷം അവൻെറ മകന്, കൊച്ചു 'നിയോൾഡി'നു, വേണ്ടി മാത്രമാണ് അവൻ ജീവിച്ചുപോന്നത്; വീണ്ടും വിവാഹം കഴിക്കുന്ന കാൎയ്യത്തിൽ അവൻ ഞെരുങ്ങിപ്പിടിച്ചോന്നു മൂളിയതുതന്നെ നിങ്ങൾ അതാഗ്രഹിച്ചതുകൊണ്ടു മാത്രമാണ്........എന്നിട്ടിപ്പോൾ....കാട്ടിൽനിന്നു കിട്ടിയ ഒരു കൊച്ചുപെൺകിടാവ്.... അവൻ എല്ലാം മറന്നുപോയിരിക്കുന്നു....നാമിനി എന്തു ചെയ്യാനാണ്?



Digitized By Kerala Sahitya Akademi

ആർക്കേൽ

ആരാണാ അകത്തേയ്ക്കു വരുന്നത്?

ജെനെവീവ്

അതു പെല്ലീസാണ്. അവൻ കരഞ്ഞുകൊണ്ടിരിക്കയായിരുന്നു.

ആർക്കേൽ

അതു നീയാണോ പെല്ലീസേ? കുറച്ചുകൂടി അടുത്തു വരൂ, എനിക്കു നിന്നെ വെളിച്ചത്തു കാണാൻ സാധിക്കുമല്ലോ....

പെല്ലീസ്

ജ്യേഷ്ഠന്റെ കത്തിനോടൊപ്പംതന്നെ എനിക്കു മറെറാരെഴുത്തുകൂടി കിട്ടി—എന്റെ സ്നേഹിതൻ മാഴ്സെലസിന്റെ അടുത്തുനിന്നും ഒരെഴുത്ത്. അയാൾ മരിക്കാറായി; എന്നോടയാൾ ചെല്ലാൻ പറയുന്നു. മരിക്കുന്നതിനുമുൻപ് എന്നെയൊന്നു കണ്ടാൽ കൊള്ളാമെന്ന് അയാൾക്കു മോഹമുണ്ട്.

ആർക്കേൽ

നിന്റെ ജ്യേഷ്ഠൻ മടങ്ങിവരികയല്ലേ.....അതിനുമുമ്പു നീ പോകാനാഗ്രഹിക്കുന്നോ?—നിന്റെ സ്നേഹിതൻ, പക്ഷേ, അയാൾ വിചാരിക്കുന്നപോലെ അത്ര കലശലായ ദീനത്തിലൊന്നുമായിരിക്കില്ല.

പെല്ലീസ്

അയാളുടെ കത്തിൽ ഓരോ വാചകങ്ങൾക്കിടയിലും മരണം തങ്ങിനില്ക്കുന്നുണ്ട്—അത്രപരിതാപമയമാണാ എഴുത്ത്.... എന്നു മരിക്കുമെന്നുപോലും തനിക്കു സൂക്ഷ്മമായറിയാമെന്ന് അയാൾ പറയുന്നു. എനിക്കങ്ങനെ ഉദ്ദേശമുണ്ടെങ്കിൽ അയാളുടെ അപേക്ഷയെ ഉല്ലംഘിക്കാൻ കഴിയുമെന്നും; പക്ഷേ പാഴാക്കിക്കളയാൻ സമയമില്ലെന്നുമാണയാൾ പറയുന്നത്.........



Digitized By Kerala Sahitya Akademi

വളരെ ദീർഘിച്ച ഒരു യാത്രയാണ്; ഞാൻ ഗോലാഡിൻെറ തിരിച്ചുവരവു കാക്കുകയാണെങ്കിൽ, വളരെ വൈകിപ്പോകും.....

ആർക്കൽ

എന്നിരുന്നാലും അല്പം കാക്കുകയാണ് ഭംഗി. നമുക്കു പറയാൻ സാധിക്കില്ല ഈ കുടിവെയ്പു് നമുക്കായി വട്ടംകൂട്ടുന്നതെന്താണെന്നു്. അതിനെല്ലാംപുറമെ, നിൻെറ അച്ഛൻ, ഇവിടെ നിൻെറ കൺമുമ്പിൽത്തന്നെ, നിൻെറ സ്നേഹിതനേക്കാൾ ആപല്ക്കരമായ നിലയിൽ ദീനംപിടിച്ചു കിടപ്പല്ലേ? അച്ഛൻെറയും സ്നേഹിതൻെറയും ഇടയിൽ ഒരു തെരഞ്ഞെടുപ്പുനടത്താൻ നിനക്കു സാധിക്കുമോ?

(പോകുന്നു.)

ജെനെവീവ്

ഇന്നു വൈകുന്നേരംതന്നെ തീർച്ചയായും വിളക്കു കൊളുത്തിയിരിക്കണം, കേട്ടോ, പെല്ലീസ്...............

[രണ്ടുപേരും രണ്ടു വഴിയായി പോകുന്നു]

## രംഗം നാലു്

കൊട്ടാരത്തിൻെറ മുമ്പിൽ

[ജെനെവീവും മെലിസാന്ദയും പ്രവേശിക്കുന്നു.]

മെലിസാന്ദ

ഉദ്യാനങ്ങളിലെല്ലാം ഇരുട്ടാണു്. പിന്നെ....എന്തു വലിയ കാടുകൾ! കൊട്ടാരത്തിനു ചുററുമായി നാലുവശത്തും പരന്നു കിടക്കുന്ന എന്തുവലിയ കാടുകൾ!

ജെനെവീവ്

അതെ; ആദ്യമായി ഞാനിവിടെ വന്നപ്പോൾ അതെന്നെ അത്ഭുതപ്പെടുത്തി. എല്ലാവരേയും അത്ഭുതപ്പെടുത്തുന്നു. ഒരാൾ ഒരിക്കലും സൂര്യനെക്കാണാത്ത സ്ഥലങ്ങളുണ്ടു്. പക്ഷേ ഒരാൾ



Digitized By Kerala Sahitya Akademi

ഇതിനോടെല്ലാം എളുപ്പത്തിൽ പരിചയപ്പെട്ടുപോകുന്നു........ അതു വളരെ നാൾക്കു മുമ്പാണ്....ഞാനിവിടെ താമസം തുടങ്ങിയിട്ട് ഏതാണ്ടു നാല്പതുകൊല്ലത്തോളമായി....മറേറവഴിക്കു പോകൂ, നിനക്കു സമുദ്രത്തിലെ വെളിച്ചം കിട്ടും...........

മെലിസാന്ദ

ഞാൻ താഴെ ഒരു ശബ്ദം കേൾക്കുന്നു.

ജെനെവീവ്

അതേ; ആരോ ഒരാൾ നമ്മുടെ അടുത്തേക്കു കയറിവരുന്നുണ്ട്.....ങ് ആ! അതു പെല്ലീസാണ്. ഏറെനേരം നിനക്കുവേണ്ടി കാത്തുനിന്നതിനാൽ അവൻ വല്ലാതെ ക്ഷീണിച്ചിരിക്കുന്നപോലെ തോന്നുന്നു........

മെലിസാന്ദ

അദ്ദേഹം ഇപ്പോഴും നമ്മെ കണ്ടിട്ടില്ല.

ജെനെവീവ്

അവൻ നമ്മെ കണ്ടുകഴിഞ്ഞു. പക്ഷേ എന്തു ചെയ്യണമെന്നു ശരിക്കവനറിഞ്ഞുകൂടാഞ്ഞിട്ടാണെന്നാണ് എനിക്കു തോന്നുന്നത്........പെല്ലീസേ! പെല്ലീസേ!—നീയാണോ അത്?

പെല്ലീസ്

അതേ!........ഞാൻ കടലിൻെറ അടുത്തേക്കു വരികയായിരുന്നു...........

ജെനെവീവ്

ഞങ്ങളും അങ്ങനെതന്നെ; വെളിച്ചം തേടിവരികയായിരുന്നു ഞങ്ങൾ. മററുഭാഗങ്ങളിലേക്കാൾ ഇവിടെ അല്പമൊരു പ്രകാശം കൂടുതലുണ്ട്. പക്ഷേ കടൽ ഇരുളടഞ്ഞിരിക്കുന്നു.

പെല്ലീസ്

ഇന്നു രാത്രി ഒരു കൊടുങ്കാററുണ്ടാകും. കുറച്ചുനാളായി നിത്യവും രാത്രി ഒന്നുണ്ടാകാറുണ്ട്. എന്നിരുന്നാലും, എന്തൊ



Digitized By Kerala Sahitya Akademi

ത ശാന്തതയാണിപ്പോൾ.!.........സ്ഥിതിഗതികളെക്കുറിച്ചുള്ള അജ്ഞതകൊണ്ട്, ഇവിടെനിന്നു തിരിച്ചുപോകേണ്ടെന്നുപോലും ഒരാൾ പറഞ്ഞുപോയേയ്ക്കും........

മെലിസാന്ദ

അതാ, എന്തോ ഒന്നു തുറമുഖംവിട്ട് അങ്ങനെ നീങ്ങി നീങ്ങി പോകുന്നുണ്ടല്ലോ............

പെല്ലീസ്

അതൊരു വലിയ കപ്പലായിരിക്കണം. അതിന്റെ വിളക്കുകൾ വളരെ ഉയരത്തിലാണ്....അതാ ആ ദീപക്കൂട്ടത്തിലേയ്ക്കു നീങ്ങിക്കയറേണ്ട താമസമേയുള്ളു—നമുക്കിപ്പോൾ കാണാൻ സാധിക്കും ആ കപ്പൽ............

ജെനെവീവ്

അതു നമുക്കു കാണാൻ തരപ്പെടുമോ എന്തോ!........എനിക്കറിഞ്ഞുകൂടാ....കടലിൽ ഇപ്പോഴും ഒരു മൂടൽമഞ്ഞുണ്ട്....

പെല്ലീസ്

മൂടൽമഞ്ഞു ക്രമേണയങ്ങനെ കൂടിക്കൂടി വരികയാണെന്നു തോന്നുന്നു........

മെലിസാന്ദ

അതേ; ഞാൻ ഇതുവരെ കാണാത്ത ഒരു വെളിച്ചം അതാ അവിടെ കാണുന്നുണ്ട്........

പെല്ലീസ്

അതു് ഒരു ദീപസ്തംഭത്തിൽനിന്നാണ്....നമുക്കിപ്പോഴും കാണാൻ കഴിയാത്തവ വേറേയുമുണ്ട്.

മെലിസാന്ദ

കപ്പൽ വെളിച്ചത്താണ്....അതാ, അതു വളരെ അകലത്തെത്തിക്കഴിഞ്ഞിരിക്കുന്നു.



Digitized By Kerala Sahitya Akademi

പെല്ലീസ്

അതൊരു വിദേശക്കപ്പലാണ്....നമുക്കുള്ളതിനേക്കാളെല്ലാം വലിപ്പമുള്ളതാണെന്നു തോന്നുന്നു........

മെലിസാന്ദ

എന്നെ ഇവിടെ കൊണ്ടുവന്നു വിട്ട കപ്പലാണത്.

പെല്ലീസ്

കാററുപായ മുഴുവൻ വിടുർത്തിപ്പിടിച്ച് അതങ്ങനെ പാഞ്ഞുപോവുകയാണ്........

മെലിസാന്ദ

എന്നെ ഇവിടെ കൊണ്ടുവന്നു വിട്ട കപ്പലാണത്........ വലിയ കാററുപായകൾ അതിനുണ്ട്......അതിൻെറ കാററുപായകൾ കണ്ടാണ് ഞാനതിനെ തിരിച്ചറിയുന്നത്............

പെല്ലീസ്

ഇന്നു രാത്രി മഹാദുഃഖടംപിടിച്ചതായിരിക്കും അതിൻെറ യാത്ര. കടലിൽ വലിയ കോളിളക്കമുണ്ടാകാനിടയുണ്ട്.

മെലിസാന്ദ

പിന്നെന്തിനാണിന്നുതന്നെ അതു തുറമുഖം വിട്ടുപോകുന്നത്?....അതാ, ഇപ്പോൾ ഒരാൾക്ക് അതിനെ കഷ്ടിച്ചൊന്നു കാണാനേ ഒക്കൂ......പക്ഷേ അതു വല്ല പാറമേലോ മററോ ചെന്നടിച്ചു തകൎന്നുപോയേക്കാം........

പെല്ലീസ്

വളരെ വേഗത്തിൽ രാത്രിയായിത്തുടങ്ങുന്നു......

(നിശ്ശബ്ദത)

ജെനെവീവ്

ആരും ഇനിയൊന്നുംതന്നെ ശബ്ദിക്കാൻ ഭാവിച്ചിട്ടില്ലേ?.........നിങ്ങൾക്കിനിയൊന്നുംതന്നെയില്ലേ അന്യോന്യം സംസാരിക്കാൻ?....അകത്തേക്കു പോകാൻ സമയമായി. പെ



Digitized By Kerala Sahitya Akademi

ല്ലീസേ, മെലിസാന്ദയ്ക്കു വഴികാണിച്ചുകൊടുക്കു. എനിക്കകത്തു പോയി ഒരുനിമിഷം കൊച്ചുനിയോൾഡിനെ ഒന്നു കാണേണ്ടിയിരിക്കുന്നു.

(പോകുന്നു)

പെല്ലീസ്

കടലിനു മീതേ ഒന്നുംതന്നെ ഇനി കാണാനില്ല....

മെലിസാന്ദ

ഞാൻ വേറെയും ചില വിളക്കുകൾ കാണുന്നു.

പെല്ലീസ്

അതു് ആ മറവുള്ള ദീപസ്തംഭങ്ങളിൽനിന്നാണ്.....നീ കടലിലെ ആ ഇരമ്പം കേൾക്കുന്നോ?......കാററു കൊടുമ്പിരി കൊള്ളുന്നതാണതു്. നമുക്കീവഴിയേ ചുവട്ടിലേയ്ക്കുപോകാം..... നീ....നിന്റെ കൈ എനിക്കു തരുമോ?

മെലിസാന്ദ

നിങ്ങൾ നോക്കൂ, എന്റെ ഉള്ളംകൈ മുഴുവൻ........

പെല്ലീസ്

ഞാൻ നിന്റെ കണങ്കൈയ്ക്കു പിടിച്ചുകൊള്ളാം....കിഴുക്കാംതൂക്കാണ് വഴി.....വല്ലാത്ത ഇരുട്ടം........പക്ഷേ, നാളെ ഞാൻ പോയേയ്ക്കും........

മെലിസാന്ദ

ഓ! എന്തുകൊണ്ടാ നിങ്ങളങ്ങനെ പോകുന്നെ?

(പോകുന്നു)



Digitized By Kerala Sahitya Akademi

# രണ്ടാമങ്കം

## രംഗം ഒന്ന്

### ഉദ്യാനമണ്ഡപത്തിൽ ഒരു നീരുറവ്.

[പെല്ലീസും മെലിസാന്ദയും പ്രവേശിക്കുന്നു.]

പെല്ലീസ്

നിനക്കറിഞ്ഞുകൂടാ എവിടെയാണ് ഞാൻ നിന്നെക്കൊണ്ടുവന്നിട്ടുള്ളതെന്ന്. മദ്ധ്യാഹ്നത്തോടടുപ്പിച്ച്, ഉദ്യാനങ്ങളിൽ വല്ലാത്ത ചൂടുതുടങ്ങുമ്പോൾ, സാധാരണയായി ഞാൻ ഇവിടെ വന്നിരിക്കുക പതിവാണ്. ശ്വാസം മുട്ടിക്കുന്ന ഒരു കാററാണിന്ന്—മരങ്ങളുടെ തണലിൽപ്പോലും!

മെലിസാന്ദ

ഓ! നല്ല തെളിഞ്ഞ വെള്ളമാണിതിലെ....

പെല്ലീസ്

ശീതകാലത്തെപ്പോലെ തണുത്തതും. ഇതാരും തിരിഞ്ഞുനോക്കാതിട്ടിരുന്ന കാലപ്പഴക്കമുള്ള ഒരു കിണറാണ്. എല്ലാവരും പറയുന്നു, ഒരുകാലത്ത് ഇതൊരു മാന്ത്രികശക്തിയുള്ള നീരുറവായിരുന്നെന്ന്. ഇതിലെ വെള്ളം അന്ധന്മാരുടെ കണ്ണുകൾക്കു കാഴ്ചശക്തി കൊടുത്തിരുന്നുവത്രേ. 'കുരുടന്മാരുടെ കിണറ്' എന്നാണിന്നും ഇതിനെ വിളിച്ചുവരുന്നത്.

മെലിസാന്ദ

ഇപ്പോഴൊന്നും ഇതു കുരുടന്മാരുടെ കണ്ണു തുറപ്പിക്കാറില്ലേ?



Digitized By Kerala Sahitya Akademi

പെല്ലീസും മെലിസാന്ദയും

പെല്ലീസ്

ഇപ്പോൾ രാജാവുതന്നെ മുക്കാലും അന്ധനായിത്തീന്നിരി ക്കകൊണ്ടു് ആരും ഇതിനടുത്തു വരുന്നില്ല........

മെലിസാന്ദ

ഇവിടം എത്ര വിജനമായിരിക്കുന്നു....ഒരിടത്തും ഒരു ശ ബ്ദംപോലും കേൾക്കുന്നില്ല.

പെല്ലീസ്

എല്ലായ്പ്പോഴും അത്ഭുതകരമായ ഒരു നിശ്ശബ്ദത. വെള്ളം ഉ റങ്ങുന്നതു കേൾക്കുമ്പോലെ ഒരുവനു തോന്നിപ്പോകുന്നു. ചു റ്റും സ്ഫടികഭിത്തിയോടുകൂടിയ ഈ ജലാശയത്തിൻെറ വക്ക ത്തിരിക്കുവാൻ നീ ഇഷ്ടപ്പെടുന്നോ? സൂര്യരശ്മികൾ ഒരിക്കലും അരിച്ചിറങ്ങാത്ത ഒരു നാരകവൃക്ഷമുണ്ടു്........

മെലിസാന്ദ

ഞാൻ സ്ഫടികംകൊണ്ടുള്ള ഈ മതിലിന്മേൽ കിടക്കാൻ പോവുകയാണ് — വെള്ളത്തിൻെറ അടിത്തട്ടു കാണാൻ ഞാൻ ഇഷ്ടപ്പെടുന്നു.........

പെല്ലീസ്

അതിതുവരെ ഒരിക്കലും കാണപ്പെട്ടില്ല. ഒരുപക്ഷേ അ തു സമുദ്രത്തെപ്പോലെ അഗാധമായിരിക്കാം. ആക്കമറിഞ്ഞുകൂ ടാ എവിടെനിന്നാണ് ഈ ജലം ഉറഞ്ഞുവരുന്നതെന്ന്......പ ക്ഷേ, ഭൂമിയുടെ അടിത്തട്ടുകളിൽനിന്നായിരിക്കാം.........

മെലിസാന്ദ

അടിത്തട്ടിൽ വല്ലതുമൊന്നു കിടന്നു തിളങ്ങുന്നുണ്ടെങ്കിൽ ഒരുവനു പക്ഷേ അതു കാണ്മാൻ സാധിച്ചേക്കും........

പെല്ലീസ്

മീതേ അത്രത്തോളം ചായരുതു്........



Digitized By Kerala Sahitya Akademi

മെലിസാന്ദ

ആ വെള്ളമൊന്നു തൊടണം, എനിക്ക്........

പെല്ലീസ്

വഴുതാതെ സൂക്ഷിച്ചുകൊള്ളണേ!.....ഞാൻ നിൻെറ കൈക്കു പിടിക്കാം........

മെലിസാന്ദ

രണ്ടു കൈയും എനിക്കു മുക്കണം....ഇന്നെൻെറ കൈക്ക്, എന്തോ, സുഖമില്ലാത്തപോലെ തോന്നുന്നു........

പെല്ലീസ്

ഓ! ഓ! സൂക്ഷിക്കണേ! സൂക്ഷിക്കണേ! മെലിസാന്ദേ!.,.... ഓ!....നിൻെറ തലമുടി!........

മെലിസാന്ദ

(സ്വയം നിവർന്നുനിന്നിട്ട്)

എനിക്കു കഴിയില്ല; അതു തൊടാനെനിക്കു സാദ്ധ്യമല്ല....

പെല്ലീസ്

നിൻെറ തലമുടി വെള്ളത്തിൽ മുങ്ങിപ്പോയി....

മെലിസാന്ദ

അതേ, അതേ; അതിനെൻെറ കൈകളേക്കാൾ നീളമുണ്ട്....അ[illegible]ക്കാൾ നീളമുള്ളതാണ്........

(നിശ്ശബ്ദത)

പെല്ലീസ്

ഇ[illegible]ള മററൊരു നീരുറവിനടുത്തുവെച്ചാണ് അദ്ദേഹം നി[illegible]ണ്ടുമുട്ടിയതല്ലേ?........

മെലിസാന്ദ

അ[illegible]

പെല്ലീസ്

അ[illegible]ന്നോടെന്തു പറഞ്ഞു?



Digitized By Kerala Sahitya Akademi

മെലിസാന്ദ

ഒന്നുമില്ല;—ഞാൻ ഓക്കുന്നില്ല........

പെല്ലീസ്

അദ്ദേഹം നിന്റെ വളരെ അടുത്തായിരുന്നോ?

മെലിസാന്ദ

അതേ; അദ്ദേഹം എന്നെ ചുംബിക്കുവാൻ ആവശ്യപ്പെട്ടു.

പെല്ലീസ്

നീയാകട്ടെ, അനുവദിക്കയുമില്ല?

മെലിസാന്ദ

ഇല്ല.

പെല്ലീസ്

എന്തുകൊണ്ടില്ല?

മെലിസാന്ദ

ഓ! ഓ! വെള്ളത്തിന്റെ അടിത്തട്ടിൽ എന്തോ ഒന്നു നീങ്ങി മറയുന്നതു ഞാൻ കാണുകയുണ്ടായി........

പെല്ലീസ്

സൂക്ഷിക്കണേ! സൂക്ഷിക്കണേ! നീ അകത്തു വീണുപോകും! എന്തോ ഒന്നു നീ കൈയിലിട്ടു കളിക്കുന്നുണ്ടല്ലോ; എന്താണതു്?

മെലിസാന്ദ

അദ്ദേഹം എനിക്കു തന്ന മോതിരം........

പെല്ലീസ്

സൂക്ഷിക്കണേ! നീയതു കളഞ്ഞേക്കും........

മെലിസാന്ദ

ഇല്ല, ഇല്ല. എന്റെ കൈയിന്റെ നില എനിക്കു നല്ല നിശ്ചയമുണ്ട്........



Digitized By Kerala Sahitya Akademi

പെല്ലീസ്

അങ്ങനെ കളിക്കല്ലേ, അത്ര അഗാധമായ ജലത്തിന്നു മീതേ!........

മെലിസാന്ദ

എന്റെ കൈയ്ക്കു നല്ല വഴക്കമുണ്ട്. ഒരിക്കലും പിടി തെററില്ല........

പെല്ലീസ്

സൂര്യപ്രഭയിൽ അതെങ്ങനെ വെട്ടിത്തിളങ്ങുന്നു! അത്ര പൊക്കത്തിൽ അതു് ആകാശത്തേയ്ക്കങ്ങനെ എറിയല്ലേ!........

മെലിസാന്ദ

ഓ!........

പെല്ലീസ്

അതു വീണുപോയോ?

മെലിസാന്ദ

അതു വീണുപോയി....വെള്ളത്തിൽ........

പെല്ലീസ്

എവിടെയാണതു്?

മെലിസാന്ദ

എനിക്കതു കീഴോട്ടു പോകുന്നതു കാണാനൊക്കുന്നില്ല....

പെല്ലീസ്

അതാ, അതാണവിടെ ആ മിന്നുന്നതെന്നു തോന്നുന്നു........

മെലിസാന്ദ

എന്റെ മോതിരം?

പെല്ലീസ്

അതെ, അതെ, അതാ അവിടെ........

മെലിസാന്ദ

ഓ! ഓ! അതു നമ്മിൽനിന്നും വളരെ അകലത്താണ്.... അല്ല, അല്ല, അങ്ങനെയല്ലതു്....അതു നഷ്ടപ്പെട്ടു....നഷ്ടപ്പെട്ടു..



Digitized By Kerala Sahitya Akademi

പെല്ലീസും മെലിസാന്ദയും

വെള്ളത്തിനുമീതെ ഒരു വലിയ വൃത്തമല്ലാതെ യാതൊന്നും ബാക്കി നിൽക്കുന്നില്ല....എന്താ നാം ചെയ്യുക? നാമിപ്പോളിനി എന്തു ചെയ്യും?........

പെല്ലീസ്

ഒരു മോതിരത്തെസ്സംബന്ധിച്ചു നീയിത്രമാത്രം അസ്വസ്ഥയാവരുത്....സാരമില്ല....പക്ഷേ, വീണ്ടും നമുക്കതു കണ്ടെത്താൻ കഴിഞ്ഞേക്കും. അല്ലെങ്കിൽ വേറൊന്നു നമുക്കു കണ്ടുപിടിക്കാം.

മെലിസാന്ദ

ഇല്ലില്ല....ഇനിയൊരിക്കലും നാമതു കണ്ടെത്തുകയില്ല; അതുപോലുള്ള മററൊന്ന് ഒരിക്കലും നമുക്കൊട്ടു കിട്ടുകയുമില്ല....ഞാൻ കരുതി അതെൻെറ കൈയിൽത്തന്നെ ഞാൻ പിടിച്ചു എന്ന്....ഞാനെൻെറ കൈവിരലെല്ലാം മുറുക്കി അടച്ചുപിടിച്ചു;—അങ്ങനെയെല്ലാമായിട്ടും അതു വീണുപോയി. ഞാനതു സൂര്യൻെറനേക്കു വളരെ പൊക്കത്തിൽ എറിഞ്ഞു.

പെല്ലീസ്

വരൂ, വരൂ, നമുക്ക് ഇനിയൊരു ദിവസം വീണ്ടും വരാം....വരൂ, നേരമായി. നമ്മെ കണ്ടുപിടിക്കാൻ അവരിപ്പോൾ ഇങ്ങോട്ടു വരുന്നുണ്ടാവും. മോതിരം വീണപ്പോൾ ഉച്ചമണി അടിക്കുകയായിരുന്നു.

മെലിസാന്ദ

ഗോളാഡിനോടു നാം എന്തു പറയും, അതെവിടെ എന്നു ചോദിച്ചാൽ?........

പെല്ലീസ്

സത്യം—സത്യം—സത്യം........

[പോകുന്നു]



Digitized By Kerala Sahitya Akademi

## രംഗം രണ്ട്

### കൊട്ടാരത്തിൽ ഒരു മുറി

[തൻെറ മഞ്ചത്തിൽ ശയിച്ചുകൊണ്ടിരിക്കുന്നമട്ടിൽ ഗോളാഡ് പ്രത്യക്ഷപ്പെടുന്നു; മെലിസാന്ദ കിടക്കയ്ക്കരികെയാണ്.]

ഗോളാഡ്

ആ! ആ! എല്ലാം വേണ്ടപോലെതന്നെ അങ്ങനെ കഴിഞ്ഞുകൂടുന്നു; അതൊരിക്കലും ഗൗരവമുള്ള സംഗതിയായിത്തീരില്ല. പക്ഷേ, അതെങ്ങനെ സംഭവിച്ചുവെന്നു വിവരിക്കാൻ എനിക്കു സാദ്ധ്യമല്ല. ഞാൻ വനത്തിൽ നിർബാധം വേട്ടയാടുകയായിരുന്നു. യാതൊരു കാരണവുംകൂടാതെ എൻെറ കുതിരയുണ്ട് എടുത്തൊരു ചാട്ടം. അവൻ അസാധാരണമായിട്ടെന്തെങ്കിലും കണ്ടോ?....അതേസമയത്തു മണി പന്ത്രണ്ടടിക്കുന്നതു ഞാൻ എണ്ണിക്കൊണ്ടിരിക്കയായിരുന്നു....പന്ത്രണ്ടാമത്തെ കൊട്ടലിൽ അവൻ പേടിച്ചരണ്ട്, കണ്ണുകാണാത്തതും പേപിടിച്ചതുമായ ഒന്നിനെപ്പോലെ ഓടിപ്പാഞ്ഞു, ഒരു കൂററൻ മരത്തിന്മേൽച്ചെന്നൊരടി!....ഞാൻ പിന്നെ ഒന്നും കേട്ടില്ല. എന്തു സംഭവിച്ചുവെന്നും എനിക്കറിഞ്ഞുകൂടാ. ഞാൻ വീണു; അവൻ എൻെറ മീതേയും വീണിരിക്കണം. ആ കാടാകമാനം എൻെറ നെഞ്ഞത്തു് അമന്നിരിക്കുകയാണെന്ന് എനിക്കു തോന്നി. എൻെറ ചങ്ക് തകന്നു തവിടായിപ്പോയെന്നു ഞാൻ കരുതി. പക്ഷേ നല്ല കട്ടപ്പമുള്ളതാണ് എൻെറ മാർത്തട്ട്....അതു വലിയ ഗൗരവമുള്ള കാര്യംപോലെ തോന്നുന്നില്ല........

മെലിസാന്ദ

അല്പം വെള്ളം കുടിക്കാൻ അങ്ങു ഇഷ്ടപ്പെടുന്നോ?



Digitized By Kerala Sahitya Akademi

ഗോളാഡ്

നിനക്കു നന്ദി; നിനക്കു നന്ദി. എനിക്കു ദാഹിക്കുന്നില്ല.

മെലിസാന്ദ

വേറൊരു തലയണ അങ്ങ് ഇഷ്ടപ്പെടുന്നോ?....ഇതാ, ഇതിന്മേൽ ലേശമൊരു രക്തത്തിൻെറ പാടുണ്ട്.

ഗോളാഡ്

വേണ്ട, വേണ്ട! അതൊന്നും സാരമില്ല. ഇതാ ഇപ്പോൾ ദേ ഈ ചുണ്ടിൻെറ ഇവിടന്ന് അല്പം ചോര പൊടിച്ചു. പക്ഷേ, ഇനിയും അതാവർത്തിച്ചേയ്ക്കാം.........

മെലിസാന്ദ

അങ്ങേയ്ക്കു നല്ല നിശ്ചയമുണ്ടോ?....വലിയ വേദന വല്ലതും തോന്നുന്നോ?

ഗോളാഡ്

ഇല്ല, ഇല്ല. ഇതൊന്നും സാരമില്ല. ഇതിനേക്കാളൊക്കെ ദുർഘടംപിടിച്ച എന്തെല്ലാം ഞാൻ കടന്നുപോന്നിരിക്കുന്നു! രക്തത്തിനോടും ഉരുക്കിനോടും ഞാൻ പരുവപ്പെട്ടവനായിരിക്കയാണ്. ഒരു കൊച്ചു കുഞ്ഞിൻേറതൊന്നുമല്ല ഈ എല്ലുകൾ....നീ ഒട്ടുംതന്നെ കുണ്ഠിതപ്പെടേണ്ടതായില്ല........

മെലിസാന്ദ

കണ്ണടച്ചുപിടിച്ച് അങ്ങൊന്നുറങ്ങാൻ ശ്രമിക്കൂ....ഞാൻ രാത്രി മുഴുവൻ ഇവിടെ ഇരുന്നുകൊള്ളാം.

ഗോളാഡ്

വേണ്ട, വേണ്ട! നിന്നെ ഞാനങ്ങനെ ബുദ്ധിമുട്ടിക്കില്ല. ഒന്നും എനിക്കാവശ്യപ്പെടേണ്ടിവരില്ല. ഞാൻ ഒരു കുഞ്ഞിനെപ്പോലെ കിടന്നുറങ്ങിക്കൊള്ളാം....എന്താണിതു മെലിസാന്ദേ?—എന്താണ് നീ പെട്ടെന്നിങ്ങനെ കരയുന്നത്?



Digitized By Kerala Sahitya Akademi

മെലിസാന്ദ

(പൊട്ടിക്കരഞ്ഞുകൊണ്ട്)

ഞാൻ....ഞാനും സുഖമില്ലാത്തവളാണ്!

ഗോളാഡ്

നിനക്കും സുഖമില്ലേ? എന്താണ് നിന്നെ വേദനിപ്പിക്കുന്നത്? മെലിസാന്ദേ, നിന്നെ വേദനിപ്പിക്കുന്നതെന്താണ്?

മെലിസാന്ദ

എനിക്കറിഞ്ഞുകൂടാ....എനിക്കിവിടെ അസുഖം തോന്നുന്നു....അങ്ങയോട് ഇന്നു ഞാനതങ്ങു പറഞ്ഞുകളയാം; പ്രഭോ, ഞാൻ ഇവിടെ സന്തുഷ്ടയല്ല........

ഗോളാഡ്

എന്തുകൊണ്ട്? എന്തു സംഭവിച്ചു മെലിസാന്ദേ? എന്താണ് സംഗതി?....യാതൊരു സംശയവുമില്ലാതിരുന്ന ഞാൻ.... എന്തിന്....എന്തു സംഭവിച്ചു? ആരെങ്കിലും നിന്നോടു രസമില്ലാത്ത മട്ടിൽ പെരുമാറിയോ?....നിന്നെ ആരെങ്കിലും ഉപദ്രവിക്കയുണ്ടായോ?

മെലിസാന്ദ

ഇല്ല, ഇല്ല; ആരും....ഒരാളെങ്കിലും എന്നോടു ലേശം പോലും തെററു കാണിച്ചിട്ടില്ല....അതല്ല....അതല്ല....പക്ഷേ.... പക്ഷേ, ഇനി അരനിമിഷംപോലും എനിക്കിവിടെ താമസിക്കുക സാദ്ധ്യമല്ല....എന്തുകൊണ്ടാണെന്ന് എനിക്കറിഞ്ഞുകൂടാ....ഇവിടെനിന്നു പോകാൻ ഞാനാശിക്കുന്നു....പോകാൻ ....ഇനിയും ഇവിടെയിങ്ങനെ താമസിച്ചാൽ....ഞാൻ മരിച്ചുപോകും........

ഗോളാഡ്

പക്ഷേ, എന്തെങ്കിലും സംഭവിച്ചിരിക്കണം. നീ എന്തോ എന്നിൽനിന്നു മറച്ചുവെയ്ക്കുകയാണ്; എന്താ, അല്ലേ?



Digitized By Kerala Sahitya Akademi

വാസ്തവം മുഴുവൻ എന്നോടു തുറന്നുപറയൂ, മെലിസാന്ദേ!.... രാജാവാണോ?.....എന്റെ അമ്മയാണോ?....പെല്ലീസാണോ?

മെലിസാന്ദ

അല്ലല്ല; പെല്ലീസല്ല; ആരുമല്ല; അങ്ങേയ്ക്ക് എന്നെ മനസ്സിലാക്കാൻ കഴികയില്ല....

ഗോലാഡ്

എന്തുകൊണ്ടെനിക്ക മനസ്സിലാക്കിക്കൂടാ?....നീയെന്നോടൊന്നും പറയില്ലെങ്കിൽ, നിനക്കവേണ്ടി എനിക്ക പിന്നെന്തു ചെയ്യാൻ കഴിയും?....എന്നോടെല്ലാം തുറന്നു പറയൂ; ഞാനെല്ലാം മനസ്സിലാക്കിക്കൊള്ളാം.

മെലിസാന്ദ

എന്താണതെന്ന് എനിക്കതന്നെ അറിഞ്ഞുകൂടാ....അതെന്താ...ന്നു ഞാൻതന്നെ ശരിയായറിയുന്നില്ല. നിങ്ങളോടു പറയാൻ എനിക്ക കഴിവുണ്ടായിരുന്നെങ്കിൽ ഞാനങ്ങനെ ചെയ്തേനേ....എന്നേക്കാൾ ശക്തിയേറിയ എന്തോ ആണത്........

ഗോലാഡ്

വരൂ; പറയുന്നതു കേൾക്കൂ മെലിസാന്ദേ!—ഞാൻ നിനക്കവേണ്ടി എന്തു ചെയ്യണം?—നീയൊരു കൊച്ചുകുഞ്ഞുംമറ്റൊന്നുമല്ല—എന്നെയാണോ നീ വിട്ടുപിരിയാൻ ആഗ്രഹിക്കുന്നത്?

മെലിസാന്ദ

ഓ! അല്ല, അല്ല. അതല്ല....ഞാൻ ഇവിടെനിന്നു പോകാൻ ഇഷ്ടപ്പെടുന്നു; പക്ഷേ അത് അങ്ങയോടൊന്നിച്ചാണ്.... ഇവിടെയാണ് എനിക്കിനി താമസിക്കാൻ സാധിക്കാത്തത്! എനിക്കൊരു തോന്നൽ—ഞാൻ ഇനി അധികനാൾ ജീവിച്ചിരിക്കയില്ലെന്ന്!



Digitized By Kerala Sahitya Akademi

ഗോലൗഡ്

പക്ഷേ, എങ്ങനെയെല്ലാമായിരുന്നാലും, എന്തെങ്കിലു മൊരു കാരണം കാണണം. അവർ വിചാരിക്കും നിനക്കു ഭ്രാന്താണെന്ന്. നിന്നിൽ അവർ ബാലിശസ്വപ്നങ്ങൾ ആരോപിക്കും.....പക്ഷേ, കൂട്ടേ, എന്തെങ്കിലും സംഗതിവശാൽ അതു പെല്ലീസാണോ? അവൻ കൂടക്കൂടെ നിന്നോടു സംസാരിക്കുന്നില്ലെന്നു് എനിക്കു തോന്നുന്നു........

മെലിസാന്ദ

അതെ, അതെ. അദ്ദേഹം വല്ലപ്പോഴുമൊന്നു് എന്നോടെ ന്തെങ്കിലും സംസാരിക്കും....അദ്ദേഹത്തിന്നു് എന്നോടിഷ്ടമില്ലെന്നു തോന്നുന്നു....അദ്ദേഹത്തിന്റെ കണ്ണുകളിൽ ഞാനതു കണ്ടിട്ടുണ്ടു്....പക്ഷേ, എന്നെ കണ്ടുമുട്ടുന്ന സന്ദർഭങ്ങളിലെല്ലാം എന്തെങ്കിലും എന്നോടദ്ദേഹം സംസാരിക്കാതിരിക്കാറില്ല........

ഗോലൗഡ്

നീയതു തെററിദ്ധരിക്കരുതു്. അതവന്റെ സ്വഭാവമാ........അവൻ എപ്പോഴും അങ്ങനെതന്നെയായിരുന്നു. എന്താണ്ടോരു വിചിത്രരീതിക്കാരനാണു് പുള്ളി. പോരെങ്കിൽ ഇപ്പോഴാകട്ടെ, അവന്റെ മനസ്സിന്നു വല്ലാത്തൊരു കണ്ഠിതവും കടന്നുകൂടിയിട്ടുണ്ടു്....മരിക്കാൻ കിടക്കുന്ന ഒരു സ്നേഹിതനെ പോയിക്കാണാൻ തരപ്പെടാത്തതുകൊണ്ടു്, ഇപ്പോൾ അവന്റെ ചിന്ത മുഴുവൻ അയാളിലാണു്. അവന്റെ ഇതു മട്ടെല്ലാം മാറും; അവൻ വ്യത്യാസപ്പെടും; നിനക്കുതന്നെ കാണാം; അവൻ ചെറുപ്പമാണു്........

മെലിസാന്ദ

പക്ഷേ....അതു്....അതല്ല....അതല്ല........



Digitized By Kerala Sahitya Akademi

ഗോളാഡ്

അതു പിന്നെന്താണ്?—ഞങ്ങൾ ഇവിടെ നയിക്കുന്ന ജീവിതം നിനക്കു പിടിക്കുന്നില്ലേ? നിനക്കിവിടെ വല്ലാത്ത മുഷിവു തോന്നുന്നുണ്ടോ? കൊട്ടാരം വളരെ പഴയതും ഇരുളടഞ്ഞതുമാണ്....വളരെ തണുപ്പുള്ളതും അഗാധവുമാണ്....അതു പരമാർത്ഥംതന്നെ. ഇതിൽ ജീവിക്കുന്നവരെല്ലാം വളരെ പ്രായംചെന്നവരുമാണ്....വെളിച്ചംകടക്കാത്ത വനവീഥികളോടു കൂടിയ ഈ നാടും നിനക്കു മുഷിപ്പനായിത്തോന്നിയേക്കാം. പക്ഷേ, ഒരാൾക്കു വേണമെന്നുണ്ടെങ്കിൽ, ഇതെല്ലാം കൂടുതൽ ഉല്ലാസകരമാക്കിത്തീർക്കാൻ സാധിക്കും. പിന്നെ, ആനന്ദം, ആനന്ദം—ഒരാൾക്കു ദിവസവും മുടങ്ങാതങ്ങനെ ആനന്ദത്തെ ആലിംഗനം ചെയ്യുക സാദ്ധ്യമല്ല. വസ്തുക്കളെ അവ വർത്തിക്കുന്ന ആ നിലയിൽത്തന്നെ എടുക്കണം. എന്നിരുന്നാലും, എന്നോടെന്തെങ്കിലുമൊന്നു പറയൂ. എന്തുമായിക്കൊള്ളട്ടെ, നീ ആഗ്രഹിക്കുന്നതു് എന്തും ഞാൻ ചെയ്യാം........

മെലിസാന്ദ

അതെ, അതെ; അതു പരമാർത്ഥമാണ്....ഒരാൾ ഇവിടെ ഒരിക്കലും ആകാശം കാണുന്നില്ല....ഞാൻ ഇന്നു രാവിലെ ആദ്യമായിട്ടൊന്നു കണ്ടു........

ഗോളാഡ്

അതാണോ നിന്നെ കരയിക്കുന്നതു്, എന്റെ പാവപ്പെട്ട മെലിസാന്ദേ?—അതല്ലാതെ മറ്റൊന്നുമല്ലേ?—നീ കണ്ണീർ പൊഴിക്കുന്നതു നിനക്കാകാശം കാണാൻ കഴിയാത്തതുകൊണ്ടാണോ?—വരൂ, വരൂ; അത്തരം കാര്യങ്ങളെക്കുറിച്ചു കുണ്ഠിതപ്പെട്ടു കരയാൻ ഒരാളെ ഒരുവനനുവദിക്കാവുന്ന പ്രായം നിനക്കു കഴിഞ്ഞുപോയി. പിന്നെ, ഇവിടെ ഉഷ്ണകാലമില്ലേ?—ഇതാ തുടങ്ങാറായിപ്പോയി. നിത്യവും നീ പിന്നെ ആകാശം



Digitized By Kerala Sahitya Akademi

കാണും....പിന്നെ, അടുത്ത കൊല്ലം....വരൂ, നിൻെറ കൈ എനിക്കു തരൂ; നിൻെറ ആ കൊച്ചുകൈ രണ്ടും എനിക്കിങ്ങു തരൂ! (അദ്ദേഹം അവളുടെ കൈകൾ എടുക്കുന്നു) ഓ! ഓ! പിച്ചിപ്പൂക്കളെപ്പോലെ എനിക്കു ഞെരടിഞെരിക്കാൻ സാധിക്കുന്ന ഈ കുഞ്ഞിക്കയ്യുകൾ!....ഹെന്റ്! ഞാൻ നിനക്കുതന്ന മോതിരം എവിടെ?

മെലിസാന്ദ

മോതിരമോ?

ഗോളാഡ്

അതെ; നമ്മുടെ വിവാഹമോതിരം....എവിടെയാണതു്?

മെലിസാന്ദ

എനിക്കു തോന്നുന്നു....എനിക്കു തോന്നുന്നു....അതു് എവിടേയോ ഊരിവീണുപോയെന്നു്........

ഗോളാഡ്

വീണുപോയോ?....എവിടെയാ അതു വീണുപോയേ? നീയതു കളഞ്ഞതല്ലേ?

മെലിസാന്ദ

അല്ല, അല്ല;....അതു വീണുപോയി....അതു് ഊരിവീണുപോയിരിക്കണം....പക്ഷേ എനിക്കറിയാം അതെവിടെയാണെന്നു്....

ഗോളാഡ്

എവിടെയാണതു്?

മെലിസാന്ദ

അങ്ങേയ്ക്കറിയാമല്ലോ....അങ്ങേയ്ക്കറിയാമല്ലോ....കടലിനടുത്തുള്ള ഗുഹ?

ഗോളാഡ്

അതെ........



Digitized By Kerala Sahitya Akademi

മെലിസാന്ദ

ശരി, അതവിടെയായിരുന്നു....അതവിടെ ആയിരുന്നിരി ക്കണം അതെ, അതെ; ഞാൻ ഓക്കുന്നു. കൊച്ചു നിയോൾഡിനു കക്ക പെറുക്കിയെടുക്കാൻ ഇന്നു രാവിലെ ഞാനവിടെ പോവുകയുണ്ടായി. അവിടെ നല്ല ഭംഗിയുള്ള ചിപ്പിക്കക്കകൾ ധാരാളമുണ്ട്. അതെന്റെ വിരലിൽനിന്നൂൺപോയി....അപ്പോഴുണ്ട് സമുദ്രമങ്ങനെ ആർത്തിരമ്പിക്കൊണ്ടു പാഞ്ഞുവരുന്നു. അതിനാൽ പെട്ടെന്നെനിക്ക് അവിടംവിട്ടു പോരേണ്ടിവന്നു—അതു കണ്ടുപിടിക്കുന്നതിനുമുമ്പ്!

ഗോലാഡ്

അതവിടെത്തന്നെയാണെന്നു നിനക്കു തിച്ചയുണ്ടോ?

മെലിസാന്ദ

അതേ, അതേ; നല്ല തിച്ച....അതു വിരലിൽനിന്നങ്ങനെ ഊർന്നൂർന്നിറങ്ങുന്നതുപോലും എനിക്കനുഭവപ്പെട്ടതല്ലേ!....അപ്പോഴുണ്ട്, പെട്ടെന്നൊരിരമ്പം—തിരമാലകളുടെ!....

ഗോലാഡ്

നീ ഉടൻതന്നെ പോയിനോക്കി, അതു കണ്ടുപിടിച്ചേ തീരൂ ക്കണം.

മെലിസാന്ദ

ഞാൻതന്നെ പോയി കണ്ടുപിടിച്ചെടുക്കണോ?

ഗോലാഡ്

അതേ; വേണം!

മെലിസാന്ദ

ഇപ്പോഴോ?....ഉടനെയോ?—ഈ ഇരുട്ടിലോ?

ഗോലാഡ്

ഇപ്പോൾ, ഉടൻ, ഈ ഇരുട്ടിൽ....ഉടൻതന്നെ പോയി നീയതു കണ്ടുപിടിച്ചെടുക്കണം. ആ മോതിരം നഷ്ടപ്പെടുന്നതി



Digitized By Kerala Sahitya Akademi

നേക്കാൾ, എനിക്കുള്ള മറ്റെല്ലാംതന്നെ ഞാൻ നഷ്ടപ്പെടാം. നിനക്കറിഞ്ഞുകൂടാ അതെന്താണെന്ന്. എവിടെനിന്നാണതു വരുന്നതെന്നു നിനക്കറിവില്ല; നീ ചെല്ലുന്നതിനുമുമ്പ് കടൽ ഇരച്ചാത്തുവന്ന് അതെടുത്തുകൊണ്ടുപോകും.....വേഗമാകട്ടെ.... ഉടൻതന്നെ ചെന്നു നീയതു തിരഞ്ഞുപിടിക്കണം!

മെലിസാന്ദ

എനിക്കു ധൈര്യം വരുന്നില്ല....എനിക്കു ധൈര്യം വരുന്നില്ല—തനിച്ചു പോകാൻ.......

ഗോളാഡ്

പോ, പോ....ആരുടെ കൂടെപ്പോയാലും വേണ്ടില്ല.... പക്ഷേ നീ ഉടൻതന്നെ പോണം....എന്താ, നീ കേൾക്കുന്നോ?—ഊംംം, വേഗം!......പെല്ലീസിനോടു പറയൂ നിൻെറ കൂടെ വരാൻ.......

മെലിസാന്ദ

പെല്ലീസോ?....പെല്ലീസിൻെറ കൂടെയോ?....പക്ഷേ.... പക്ഷേ, പെല്ലീസ് അതിഷ്ടപ്പെടില്ല.......

ഗോളാഡ്

നീയവനോടു പറയുന്നതെല്ലാം അവൻ ചെയ്യും. നീ അറിയുന്നതിനേക്കാൾ നന്നായിട്ടെനിക്കറിയാം പെല്ലീസിനെ!.... പോവൂ, പോവൂ!....ഒന്നു വേഗമാട്ടെ! മോതിരം കിട്ടിയിട്ടല്ലാതെ ഞാൻ ഉറങ്ങുകയില്ല.......

മെലിസാന്ദ

ഓ! ഓ! എനിക്ക് ഒരു സുഖവുമില്ല!....എനിക്ക് ഒരു സുഖവുമില്ല!.......

(കരഞ്ഞുകൊണ്ടു പോകുന്നു)



Digitized By Kerala Sahitya Akademi

# രംഗം മൂന്ന്

ഒരു ഗുഹയുടെ മുമ്പിൽ

[പെല്ലീസും മെലിസാന്ദയും പ്രവേശിക്കുന്നു]

പെല്ലീസ്

(വലിയ വികാരവിക്ഷോഭത്തോടെ സംസാരിക്കുന്നു)

അതേ, ഇതാണ് സ്ഥലം....നാം ആ സ്ഥാനത്ത് എത്തിച്ചേന്നിരിക്കുന്നു. വല്ലാത്ത ഇരുട്ട്. എല്ലാടവും ഒന്നുപോലെ ഇരുളടഞ്ഞിരിക്കുന്നതിനാൽ ഗുഹയെ വേർതിരിച്ചറിയാൻ അസാദ്ധ്യമായിരിക്കയാണ്. ആ വഴിക്കു നക്ഷത്രങ്ങളില്ല. ചന്ദ്രൻ ആ വലിയ മേഘപടലത്തെ ഛരിദ്രിച്ചുകഴിയുന്നതുവരെ നമുക്കിവിടെ കാത്തുനില്ക്കാം; അതു ഗുഹമുഴുവനും പ്രകാശിപ്പിക്കും; പിന്നീട് അപകടംകൂടാതെ അകത്തു കടക്കാൻ നമുക്കു കഴിയുകയും ചെയ്യും. വലിയ അപകടംപിടിച്ച ചില സ്ഥാനങ്ങളുണ്ട്. ഒരിക്കലും മാറെറാലി പുറപ്പെടുവിച്ചിട്ടില്ലാത്ത രണ്ടു തടാകങ്ങൾക്കിടയിൽക്കൂടെയുള്ള ഈ വഴിയാകട്ടെ വളരെ ഇടുങ്ങിയതുമാണ്. ഒരു പന്തമോ വിളക്കോ മറേറാ കൊണ്ടു പോരാമായിരുന്നു; ഞാനോത്തില്ല. പക്ഷേ ആകാശത്തെ വെളിച്ചം മതിയാവേയുള്ളുമെന്നു തോന്നുന്നു—നീ ഇതുവരെ ഒരിക്കലും ഈ ഗുഹയിൽ കടക്കുവാൻ ധൈര്യപ്പെട്ടിട്ടില്ല, ഉവ്വോ?

മെലിസാന്ദ

ഇല്ല.

പെല്ലീസ്

വരൂ, അകത്തു വരൂ!....അദ്ദേഹം നിന്നോടു ചോദിക്കുകയാണെങ്കിൽ, മോതിരം കളഞ്ഞുപോയ സ്ഥലത്തെക്കുറിച്ചു വർണ്ണിച്ചു പറയാൻ നിനക്കു സാധിക്കണം....എറെ വലിപ്പമുള്ളതും വളരെ ഭംഗിയുള്ളതുമായ ഒരു ഗുഹയാണിത്. ചെടി



Digitized By Kerala Sahitya Akademi

-കളോടും മനുഷ്യരോടും സാദൃശ്യമുള്ള കൽപ്പാറകൾ ഇവിടെ യുണ്ട്. ഇതു മുഴുവനും നീലിച്ച നിഴലുകളാൽ നിറയപ്പെട്ട താണ്. ആരും ഇതിന്റെ മറേറ അററംവരെ ഇതുവരെ പോയിട്ടില്ല. വമ്പിച്ച നിധികൾ അവിടെ ഒളിഞ്ഞുകിടക്കുന്നുണ്ടെന്നു തോന്നുന്നു. പണ്ടുകാലത്തുണ്ടായിട്ടുള്ള കപ്പൽച്ഛേദങ്ങളുടെ അവശിഷ്ടങ്ങൾ നീയവിടെക്കാണും. പക്ഷേ വഴിതെളിക്കാനൊരാളെക്കൂടാതെ ഒരാൾ അകത്തേയ്ക്കുപോകാൻ ഉദ്യമിക്കരുത്. ഒരിക്കൽ അങ്ങനെ ചിലർ പുറപ്പെടുകയുണ്ടായി. അവർ ഒരിക്കലും തിരിച്ചുവന്നിട്ടില്ല. അകത്തേയ്ക്ക് അത്ര ദൂരം തനിച്ചു പോകാൻ ഈ എനിക്കുതന്നെ ധൈര്യംപോരാ. തിരമാലകളുടേയോ ആകാശത്തിൻേറയോ വെളിച്ചം ഇനി ഒട്ടും കാണാൻ കഴിയാതാകുന്ന ആ നിമിഷത്തിൽ നമുക്കു നില്ക്കാം. അതാ, അവിടെ, ഒരാൾ ഒരു കൊച്ചു വിളക്കു കൊളുത്തുന്നു എന്നു വിചാരിക്കൂ; എങ്കിൽ, ഇതിന്റെ മേൽഭാഗം ആകാശം പോലെ, നക്ഷത്രങ്ങൾകൊണ്ടു പൊതിഞ്ഞിട്ടുള്ളതായിത്തോന്നിപ്പോകും. സ്ഫടികത്തിൻേറയും ഉപ്പിൻേറയും അംശങ്ങൾ പാറകളിൽ കലന്നിട്ടുള്ളതുകൊണ്ടാണതു് എന്നു പറയപ്പെടുന്നു....നോക്കൂ, നോക്കൂ, ആകാശം തെളിഞ്ഞുതുടങ്ങുന്ന മട്ടാണെന്നു തോന്നുന്നല്ലോ....എനിക്കു നിന്റെ കൈയിങ്ങു തരൂ; വിറയ്ക്കാതേ!....ഇങ്ങനെ വിറയ്ക്കാതേ!....ഒരപകടവുമില്ല; സമുദ്രത്തിന്റെ വെളിച്ചം കാണാൻ കഴിയാതാകുന്ന ആ നിമിഷത്തിൽ, നമുക്കങ്ങു നിന്നുകളയാം....ഗുഹയുടെ ഇരമ്പമാണോ നിന്നെ ഭയപ്പെടുത്തുന്നതു്?....അതു നിശീഥത്തിന്റെ നിസ്വനമാണ്, നിശ്ശബ്ദതയുടെ ശബ്ദം....നമുക്കു പിന്നിലുള്ള കടലിന്റെ ഇരമ്പം നീ കേൾക്കുന്നോ?—എന്തോ, ഇന്നത്തെ രാത്രി അത്ര സുഖമുള്ളതായി തോന്നുന്നില്ല....ആ; ഇതാ വെളിച്ചം!.....

[ഗുഹാമുഖവും അന്തർഭാഗത്തിന്റെ ഒരു വശവും ചന്ദ്രൻ വിപുലമായ തോതിൽ പ്രകാശിപ്പിക്കുന്നു. ഒരു നിശ്ചിതമായ താഴ്ചയിൽ



Digitized By Kerala Sahitya Akademi

## പെല്ലീസും മെലിസാന്ദയും

തമ്മിൽത്തമ്മിൽ താങ്ങിക്കൊണ്ടു മുട്ടിമുട്ടിയിരിക്കുന്ന, വെള്ളത്തലമുടിക്കാരായ, പ്രായാധിക്യമുള്ള മൂന്നു ഭിക്ഷക്കാർ പ്രത്യക്ഷപ്പെടുന്നു.]

മെലിസാന്ദ

ആ!........

പെല്ലീസ്

ഉം? എന്താ?

മെലിസാന്ദ

അതാ....(അവൾ ആ മൂന്നു ഭിക്ഷക്കാരുടെ നേക്കു ചൂണ്ടിക്കാണിക്കുന്നു.)

പെല്ലീസ്

അതെ; അതെ; ഞാനും അവരെ കാണുകയുണ്ടായി........

മെലിസാന്ദ

നമുക്കു പോകാം!....നമുക്കു പോകാം!........

പെല്ലീസ്

അതെ; ഉറക്കം പിടിച്ച മൂന്നു വൃദ്ധയാചകന്മാരാണവർ.... നാട്ടിൽ ഒരു ക്ഷാമമുണ്ട്....ഉറങ്ങാൻ എന്തിനാണവർ ഇവിടെ വന്നത്?........

മെലിസാന്ദ

നമുക്കു പോകാം!....വരു, വരു, നമുക്കു പോകാം!........

പെല്ലീസ്

സൂക്ഷിക്കണേ; അത്ര ഉച്ചത്തിൽ സംസാരിക്കാതിരിക്കൂ.... അവരെ നാം ഉണർത്താൻ പാടില്ല....ഇപ്പോഴും അവർ ഗാഢനിദ്രയിൽ ആണ്ടിരിക്കുകയാണ്....വരൂ!........

മെലിസാന്ദ

എന്നെ വിട്ടു!....എന്നെ വിട്ടു!....ഞാൻ തനിയേതന്നെ നടന്നുകൊള്ളാം!........

പെല്ലീസ്

നമുക്കിനിയും വരാം—വേറൊരു ദിവസം!........

[പോകുന്നു]



Digitized By Kerala Sahitya Akademi

## രംഗം നാല്

### കൊട്ടാരത്തിൽ ഒരു മുറി

[ആർക്കേലും പെല്ലീസും പ്രത്യക്ഷപ്പെടുന്നു]

**ആർക്കേൽ**

നീ നോക്ക്....ഈയൊരു സന്ദർഭത്തിൽ നിന്നെ ഇവിടെ നിന്നും പറഞ്ഞയയ്ക്കാൻ ഒരു നിവൃത്തിയുമില്ല....അതിനു പല കാരണങ്ങളുമുണ്ട്. ഫലശൂന്യമായ ഈ യാത്രയ്ക്കു നിനക്കുള്ള പ്രതിബന്ധങ്ങൾ പലതാണ്....ഒന്നാമതു നിന്റെ പിതാവിന്റെ ഇപ്പോഴത്തെ സ്ഥിതി....അതുസംബന്ധിച്ച പരമാർത്ഥം ഇതാ ഇതുവരെ നിന്നിൽനിന്നു മനഃപൂർവ്വം ഞങ്ങൾ മറച്ചുവെയ്ക്കുകയായിരുന്നു....പക്ഷേ, ആശയ്ക്കു വഴിയില്ലാത്ത ഒരു കാര്യമാണതു്....ആ ഒററ സംഗതിമാത്രം മതിയാകും ഇവിടെ നിന്നെത്തടഞ്ഞുനിർത്താൻ....പക്ഷേ അതു മാത്രമല്ല....മററു കാരണങ്ങളും പലതുണ്ട്....പോരെങ്കിൽ, ഒന്നാലോചിച്ചുനോക്കു, നമ്മുടെ ശത്രുക്കളെല്ലാം ഉണർന്നിരിക്കുന്നു. നമ്മുടെ പ്രജകൾ പട്ടിണികിടന്നു പൊരിഞ്ഞുമരിക്കുന്നു. നാടിന്റെ നാനാഭാഗങ്ങളിലും അതൃപ്തിയും പ്രക്ഷോഭവും പ്രത്യക്ഷപ്പെടുത്തുന്ന മുറവിളികളും ഭീഷണികളും അടിക്കടി വർദ്ധിച്ചുവരുന്നു—ഈ സന്ദർഭത്തിലാണോ നീ ഞങ്ങളെ വിട്ടുപോകണമെന്നാവശ്യപ്പെടുന്നതു്? പിന്നെ....എന്തിനാണിപ്പോൾ ഈ യാത്രതന്നെ? മാഴ്സെലസ് മരിച്ചുപോയി; ശവകുടീരങ്ങൾ സന്ദർശിക്കുന്നതിനേക്കാൾ ഗൗരവമേറിയ കർത്തവ്യങ്ങൾ ജീവിതത്തിനുണ്ടുതാനും....നീ പറയുന്നു, നിന്റെ ഈ കർമ്മശൂന്യമായ ജീവിതം നിനക്കു മുഷിഞ്ഞു എന്നു്. പക്ഷേ, നീ ഒന്നോർക്കണം: നിരത്തുവക്കിൽ കണ്ടുകിട്ടാവുന്നവയല്ല പ്രവൃത്തിയും കർത്തവ്യവും. അവ കടന്നുപോകുന്ന ആ നിമിഷത്തിൽ അവയെ സ്വാഗതംചെയ്തു് അകത്തു വിടുന്നതിലേയ്ക്കു് ഒരുവൻ അരയും തലയും



Digitized By Kerala Sahitya Akademi

മുറുക്കി ഇറയത്തിറങ്ങി അവ വരുന്നതും നോക്കിക്കൊണ്ട് അങ്ങനെ കാത്തുനിന്നാലേ ഒക്കൂ. നിത്യവും അവ വന്നു കടന്നുപോകുന്നുണ്ട്. നീയവയെ ഒരിക്കലും കണ്ടിട്ടില്ലേ? ഞാനാണെങ്കിൽ ഒട്ടുമുക്കാലും കാഴ്ചശക്തി നശിച്ചവനായിരിക്കയാണ്; എന്നാലും കാണുവാനായി ഞാൻ നിന്നെ പഠിപ്പിക്കാം. അവയെ അകത്തു വിളിക്കാൻ നീയെന്നാഗ്രഹിക്കുന്നോ അന്ന് അവയെ ഞാൻ നിനക്കു കാണിച്ചുതരാം. പക്ഷേ, നീ ഞാൻ പറയുന്നതു കേൾക്കു. നിൻെറ ജീവിതത്തിൻെറ അടിത്തട്ടുകളിൽനിന്നാണ് ഈ യാത്രാമോഹം ഉയർന്നുവന്നു നിന്നെ അലട്ടുന്നതെന്നു നീ വിചാരിക്കുന്നുവെങ്കിൽ, അതു നിർവ്വഹിക്കുന്ന കാര്യത്തിൽ ഒരിക്കലും ഞാൻ നിന്നെ തടസ്സപ്പെടുത്തുകയില്ല. എന്തുകൊണ്ടെന്നാൽ, നിൻെറ സത്തയ്ക്കും നിൻെറ വിധിക്കും എന്തെന്തു സംഭവങ്ങളാണ് നിനക്കുപ്പിക്കേണ്ടതായിട്ടുള്ളതെന്ന് എന്നേക്കാൾ നന്നായിട്ടറിയേണ്ടതു നീയാണ്. എന്താണ് സംഭവിക്കാനിടയുള്ളതെന്നു നാം അറിയുന്നതുവരെ നീ കാക്കണമെന്നു മാത്രമേ ഞാൻ നിന്നോടു പറയുകയുള്ളൂ.........

പെല്ലീസ്.

എനിക്കെത്രനാൾ കാക്കേണ്ടതായിട്ടുണ്ട്?

ആർക്കേൽ

എതാനും ആഴ്ചകൾ; ഒരുപക്ഷേ, എതാനും ചില ദിവസങ്ങൾ........

പെല്ലീസ്

ഞാൻ കാക്കാം........



Digitized By Kerala Sahitya Akademi

# മൂന്നാമങ്കം

## രംഗം ഒന്ന്

### കൊട്ടാരത്തിൽ ഒരു മുറി

[പെല്ലീസും മെലിസാന്ദയും പ്രത്യക്ഷപ്പെടുന്നു. മുറിയുടെ അങ്ങേ അറ്റത്തു ഒരു 'കൊണ്ട'കൊണ്ടു മെലിസാന്ദ നെയ്തുകൊണ്ടിരിക്കുകയാണ്]

പെല്ലീസ്

നിയോൾഡ് തിരിച്ചെത്തിയിട്ടില്ല; എവിടെയാ അവർ പോയിട്ടുള്ളത്?

മെലിസാന്ദ

അവൻ വഴിയിലെന്തോ ഒരു ശബ്ദം കേട്ടു; അതെന്താണെന്നറിയാൻ പോയിരിക്കയാണ്........

പെല്ലീസ്

മെലിസാന്ദേ!........

മെലിസാന്ദ

എന്താ?

പെല്ലീസ്

നിനക്കിപ്പോഴും കണ്ണുപിടിക്കുന്നോ ഇങ്ങനെ ജോലി ചെയ്യാൻ?........

മെലിസാന്ദ

ഇരുട്ടിലും ഞാൻ ഭംഗിയായി ജോലിചെയ്യും........

പെല്ലീസ്

കൊട്ടാരത്തിലുള്ളവരെല്ലാം നല്ലപോലെ ഉറക്കംപിടിച്ചെന്നു തോന്നുന്നു. നായാട്ടുകഴിഞ്ഞു ഗോലാഡ് തിരിച്ചെത്തിയിട്ടില്ല. നേരം വളരെ വൈകി. എങ്ങനെയായാലും.....



Digitized By Kerala Sahitya Akademi

ആട്ടെ, ഇപ്പോഴും അദ്ദേഹത്തിന്നു ആ വീഴ്ചകൊണ്ടുള്ള ക്ലേശം ഉണ്ടാകുന്നുണ്ടോ?

മെലിസാന്ദ

അദ്ദേഹത്തിനൊട്ടുംതന്നെ ക്ലേശമില്ലെന്നാണ് എന്നോടു പറഞ്ഞത്.

പെല്ലീസ്

അദ്ദേഹം കുറച്ചുകൂടി സൂക്ഷിക്കണം. ഇരുപതുവയസ്സു പ്രായമുള്ള കാലത്തെപ്പോലെ അദ്ദേഹത്തിന്റെ കയ്യും കാലും ഇനിയൊരിക്കലും വഴങ്ങിക്കൊടുത്തെന്നുവരില്ല....നക്ഷത്രങ്ങളും മരത്തലപ്പുകളിൽ പതിക്കുന്ന ചന്ദ്രികയും ഈ കിളിവാതിലിൽക്കൂടി എനിക്കു കാണാൻ കഴിയും. നേരം വൈകി; അദ്ദേഹം ഇപ്പോഴെങ്ങും തിരിച്ചുവരില്ല. (വാതിൽക്കൽ ഒരു മുട്ട്) ആരാ അവിടെ?....അകത്തേയ്ക്കു വരൂ! (വാതിൽ തുറന്നു കൊച്ചുനിയോൾഡ് മുറിയിലേയ്ക്കു പ്രവേശിക്കുന്നു) നീയായിരുന്നോ ആ മുട്ടിയത്?....വാതിലിന്മേൽ മുട്ടേണ്ട സമ്പ്രദായം അങ്ങനെയല്ല....എന്തോ ഭാഗ്യദോഷം സംഭവിച്ച മട്ടിലായിരുന്നു അത്; നോക്കൂ, നീ നിന്റെ ഇളയമ്മയെ ഭയപ്പെടുത്തിക്കളഞ്ഞു.

കൊച്ചുനിയോൾഡ്

ഞാൻ ഒരിത്തിരയേ മുട്ടീട്ടുള്ളല്ലോ!

പെല്ലീസ്

നേരം വൈകി; അച്ഛൻ ഇന്നിനി തിരിച്ചെത്തുമെന്നു തോന്നുന്നില്ല. കിടക്കാൻ പോകാൻ സമയമായി.

കൊച്ചുനിയോൾഡ്

നിങ്ങളൊക്കെപ്പോണേനുമൻപു ഞാമ്പോവൂല്ല കിടക്കാൻ.



Digitized By Kerala Sahitya Akademi

പെല്ലീസ്

എന്ത്?....എന്താ നീ പറയുന്നെ?

കൊച്ചുനിയോൾഡ്

ഞാമ്പറഞ്ഞെ....നിങ്ങളൊക്കെക്കെടക്കണേനുമുമ്പ്...(അവൻ പൊട്ടിക്കരഞ്ഞുകൊണ്ടു മെലിസാന്ദയുടെ അരികെച്ചെന്നഭയം പ്രാപിക്കുന്നു)

മെലിസാന്ദ

എന്താണിത് നിയോൾഡേ? എന്താണിത്? നീ എന്തിനാ ഇങ്ങനെ പൊട്ടിക്കരയുന്നെ?

നിയോൾഡ്

(തേങ്ങിക്കൊണ്ട്)

എന്താന്നുപച്ചാൽ....ഓ! ഓ! എന്താന്നുപച്ചാൽ........

മെലിസാന്ദ

എന്താണ്? എന്താ?....എന്നോടു പറയൂ.

നിയോൾഡ്

എളേമ്മേ....എളേമ്മേ....എളേമ്മ പോവപ്പാ........

മെലിസാന്ദ

എന്ത്? നിനക്കെന്തു പററി നിയോൾഡേ?....ഞാൻ പോകുന്ന കാര്യം ഒരിക്കലും സ്വപ്നം കണ്ടിട്ടുപോലുമില്ലല്ലോ!

നിയോൾഡ്

ഉവ്വ്....ഉവ്വ്....അച്ഛൻ പൊയ്ക്കഴിഞ്ഞു....അച്ഛൻ തിരിച്ചുവന്നിട്ടില്ല....ഇപ്പോ എളേമ്മേം പോവപ്പാ....ഞാങ്കണ്ടു....ഞാങ്കണ്ടു അത്........

മെലിസാന്ദ

പക്ഷേ, അങ്ങനെയൊരു കാര്യത്തെപ്പററി ആരും ശബ്ദിച്ചിട്ടുപോലുമില്ലല്ലോ നിയോൾഡേ....ആട്ടെ, എന്താ സ്വംഗ



Digitized By Kerala Sahitya Akademi

തി?....നിനക്കെങ്ങനെ മനസ്സിലായി ഞാൻ പോവുകയാണെന്ന്?

നിയോൾഡ്

ഞാങ്കണ്ടു....ഞാങ്കണ്ടു അത്....എള്ളേമ്മ പറഞ്ഞു അമ്മാമേനോട്........

പെല്ലീസ്

അവനുറക്കം വരുന്നുണ്ട്....അവൻ സ്വപ്നംകണ്ടതാണ്.......ആട്ടെ, ഇവിടെ വരു നിയോൾഡേ, നിയുറക്കമായോ? വരു, ഈ കിളിവാതിലിൽക്കൂടി ഒന്നു പുറത്തേയ്ക്കു നോക്കൂ....അതാ, വാത്തുകൾ നായ്ക്കളുമായി യുദ്ധംചെയ്യുന്നു........

നിയോൾഡ് (കിളിവാതില്ക്കൽ)

ഓ! ഓ! ദാ, അതിന്യോക്കെപ്പിടിക്കാൻ കെടന്നോടപ്പാ....ആ പട്ടികൾ....ഓടിച്ചിട്ടു പിടിക്ക്യുവാ! ഓ! ഓ! വെള്ളം!....ചെറക്!....ചെറക്!....അതെല്ലാം പേടിച്ചുപോയി........

പെല്ലീസ്

(മെലിസാന്ദയുടെ സമീപം മടങ്ങിച്ചെന്നിട്ട്)

അവൻ ഉറക്കമാണ്....ഉറക്കവുമായി മല്ലുപിടിക്കുകയാണവൻ....അവന്റെ കണ്ണുകൾ അടഞ്ഞുതുടങ്ങുന്നു.

(അവൾ നെയ്ത്തുകൊണ്ടു താഴ്ന്ന സ്വരത്തിൽ പാടുന്നു)

സെയ്ന്റ് ഡാനിയേൽ, സെയ്ന്റ് മൈക്കേൽ, ഓ!
സെയ്ന്റ് മൈക്കേൽ, സെയ്ന്റ് റാഫേൽ, ഓ!........

നിയോൾഡ് (കിളിവാതില്ക്കൽ)

ഓ! ഓ! അമ്മേ!........

മെലിസാന്ദ (പെട്ടെന്നെഴുന്നേററിട്ട്)

എന്താ നിയോൾഡേ?....എന്താ?

നിയോൾഡ്

കുറേട്ടം ഞാങ്കണ്ടു....ജനേലേക്കൂടി........



Digitized By Kerala Sahitya Akademi

[പെല്ലീസും മെലിസാന്ദയും കിളിവാതില്ക്കൽ ഓടിയെത്തുന്നു]

പെല്ലീസ്

ജനാലിക്കൽ എന്താണുള്ളത്? നീ കണ്ടതെന്താ?

നിയോൾഡ്

ഓ! ഓ! ഒരുകൂട്ടം കണ്ടു ഞാൻ....ഒന്നുല്ല....ഒന്നുല്ല....എനിക്ക കാണാമ്മേല........

മെലിസാന്ദ

എനിക്കും........

പെല്ലീസ്

എവിടെയായിട്ടാ നീ ഒരുകൂട്ടം കണ്ടത്? എതുവഴിക്ക്?

നിയോൾഡ്

ദേ, അവിടെ....ദേ അവിടെ....അതിപ്പൊ പൊയ്ക്കഴിഞ്ഞു.

പെല്ലീസ്

അവനെന്താണ് പറയുന്നതെന്ന് അവനുതന്നെ അറിഞ്ഞുകൂടാ. അവൻ കാടിനുമീതെ ചന്ദ്രിക കണ്ടിരിക്കണം. പലപ്പോഴും വളരെ വിചിത്രമായ ചരായാരൂപങ്ങൾ ഉണ്ടാകാറുണ്ട്....അല്ലെങ്കിൽ നിരത്തിൽക്കൂടെ വല്ലതും കടന്നുപോയിരിക്കണം....അല്ലെങ്കിൽ അവൻെറ ഉറക്കത്തിൽക്കൂടെ....എന്തുകൊണ്ടെന്നാൽ....ഇതാ, നോക്കൂ, നോക്കൂ, അവൻ ഉറങ്ങിത്തുടങ്ങി....നല്ലത്!........

നിയോൾഡ് (കിളിവാതില്ക്കൽ)

അച്ഛനവട്യോണ്ട്....അച്ഛനവട്യോണ്ട്.

പെല്ലീസ് (കിളിവാതില്ക്കൽ ചെന്നിട്ട്)

അവൻ പറഞ്ഞതു നേരാണ്. ഗോലാഡ് ഇതാ ഇപ്പോൾ മുററത്തേക്കിറങ്ങുകണ്ടായി........

നിയോൾഡ്

എൻെറ പൊന്നച്ഛൻ!....പൊന്നച്ഛൻ....ഞാൻ ചെന്നു കാണാച്ഛനെ!........



Digitized By Kerala Sahitya Akademi

പെല്ലീസും മെലിസാന്ദയും

(അവൻ ഓടിപ്പോകുന്നു — നിശ്ശബ്ദത)

[ഗോളാഡും, ഒരു വിളക്കെടുത്തുകൊണ്ടു കൊച്ചുനിയോൾഡും പ്രവേശിക്കുന്നു]

ഗോളാഡ്

അല്ലാ, നിങ്ങൾ ഇപ്പോഴും ഇതുട്ടത്തു കാത്തിരിക്കുകയാണോ?

നിയോൾഡ്

ഞാനൊരു വെളക്കു കൊണ്ടന്നട്ടുണ്ട്....ദേമ്മേ ഒരു വല്യേ വെളക്ക്;

[അവൻ വിളക്കുയർത്തിപ്പിടിച്ചു മെലിസാന്ദയുടെനേക്കു നോക്കുന്നു]

അല്ലാ, അമ്മ കരയ്യ്വാന്നോ? അമ്മേ, അമ്മ കരയ്യ്വാന്നോ?

[അവൻ പെല്ലീസിന്റെനേക്കു വിളക്കുയർത്തിപ്പിടിച്ചുകൊണ്ട് അദ്ദേഹത്തേയും നോക്കുന്നു]

അല്ല, അമ്മാമാ, അമ്മാമാ, അമ്മാമനും കരയ്യ്വാന്നോ? അയ്യോ, അച്ഛാ, എന്റെ പൊന്നച്ഛാ, അച്ഛനൊന്നു നോക്ക്വോ; ദേ, അവരു രണ്ടാളും കരയ്യ്വാന്നു — രണ്ടാളും!........

ഗോളാഡ്

അവരുടെ കണ്ണിന്റെ നേക്കങ്ങനെ പിടിക്കാതിരി വിളക്ക്!............

## രംഗം രണ്ട്

കൊട്ടാരത്തിലെ ഒരു മണിമാളിക. കിളിവാതിലുകളിൽ ഒന്നിന്റെ താഴെക്കൂടി ഒരു കാവൽത്തിണ്ണ പോകുന്നതായി കാണാം.



Digitized By Kerala Sahitya Akademi

മെലിസാന്ദ

(കിളിവാതിൽക്കൽ അവളുടെ തലമുടി ചീകിവിതുത്തു കൊണ്ടു നിൽക്കുന്നു. അവൾ പാടുകയാണ്.)

മുപ്പതു വത്സരങ്ങളായി
ഞാൻ തിരക്കയാ-
ണെപ്പൊഴുമദ്ദേഹത്തെ-
സ്സഹജകളേ!

ആയതില്ലെനിക്കെന്നാ-
ലിന്നോളമറിയുവാ-
നാ ദേവനമതമാ
നിഗ്ഗൂഢരംഗം.

മുപ്പതു വത്സരങ്ങളായി
ഞാൻ നടക്കയാ-
ണെപ്പൊഴുമേവം മമ
സഹജകളേ!

ആയതില്ലെനിക്കെന്നാ-
ലിന്നോളം കണ്ടുമുട്ടാ-
നാ ദേവപാദപാത-
രേഖപോലും!..........

മുപ്പതു വർഷമേവം
രാപ്പകൽ നടന്നയ്യോ
മൽപ്പദം തളർന്നുപോയ്
സഹജകളേ!



Digitized By Kerala Sahitya Akademi

പെല്ലീസും മെലിസാന്ദയും

ഏണ്ടു,മെവിടെയു,മുണ്ടദ്ദേഹം—
ജനിയെന്നാ-
ഖിന്നോളമാർന്നിട്ടില്ലെൻ
സഹജകളേ!

പോകുന്നു നേരം ശോകമൂകമായ്—
വീണ്ടും നഗ-
മാകുന്നു"മൽപ്പാദങ്ങൾ
സഹജകളേ!

ഹാ, മൃതിയടകയാണന്തി-
യല്ലലിലാഴ്‌വൂ
മാമകാത്മാവെ,ന്നോമൽ-
സഹജകളേ!

നിങ്ങൾക്കു പതിനാറാണിന്നിപ്പോൾ
പ്രായം,—കാലം
നിങ്ങൾക്കുള്ളതാണിതെൻ
സഹജകളേ!

എന്നുമവടിയെടുത്തദ്ദേഹ-
ത്തിനെച്ചെന്നു
നിങ്ങളും തിരക്കുകെൻ
സഹജകളേ!..........

[കാവൽത്തിണ്ണ വഴിക്കു പെല്ലീസ് പ്രവേശിക്കുന്നു]

പെല്ലീസ്

ഹോളാ! ഹോളാ! ഹോ!........

മെലിസാന്ദ

ആരാണവിടെ?........



Digitized By Kerala Sahitya Akademi

പെല്ലീസ്

ഞാൻ, ഞാൻ......പിന്നേയ്....ഞാനാ.....ഞാൻ!.....ഈ നാട്ടിലില്ലാത്ത ഒരു പക്ഷിയെപ്പോലെ പാട്ടുപാടിക്കൊണ്ടു നീ എന്തു ചെയ്യുകയാ ആ കിളിവാതിൽക്കൽ?........

മെലിസാന്ദ

ഞാൻ രാത്രിയിലത്തേയ്ക്ക് എന്റെ തലമുടി ശരിപ്പെടുത്തുകയാ........

പെല്ലീസ്

ഞാൻ ചുമരിന്മേൽ കാണുന്നതെന്താണോ?....ഞാൻ വിചാരിച്ചു നിന്റെ അടുത്തൊരു വിളക്കുണ്ടെന്ന്........

മെലിസാന്ദ

ഞാൻ കിളിവാതിൽ തുറന്നു.....മേടയിൽ വല്ലാത്ത ഉഷ്ണം ....ഇന്നത്തെ ഈ രാത്രി നന്നായിരിക്കുന്നു.

പെല്ലീസ്

അസംഖ്യം നക്ഷത്രങ്ങളുണ്ട്. ഈ രാത്രിയിലെപ്പോലെ അത്രയ്ക്കധികം നക്ഷത്രങ്ങൾ ഒരിക്കലും ഞാൻ കണ്ടിട്ടില്ല. പക്ഷേ, ഇപ്പോഴും കടലിനുമീതെയാണ് ചന്ദ്രൻ......ഇരുട്ടത്തു നിൽക്കാതേ മെലിസാന്ദേ!—അല്പമൊന്നു ചാഞ്ഞുനിൽക്കൂ—നിന്റെ തലമുടി ആകെക്കൂടിയഴിഞ്ഞുലഞ്ഞ് ഒന്നു ഞാൻ കാണട്ടെ!........

മെലിസാന്ദ

ആ നിലയിൽ ഞാൻ ഭയങ്കരിയാണ്........

[കിളിവാതിലിൽക്കൂടെ അവൾ വെളിയിലേയ്ക്കു ചായുന്നു]

പെല്ലീസ്

ഓ! ഓ! മെലിസാന്ദേ!........ഓ! നീ സുന്ദരിയാണ്....ആ നിലയിൽ നീ അതിസുന്ദരിയാണ്! ചായൂ!....ചായൂ!....കുറേക്കൂടി നിന്നോടടുത്തുവരട്ടെ ഞാൻ........



Digitized By Kerala Sahitya Akademi

മെലിസാന്ദ

ഇതിൽക്കൂടുതൽ നിങ്ങളോടടുത്തുവരാൻ എനിക്കു സാദ്ധ്യമല്ല....എനിക്കു കഴിവുള്ളിടത്തോളം ഞാൻ ചാഞ്ഞു നിൽക്കുകയാണ്........

പെല്ലീസ്

മുകളിലേയ്ക്ക് ഇനി കയറാൻ എനിക്കു സാദ്ധ്യമല്ല.......
ഈ രാത്രിയിൽ....ആട്ടെ, നിന്റെ കൈയെങ്കിലും ഒന്നെനിക്കു തരൂ!....ഞാൻ പോകുന്നതിനു മുൻപ്....ഞാൻ നാളെ ഇവിടം വിടുകയാണ്........

മെലിസാന്ദ

അല്ല, അല്ല, അൽല്ല........

പെല്ലീസ്

അതെ, അതെ, അതെ....ഞാൻ പോവുകയാണ്....ഞാൻ നാളെ പോവുകയാ....എനിക്കു നിന്റെ കൈയൊന്നു തരൂ....
നിന്റെ കൈയ്....നിന്റെ കൊച്ചുകൈയ്....ഓമനകൈയ്....
എന്റെ ചുണ്ടുകൾക്ക്!........

മെലിസാന്ദ

നിങ്ങൾ പോവുകയാണെങ്കിൽ, ഞാൻ നിങ്ങൾക്കെന്റെ കൈ തരില്ല........

പെല്ലീസ്

ഓ! തരൂ, തരൂ....ഒന്നു തരുന്നേയ്!........

മെലിസാന്ദ

അപ്പോൾ, നിങ്ങൾ പോവില്ല, ഉവ്വോ?

പെല്ലീസ്

ഞാൻ താമസിക്കാം....ഇനിയും താമസിക്കാം........

മെലിസാന്ദ

അതാ, ഞാനൊരു പനിനീർപ്പൂ കാണുന്നു ഇരുളടഞ്ഞ്........



Digitized By Kerala Sahitya Akademi

പെല്ലീസ്

എവിടെ?....മതിലിനുമീതെ ഉയർന്നുനില്ക്കുന്ന 'വില്ലോ' മരത്തിൻെറ കൊമ്പുകൾ മാത്രമേ എനിക്കു കാണാൻ കഴിയുന്നുള്ളു........

മെലിസാന്ദ

താഴത്തു, താഴത്തു, ഉദ്യാനത്തിൽ; അതാ അവിടെ......ആ ഇരുണ്ട പച്ച........

പെല്ലീസ്

ഒരു പനിനീർപ്പൂവല്ലതു്....ഞാൻ ഇപ്പോൾത്തന്നെ പോയി നോക്കിക്കളയാം....പക്ഷേ അതിനുമുൻപു്, ആദ്യമായി, നിൻെറ കൈ ഒന്നിങ്ങു തരൂ....നിൻെറ കുഞ്ഞിക്കൈയ്........

മെലിസാന്ദ

ഇതാ, ഇതാ....ഇനിയും കീഴോട്ടു കുനിയാൻ എനിക്കു സാദ്ധ്യമല്ല........

പെല്ലീസ്

നിൻെറ കൈയിന്നടുത്തെത്താൻ കഴിയുന്നില്ലല്ലോ എൻെറ ചുണ്ടുകൾക്കു്........

മെലിസാന്ദ

ഒരിത്തിരിപോലും എനിക്കിനി കീഴോട്ടു കുനിയുക സാദ്ധ്യമല്ല.....വീഴാറായിട്ടാണിപ്പോൾത്തന്നെ എൻെറ നില്പ്......ഓ! ഓ! എൻെറ തലമുടി മാളികമുകളിൽനിന്നു കീഴോട്ടുലഞ്ഞു വീഴുകയാണു്........

[അവൾ കുനിഞ്ഞ അവസരത്തിൽ അവളുടെ തലമുടി പെട്ടെന്നുലഞ്ഞതിന്നു കീഴോട്ടൊഴുകിവീഴുകയും പെല്ലീസിനെ അതിൽ മുക്കുകയും ചെയ്യുന്നു]

പെല്ലീസ്

ഓ! ഓ! എന്താണിതു്? നിൻെറ തലമുടി, നിൻെറ തലമുടി. അതു് എൻെറ അടുത്തേക്കൊഴുകിവരുന്നു!....നിൻെറ ത-



Digitized By Kerala Sahitya Akademi

ലമുടി മുഴുവൻ!....മെലിസാന്ദേ, നിന്റെ തലമുടി മുഴുവൻ മാളികമുകളിൽനിന്നു കീഴോട്ടുലഞ്ഞുവീണിരിക്കുന്നു!....ഇതാ ഞാനെന്റെ കൈകളിൽ എടുക്കുന്നു....എന്റെ ചുണ്ടുകളിൽ ചേക്കുന്നു....എന്റെ കൈത്തണ്ടുകളിൽ തൂക്കിയിടുന്നു....എന്റെ കഴുത്തിനുചുററും മാലമാലപോലെ ചുററിവളച്ചണിയുന്നു..... ഈ മുറുക്കിപ്പിടിച്ചിട്ടുള്ള എന്റെ കൈകൾ ഇന്നു രാത്രി ഇനി ഞാൻ നിവത്തുകയില്ല........

മെലിസാന്ദ

എന്നെ വിട്ടു!....എന്നെ വിട്ടു!....ഞാൻ വീഴും!....നിങ്ങളെന്നെ വീഴിക്കും!........

പെല്ലീസ്

ഇല്ല, ഇല്ല, ഇല്ല....നിന്റേതുപോലുള്ള തലമുടി ഒരിക്കലും ഞാൻ കണ്ടിട്ടില്ല, മെലിസാന്ദേ! നോക്കൂ, നോക്കൂ!....ഇതു നോക്കൂ! എത്രമാത്രം ഉയരത്തിൽനിന്നാണതൊഴുകിവരുന്നതു്! എന്നിട്ടും അതിന്റെ തിരച്ചുരുളുകൾ ഇതാ എന്റെ മാറുവരെ എത്തുന്നു....അവയെന്റെ കണങ്കാലുകളിൽ തത്തുന്നു.... അതു മിനുമിനുത്തതാണു്....സ്വർഗ്ഗത്തിൽനിന്നു വീണാലെന്നപോലെ അത്ര മൃദുതരമുള്ളതാണു്! നിന്റെ ഈ തലമുടി കാരണം എനിക്കു സ്വർഗ്ഗം കാണാൻ കഴിയാതായിത്തീരുന്നു നീയിതു കാണുന്നുണ്ടോ? നോക്കൂ, നീയിതു കാണുന്നുണ്ടോ? എന്റെ രണ്ടു കൈകൾക്കുംകൂടി ഇതുതാങ്ങിപ്പിടിക്കാൻ സാധിക്കുന്നില്ല. കുറെച്ചുരുളുകൾ വില്ലോമരത്തിന്റെ ചില്ലകളിൽ കുരുങ്ങിക്കിടപ്പുണ്ടു്. എന്റെ കൈകളിൽ അവ പക്ഷികളേപ്പോലെ തെന്നിപ്പിടഞ്ഞുകൊണ്ടിരിക്കുന്നു......അവയ്ക്കെന്നോടു സ്നേഹമുണ്ടു്....നിന്നെക്കാളധികം അവയ്ക്കാണു് എന്നോടു സ്നേഹം......

മെലിസാന്ദ

എന്നെ വിടൂ, എന്നെ വിടൂ....ആരെങ്കിലും പക്ഷേ ഇതിലേ കടന്നുപോയേയ്ക്കാൻ മതി........



Digitized By Kerala Sahitya Akademi

പെല്ലീസ്

ഇല്ല, ഇല്ല, ഇല്ല....ഇന്നു രാത്രി ഞാൻ നിന്നെ വിട്ടയക്കില്ല ...നീയെന്റെ തടവുകാരിയാണ്.....ഇന്നുരാത്രി....രാത്രി മുഴുവൻ....രാത്രി മുഴുവൻ........

മെലിസാന്ദ

പെല്ലീസേ! പെല്ലീസേ!

പെല്ലീസ്

ഞാൻ ഈ തലമുടിച്ചുരുളുകൾ ചുററിപ്പിണച്ചുകെട്ടുകയാണ്. ഈ വില്ലോമരക്കമ്പുകളിൽ കെട്ടുകയാണ്. ഒരിക്കലും ഇനി നീ ഇവിടെനിന്നു പൊയ്ക്കൂടാ! ഇനി നീ ഒരിക്കലും ഇവിടെനിന്നു പോകാൻ പാടില്ല...നോക്കൂ, ഇതു നോക്കൂ; ഞാൻ നിന്റെ തലമുടി ചുംബിക്കുകയാണ്. ഇവിടെ നിന്റെ ഈ മുടിച്ചുരുളുകൾക്കിടയിൽ, എന്റെ ഹൃദയവേദനയാകമാനം എന്നെ വിട്ടുപോയിരിക്കുന്നു....എന്റെ ചുംബനങ്ങൾ നിന്റെ തലമുടിയിൽ ഇഴയുന്നതു നീ കേൾക്കുന്നോ? നിന്റെ തലമുടിയിൽ മുഴുനീളം അവ യാത്രചെയ്യുന്നു....നിന്റെ തലമുടിയുടെ ഓരോ ഇഴയും എന്റെ ചുംബനം നിനക്കു കൊണ്ടുവന്നു സമ്മാനിക്കും.... നോക്കു, നോക്കൂ, ഇതാ എനിക്കെന്റെ കൈകൾ നിവർത്താൻ കഴിയും...എന്റെ കൈകൾ സ്വതന്ത്രമാണ്; പക്ഷേ, അങ്ങനെയാണെങ്കിലും നിനക്കെന്നെ വിട്ടുപോവുക സാദ്ധ്യമല്ല.......

മെലിസാന്ദ

ഓ, ഓ, നിങ്ങൾ എന്നെ ശല്യപ്പെടുത്തിയിരിക്കുന്നു. (ഒരു പററം പ്രാവുകൾ മണിമാളികവിട്ടു വെളിയിലെത്തി അവർക്കു ചുററും ചിറകടിച്ചു പാറിപ്പറക്കുന്നു) —എന്തു സംഭവിച്ചു പെല്ലീസ്? എനിക്കു ചുററും എന്താണീ പറന്നുകൊണ്ടിരിക്കുന്നതു്?



Digitized By Kerala Sahitya Akademi

പെല്ലീസ്

പ്രാവുകൾ.....മണിമാളികവിട്ട് അവ പറക്കുകയാണ്. ഞാൻ അവയെ ഭയപ്പെടുത്തി. അവ പറന്നുപോകുന്നു........

മെലിസാന്ദ

അവ എന്റെ പ്രാവുകളാണ്, പെല്ലീസ്—നമുക്കു പോകാം, എന്നെ വിട്ടു; അവ ഒരിക്കലും ഇനി തിരിച്ചുവരില്ലായിരിക്കാം!

പെല്ലീസ്

എന്തുകൊണ്ടവയ്ക്കു തിരിച്ചുവന്നുകൂടാ?

മെലിസാന്ദ

ഇരുട്ടിൽ വഴിതെററി അവ പലവഴിയായി പിരിഞ്ഞുപോകും....എന്നെ വിട്ടു, ഞാൻ എന്റെ തല ഉയർത്തട്ടെ.... ഞാൻ കാലടികളുടെ ശബ്ദം കേൾക്കുന്നു... എന്നെ വിട്ടു!.... അതു ഗോളാഡാണ്....അതെ, എനിക്കു തോന്നുന്നു അതു ഗോളാഡാണെന്ന്....അദ്ദേഹം നമ്മുടെ സംസാരം കേട്ടിട്ടുണ്ട്........

പെല്ലീസ്

വരട്ടെ! വരട്ടെ! മരക്കൊമ്പുകളിൽ ചുററിപ്പിണഞ്ഞിരിക്കയാണ് നിന്റെ തലമുടിച്ചുരുളുകൾ....അവ കെട്ടുപിണഞ്ഞ് ഇരുട്ടിൽ അവിടെയങ്ങനെ ചുററിക്കൂടിപ്പോയി....നിൽക്കണേ! നിൽക്കണേ! വല്ലാതിരുട്ടുള്ള രാത്രിയാണ്........

[നടത്തിണ്ണയിൽക്കൂടി ഗോളാഡ് പ്രവേശിക്കുന്നു]

ഗോളാഡ്

എന്താ നീ ഇവിടെ ചെയ്യുന്നെ?

പെല്ലീസ്

എന്താ ഞാനിവിടെ ചെയ്യുന്നത്?....ഞാൻ........

ഗോളാഡ്

നിങ്ങൾ കുഞ്ഞുങ്ങളാണ്....മെലിസാന്ദേ, ജനലിൽക്കൂടി അത്ര കീഴോട്ടു കുനിയാതേ; നീ വീഴും....നേരം വൈകിയെന്നു



Digitized By Kerala Sahitya Akademi

നിനക്കറിഞ്ഞുകൂടേ?—എത്രയാണ്ടു പാതിരയായിക്കാണും. ഇരുട്ടത്തങ്ങനെ കളിക്കാതിരി! നിങ്ങൾ കുഞ്ഞുങ്ങളാണ്.

(അപസ്മാരാത്മകമായ അവശതയോടെ ചിരിക്കുന്നു)

ഹെന്തു കുഞ്ഞുങ്ങൾ....ഹെന്തു കുഞ്ഞുങ്ങൾ........

[പെല്ലീസിനോടൊന്നിച്ചു പോകുന്നു]

## രംഗം മൂന്ന്

കൊട്ടാരത്തിലെ നിലവറകൾ

[ഗോളാഡും പെല്ലീസും പ്രവേശിക്കുന്നു]

ഗോളാഡ്

സൂക്ഷിച്ചോളണേ!—ഇതാ, ഇതിലേ, ഇതിലേ—ഈ നിലവറകളിൽ ഇറങ്ങുവാൻ നീയിതുവരെ ധൈര്യപ്പെട്ടിട്ടില്ലേ?

പെല്ലീസ്

ഉവ്വ്, ഒരിക്കൽ; പക്ഷേ, അതു വളരെക്കാലം മുമ്പായിരുന്നു.

ഗോളാഡ്

അവ ആശ്ചര്യംതോന്നത്തക്കവിധം വിസ്താരമുള്ളതാണ്; എവിടെക്കൊണ്ടുപോയെത്തിക്കുമെന്നു ദൈവത്തിനുമാത്രമറിയാവുന്ന ഭീമാകൃതിയിലുള്ള ഈ ഗുഹകൾ! ഈ നിലവറക്കുണ്ടുകൾക്കുമീതെയാണ് ഈ കൊട്ടാരം മുഴുവൻ കെട്ടിപ്പടുത്തിട്ടുള്ളത്. ഇവിടം മുഴുവൻ ഭരണം നടത്തുന്ന ഈ മാരകമായ ഗന്ധം നീ മണക്കുന്നുണ്ടോ?—ഞാൻ നിന്നെ കാണിച്ചുതരാൻ കരുതിയിരുന്നത് അതാണ്. നിനക്കിപ്പോൾത്തന്നെ കാണാവുന്ന ആ കൊച്ചുപാതാളതടാകത്തിൽനിന്നാണ് ആ ഗന്ധം എത്തുന്നതെന്നെനിക്കു തോന്നുന്നു. സൂക്ഷിച്ചോളണേ! എന്റെ വിള



Digitized By Kerala Sahitya Akademi

ക്കിന്റെ രശ്മികളിൽ എന്റെ മുമ്പിലായി നടന്നോളൂ. നാം ആ സ്ഥലത്തെത്തുമ്പോൾ ഞാൻ നിന്നോട് പറയാം....(അവർ നിശ്ശബ്ദരായി മുന്നോട്ടു നടന്നുപോകുന്നു) ഹേയ്, ഹേയ്! പെല്ലീസേ! നിൽക്കു! നിൽക്കു! (അയാൾ, അയാളെ കൈയ്ക്കു കടന്നുപിടിക്കുന്നു) ദൈവത്തെ ഓർത്ത്....അയ്യോ, നിനക്കു കണ്ടുകൂടേ? – ഇനി ഒരൊററ കാൽവെപ്പുമതി....കഴിഞ്ഞു നിന്റെ കഥ! —നീയാ പാതാളക്കുണ്ടിലേയ്ക്കു വീഴും!........

പെല്ലീസ്

എനിക്കു യാതൊന്നും കാണാൻ സാധിക്കുന്നില്ല. വിളക്ക് എന്റെ വഴിയെതിരെ വെളിച്ചം വീശിയിരുന്നില്ലല്ലോ!..

ഗോളാഡ്

എനിക്ക് എന്റെ കാൽ വഴുതിപ്പോയി........പക്ഷേ, ഞാൻ നിന്റെ കൈയ്ക്കു കടന്നുപിടിച്ചില്ലായിരുന്നെങ്കിൽ!.... അതെ, അതാ കണ്ടില്ലേ അതാണ് ഞാൻ പറഞ്ഞ ആ തടാകം—കെട്ടിക്കിടന്നു ദുഷിച്ച ആ ജലപ്പരപ്പ്. അതിൽനിന്നുയരുന്ന ആ മാരകമായ ദുർഗന്ധം നീ മണക്കുന്നോ? —കീഴ്ക്കാംതൂക്കായി തൂങ്ങിനില്ക്കുന്ന ആ പാറയുടെ വക്കത്തേയ്ക്കുവന്ന് അതിന്മേൽ അല്പം ചാഞ്ഞുനിന്നുകൊണ്ടു നോക്കൂ!....ആ ഗന്ധം നിന്റെ മുഖത്തു വന്നടിക്കും........

പെല്ലീസ്

ഞാൻ കാലേക്കൂട്ടിത്തന്നെ അതു മണത്തുതുടങ്ങിയിരിക്കുന്നു....ഒരാൾ പറഞ്ഞേയ്ക്കും അതു ശവകുടീരത്തിന്റെ ഗന്ധമാണെന്ന്.

ഗോളാഡ്

അതിലുമധികം......അതിലുമധികം........ചില ദിവസങ്ങളിൽ ഈ ഗന്ധമാണ് കൊട്ടാരത്തിലാകമാനം വ്യാപിക്കുന്നത്. ഇവിടെനിന്നാണ് അതുത്ഭവിച്ചെത്തുന്നതെന്നു രാജാവു



Digitized By Kerala Sahitya Akademi

വിശ്വസിക്കുന്നില്ല. കെട്ടിക്കിടക്കുന്ന ഈ ദുഷിച്ച ജലം ചുററും ചുമരുകെട്ടി നിർത്തുന്നതു നന്നായിരിക്കും. പോരെങ്കിൽ ഈ നിലവറകളെല്ലാം നിഷ്കൃഷ്ടിച്ചു നോക്കേണ്ട കാലമായിരിക്കുന്നു. ചുമരുകളിലും നിലവറകളുടെ തൂണുകളിലുമുള്ള വിള്ളലുകൾ നീ സൂക്ഷിക്കയുണ്ടായോ? ഇവിടെ ഗൂഢവും അശങ്കിതവുമായ ചില ജോലികളുണ്ട്. ശ്രദ്ധപതിപ്പിക്കാതിരുന്നാൽ ഒരു രാത്രി പക്ഷേ കൊട്ടാരം മുഴുവൻ വെള്ളത്തിനടിയിലായിപ്പോകും. പക്ഷേ എന്തു ചെയ്യാനാണ്? ആരും ഇവിടെ വരാൻ ഇഷ്ടപ്പെടുന്നില്ല ചുമരുകളിൽ പലതിലും ബഹു വിചിത്രമായ പലേ വിള്ളലുകളുമുണ്ട്. ഓ! ഇവിടെ....ഇവിടെനിന്നുയരുന്ന ആ മരണത്തിൻെറ ഗന്ധം നീ മണക്കുന്നോ?

പെല്ലീസ്

ഉവ്വ്; നമുക്കു ചുററും ഇഴഞ്ഞുയരുന്ന മരണത്തിൻെറ ഒരു ഗന്ധം ഇവിടെയുണ്ട്.

ഗോളാഡ്

ചാരിനിന്നോളൂ! പേടിക്കണ്ട....ഞാൻ നിന്നെ പിടിച്ചോളാം....എനിക്കു തരൂ....അല്ല, അല്ല, നിൻെറ കൈപ്പടമല്ല....അതു വഴുതിപ്പോയേക്കും....നിൻെറ കൈത്തണ്ട്....കണ്ടുകയ്യ്....ആ പാതാളം നീ കാണുന്നോ?....(അസ്വസ്ഥതയോടെ) പെല്ലീസ്? പെല്ലീസ്?........

പെല്ലീസ്

അതെ; കീഴോട്ടു കീഴോട്ട് ആ പാതാളത്തിൻെറ അടിത്തട്ടു വരെ ഞാൻ കാണുന്നുണ്ടെന്ന് എനിക്കു തോന്നുന്നു....അങ്ങനെ ആ വിറച്ചുകൊണ്ടിരിക്കുന്നതു വെളിച്ചമാണോ?....നിങ്ങൾ....

[അയാൾ നേരെ നിവർന്നുനിന്നു, ചുററും ഒന്നു തിരിഞ്ഞ് ഗോളാഡിൻെറനേക്കു നോക്കുന്നു]



Digitized By Kerala Sahitya Akademi

ഗോളാഡ് (വിറയ്ക്കുന്ന സ്വരത്തിൽ)

അതെ; അങ്ങനെ വിറയ്ക്കുന്നതു വിളക്കാണ്....എല്ലാ വശങ്ങളിലും വെളിച്ചം വീഴുവാൻവേണ്ടി ഞാനതു് ആട്ടുകയായിരുന്നു........

പെല്ലീസ്

എനിക്കിവിടെ വീർപ്പുമുട്ടുന്നു....നമുക്കു പോകാം!........

ഗോളാഡ്

അങ്ങനെതന്നെ....നമുക്കു പോകാം!........

(നിശ്ശബ്ദരായി പോകുന്നു)

## രംഗം നാല്

നിലവറകളിലേയ്ക്കുള്ള ഗോപുരത്തിലെ ഒരു മട്ടുപ്പാവ്

(ഗോളാഡും പെല്ലീസും പ്രവേശിക്കുന്നു)

പെല്ലീസ്

ഹാവൂ!....കട്ടവിഷിതാ എനിക്കൊന്നു ശ്വാസംവിടാനൊത്തു! ക്ഷണനേരത്തേയ്ക്കു ഞാൻ വിചാരിച്ചുപോയി, ബ്രഹ്മാണ്ഡംപോലുള്ള ഈ ഗുഹകൾക്കുള്ളിൽ ഞാൻ ബോധംകെട്ടു വീണേയ്ക്കുമെന്ന്....അതെ, വാസ്തവത്തിൽ ഞാനങ്ങനെ വീഴാൻ ഭാവിച്ചതാണ്. ഹോ, അവിടത്തെ വായു! — ഈയക്കുകൊണ്ടുള്ള ഒരു മഞ്ഞുകട്ടപോലെ ഈറപ്പും പിടിച്ചതും കനത്തതുമാണതു്! ഇരുട്ടോ? — വിഷംതേച്ച മരപ്പാടപോലെ കനത്തു കട്ടപിടിച്ചതു്! എന്നാൽ ഇപ്പോഴോ? — കടലിലൊട്ടുക്കുള്ള കാററു മുഴുവൻ ഇഷ്ടംപോലെ കിട്ടുന്നുണ്ട്. ദാ, നോക്കു, പുതുതായ ഒരിളംകാററ്....നേരിയ പച്ചപ്പുകലന്ന ചിററലകൾക്കു മീതെ പുതുതായി ഉലഞ്ഞുവിടന്ന ഒരു പച്ചിലപോലെ അത്ര സ്വച്ഛമാണി കാററ്!....എന്തിന്! മട്ടുപ്പാവിനടിയിൽ മുററി



Digitized By Kerala Sahitya Akademi

നിൽക്കുന്ന പുഷ്പങ്ങളെ, ഇതാ, ഇപ്പോൾ, നനഞ്ഞുകയായിരുന്നു അവർ. പച്ചിലപ്പടർപ്പിന്റേയും നനഞ്ഞ പനിനീർപ്പൂക്കളുടേയും പ്രിയകരമായ പരിമളം ഇതാ നമ്മുടെ സമീപത്തേയ്ക്കു വായുവിൽ തത്തിത്തത്തിവരികയാണ്....ഏതാണ്ടു മദ്ധ്യാഹ്നത്തോടടുത്തിരിക്കണമെന്നു തോന്നുന്നു, നേരം. പുഷ്പങ്ങൾ മണിമാളികയുടെ നിഴലിലായിക്കഴിഞ്ഞിരിക്കുന്നു....അതെ, നേരം മദ്ധ്യാഹ്നമായി....അതാ കേൾക്കുന്നു മണിയടി....കുഞ്ഞുങ്ങൾ കളിക്കുവാൻ കടൽക്കരയിലേയ്ക്കു പുറപ്പാടായി....ആ ഗുഹകളിൽ നാം ഇത്രയേറെ നേരം തങ്ങിനിന്ന കാര്യം, പരമാർത്ഥം പറഞ്ഞാൽ, ഞാനറിഞ്ഞേയില്ല കെട്ടോ.

ഗോളാഡ്

നാം അവയ്ക്കുള്ളിലിറങ്ങിയത് ഏതാണ്ടൊരു പതിനൊന്നുമണിയോടുകൂടിയായിരുന്നെന്നു തോന്നുന്നു.

പെല്ലീസ്

ഹേയ്, അതിലും നേരത്തേതന്നെ നാം ഇറങ്ങി; അതെ, അതിലും കാലേ ആയിരിക്കണം; പത്തരമണിയടിക്കുന്നതു ഞാൻ കേൾക്കുകയുണ്ടായി.

ഗോളാഡ്

ങ്ാ, ഒരു പത്തരയോ, പത്തേമുക്കാലോ!........

പെല്ലീസ്

. കൊട്ടാരക്കിളിവാതിലുകളെല്ലാം അവർ തുറന്നിട്ടിട്ടുണ്ട്. ഉച്ചതിരിഞ്ഞപ്പോൾ പതിവില്ലാത്തവിധം ഇന്നു ഉഷ്ണം വർദ്ധിച്ചിരിക്കും....എന്തിന്?....നമ്മുടെ അമ്മയും മെലിസാന്ദയും, അതാ, മണിമാളികയുടെ ജനലുകളിൽ ഒന്നിനടുത്തു പററിക്കൂടിയിട്ടുണ്ടല്ലോ........

ഗോളാഡ്

അതെ, അവർ തണലുള്ള ഭാഗംനോക്കിവന്ന് അവിടെയങ്ങനെ തങ്ങിക്കൂടിയിരിക്കയാണ്....മെലിസാന്ദയെസ്സംബ



Digitized By Kerala Sahitya Akademi

ഡിച്ചിടത്തോളം—ഓ, അതു പറയാൻ ഞാൻ വിട്ടുപോയി കെട്ടോ; നിങ്ങൾ തമ്മിൽ സംസാരിച്ചതു മുഴുവൻ ഞാൻ കേൾക്കുകയുണ്ടായി; ഇന്നലെ വൈകുന്നേരത്തെ നിങ്ങളുടെ വർത്തമാനം ഒരക്ഷരം വിടാതെ. പക്ഷേ സാരമില്ല, എനിക്കു തികച്ചുമറിയാം അതു വെറും നേരംപോക്ക്—വെറുമൊരു കുട്ടികളി—മാത്രമായിരുന്നു എന്ന്. പക്ഷേ, പെല്ലീസ്, അതു് ഇനിയും ആവർത്തിച്ചുകൂടാ. മെലിസാന്ദ, അവൾക്കു ചെറുപ്പം; അവളെ കണ്ടാൽത്തന്നെ ആർക്കും തോന്നും ഒരു മതിപ്പ് പോരെങ്കിൽ, അവൾ അടുത്തുതന്നെ ഒരമ്മയാവാൻ പോവുകയുമാണ്. ആ നിലയ്ക്കു വിശേഷിച്ചും നാമവളോടു വളരെ സൗമ്യമായിട്ടുവേണം പെരുമാറാൻ. പാവം, അവൾക്കു തീരെ കെല്പില്ല. ഇപ്പോഴും അവൾ തികച്ചും ഒരു മുതിർന്ന പെണ്ണായിട്ടില്ല. ഏററവും ലഘുവായ ഒരു വികാരംപോലും ചിലപ്പോൾ ആപൽക്കരമായിത്തീർന്നേയ്ക്കാം. നിങ്ങൾ ഇരുവരും തമ്മിൽ എന്തോ ചിലതുണ്ടെന്നു ന്യായമായി വിചാരിക്കാൻ എനിക്കു കാരണമുണ്ടായിട്ടുള്ള ആദ്യത്തെ സന്ദർഭമല്ല ഇതു....നിനക്കവളെക്കാൾ പ്രായക്കൂടുതലുണ്ട്; അതുകൊണ്ടു നിന്നോടുമാത്രം പറയുന്നതു ധാരാളം മതിയാകും. കഴിയുന്നിടത്തോളം അവളെ കണ്ടുമുട്ടാതെ കഴിച്ചുകൂട്ടുന്നതു നന്ന്....പക്ഷേ എല്ലായ്പ്പോഴും കാണുന്നവർക്കു കരുതിക്കൂട്ടി ചെയ്യുന്നതാണെന്നു പ്രത്യക്ഷത്തിൽ തോന്നത്തക്ക രീതിയിലുമാവരുതു്....അതങ്ങനെ പ്രകടമാകുന്ന മട്ടിലായിക്കൂടാ...അതാ, എന്താണാ കാടിൻെറ സമീപത്തായിക്കാണുന്നതു്?

പെല്ലീസ്

പട്ടണത്തിലേയ്ക്കു് അടിച്ചുകൊണ്ടുപോകുന്ന ആട്ടിൻപറ്റങ്ങൾ.



Digitized By Kerala Sahitya Akademi

ഗോളാഡ്

ഉപേക്ഷിക്കപ്പെട്ട കഞ്ഞുങ്ങളെപ്പോലെ അവയങ്ങനെ കരയുകയാണ്. അവയെ കണ്ടാൽ ആരും പറഞ്ഞുപോകും അവയ്ക്കു കശാപ്പുകാരന്റെ മണം അടിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന്. നമുക്കു മുത്താഴത്തിനകത്തേയ്ക്കു പോകാൻ ഇപ്പോൾ സമയമാകും. എന്തൊരു കൗതുകമുള്ള ദിവസം!—കൊയ്ത്തിനു പററിയ ഒരു നല്ല ദിവസമായിരുന്നു ഇന്ന്!

(പോകുന്നു)

## രംഗം അഞ്ച്

കൊട്ടാരത്തിന്റെ പുരോഭാഗം

[ഗോളാഡും കൊച്ചുനിയോൾഡും പ്രവേശിക്കുന്നു]

ഗോളാഡ്

വരൂ നിയോൾഡ്, നമുക്കു കുറച്ചിവിടെ ഇരിക്കാം. വരൂ, എന്റെ മടിയിൽ വന്നിരിക്കൂ. ഇവിടെയിരുന്നാൽ ആ കാട്ടിലെ വിശേഷങ്ങളെല്ലാം നമുക്ക് അസ്സലായി കാണാനൊക്കും. ഈയിടെ ഞാൻ നിന്നെ വളരെ അപൂർവ്വമായേ കാണാറുള്ളു; നീയും എന്താണ്ടെന്നെ ഉപേക്ഷിച്ച മട്ടാണ്. നിനക്കെപ്പോഴും ഒരു കൊച്ചമ്മതന്നെ കൊച്ചമ്മ. അവളെവിട്ട് ഒരു നിമിഷം നിന്നെ തനിച്ചു കിട്ടാൻ വിഷമം. നീ ഒട്ടും പരിഭ്രമിക്കേണ്ട. നിന്റെ കൊച്ചമ്മയുടെ ജനലുകൾക്കു തൊട്ടടിയിലാണു നാം ഈ ഇരിക്കുന്നത്—നേരം സന്ധ്യയായല്ലോ; നിന്റെ കൊച്ചമ്മ ഇപ്പോൾ നാമം ജപിക്കുകയായിരിക്കും. ആട്ടെ, നിയോൾഡേ, നിന്റെ കൊച്ചമ്മയും പെല്ലീസമ്മാമനും മിക്കപ്പോഴും ഒന്നിച്ചുതന്നെയാണിരിപ്പ്; അല്ലേ?



Digitized By Kerala Sahitya Akademi

നിയോൾഡ്

അതെ, അച്ഛാ അതെ. എപ്പോഴും അങ്ങനെതന്ന്യാ അച്ഛൻ ഇവിടെ ഇല്ലാത്ത അവസരത്തിൽ പ്രത്യേകിച്ചും. അച്ഛാ.........

ഗോലാഡ്

ങ്ാ!.....അതാ നോക്ക്യേ, ആരോ ഒരു വിളക്കുമായി പൂന്തോട്ടത്തിൽക്കൂടി കടന്നുപോകുന്നു.... പക്ഷേ നിയോൾഡേ, ഞാൻ കേട്ടിരിക്കുന്നത് അവർതമ്മിൽ തീരെ രസമില്ല, പിണക്കമാണ്, എന്നാണല്ലോ. അവർ എപ്പോഴും ശണ്ഠകൂടാറുണ്ട്, ഇല്ലേ? അതു ശരിയല്ലേ?

നിയോൾഡ്

അതെ, അച്ഛാ, അതെ. അതു ശരിയാണ്.

ഗോലാഡ്

ഹ്ഹേ?.....അത്യോ?.....ങ്അ, ങ്അ!—പക്ഷേ എന്തിനെപ്പററ്യാ അവർതമ്മിൽ ഇര ശണ്ഠകൂടുന്നത്.

നിയോൾഡ്

വാതിലിനെപ്പററി.

ഗോലാഡ്

എന്ത്? വാതിലിനെപ്പററിയോ? എന്തസംബന്ധമാ നീ പറയുന്നേ? ആട്ടെ, എല്ലാം എന്നോടൊന്നു വിവരിച്ചുപറഞ്ഞേ; എന്തിനാ അവരിങ്ങനെ വാതിലിനെപ്പററി വഴക്കിടുന്നത്?

നിയോൾഡ്

അതെന്താന്നോ? വാതിൽ എപ്പോഴും അങ്ങനെ തുറന്നിട്ടുകൊണ്ടിരിക്കാൻ സാധിക്ക്യോ?

ഗോലാഡ്

ആരാ തുറന്നിട്ടുകൊണ്ടിരിക്കാത്തെ?—ആട്ടെ, മിടുക്കനല്ലേ, പറയൂ, അവർ വഴക്കുകൂട്ടുന്നതെന്തിനെപ്പററിയാണ്?



Digitized By Kerala Sahitya Akademi

നിയോൽഡ്

എനിക്കറിഞ്ഞുകൂടാ അച്ഛാ....വിളക്കിനെപ്പററ്യാ, വിളക്കിനെ.

ഗോലാഡ്

എട, മഠയ, ഞാൻ പറയുന്നതു വിളക്കിനെപ്പററിയല്ല; ഇതാ ഇപ്പത്തന്നെ നമുക്ക സംസാരിക്കാം വിളക്കിനെപ്പററി. ഞാൻ നിന്നോടു പറയുന്നതു വാതിലിനെപ്പററിയാണ്. ആട്ടെ, ഞാൻ ചോദിക്കുന്നതിനുത്തരം പറയു; നീ നന്നായി സംസാരിക്കാൻ പഠിക്കണം; നിനക്കതിനു പ്രായമായി....ച്ഛെച്ഛെ, കൈയങ്ങനെ വായ്ക്കകത്തിടാതെ....വന്നേ, ഇവിടെ വന്നേ..

നിയോൽഡ്

അച്ഛാ! എന്റെ ഇഷ്ടോള്ള അച്ഛാ!....ഞാൻ ഇനി ഒരിക്കലും അങ്ങനെ ചെയ്യൂല്ല........(അവൻ കരയുന്നു)

ഗോലാഡ്

വരു, എന്തിനാ നീ കരയുന്നെ? ഊം എന്താണ് സംഗതി?

നിയോൽഡ്

ആവൂ! ആവൂ! അച്ഛാ, അച്ഛനെന്നെ നോവിക്കുണു........

ഗോലാഡ്

എന്ത്? ഞാൻ നിന്നെ നോവിച്ചോ?—ആട്ടെ, എവട്യാ ഞാൻ നിന്നെ വേദനിപ്പിച്ചേ?....ഒരിക്കലും ഞാനങ്ങനെ ചെയ്യാൻ ഉദ്ദേശിച്ചിരുന്നതല്ല........

നിയോൽഡ്

ദേ, ഇവിടെ....ഇവിടെ....എന്റെ ഈ കൊച്ചു കൈത്തണ്ടിൽ........

ഗോലാഡ്

പോട്ടെ, സാരോല്ല....ഞാനറിഞ്ഞോണ്ടല്ല, മോനേ!.... വാ....ഉം, മതി, മിടുക്കനല്ലേ, കരയാതേ!....നാളെ ഞാൻ



Digitized By Kerala Sahitya Akademi

നിനക്കു നല്ല ഒന്നാംതരം കൊറെ അമ്പുകളും അതിടാനൊള്ള ഒരു കുഴലും വാങ്ങിത്തരാം........

നിയോൾഡ്

ഏ്? എന്താച്ഛാ, എന്തൂന്നാ?

ഗോളാഡ്

അമ്പിടാനൊള്ള്യോരു കൊഴലും കൊറെ നല്ല ്യമ്പുകളും ......ആട്ടെ, ഇവിടെ വന്നേ......വാതിലിനെപ്പററി നിനക്കെന്തൊക്കെ അറിയാമോ അതൊക്കെ എന്നോട്, മിട്ടമിട്ടക്കനല്ല, വിസ്തരിച്ചൊന്നു പറഞ്ഞേ, കേക്കട്ടെ!

നിയോൾഡ്

വല്ല്യേ അമ്പുകളാണോ അച്ഛാ, വല്ല്യേ വല്ല്യേ നീട്ടോള്ള അമ്പുകൾ?

ഗോളാഡ്

അത്യേതെ; വളരെ വലിയ അമ്പുകൾ!—ആട്ടെ, നിയോൾഡേ, എന്തുകൊണ്ടാ അവർ വാതിൽ തുറന്നിടാത്തെ? —ഇങ്ങുവരു, ഞാൻ ചോദിക്കണതിനുത്തരം പറയു!—അല്ലാ, അല്ലാ; കരയാനായി വാപൊളിക്കാതിരി; ഞാൻ ദേഷ്യപ്പെട്ടകയല്ല. പെല്ലീസമ്മാമനും നിന്റെ കൊച്ചമ്മേം ഒന്നിച്ചിരിക്കുമ്പോഴത്തേപ്പോലെ നമുക്കിവിടെ സുഖമായിട്ടിരുന്നങ്ങനെ സംസാരിക്കാം. പറയു, അവർ രണ്ടുപേരും ഒന്നിച്ചിരിക്കുമ്പോൾ എന്തിനെക്കുറിച്ചാണവർ സംസാരിക്കാറ്?

നിയോൾഡ്

പെല്ലീസമ്മാമനും കൊച്ചമ്മേം ആണോ?

ഗോളാഡ്

അതെ; എന്തിനേക്കുറിച്ചാണവർ സംസാരിക്കാറ്?



Digitized By Kerala Sahitya Akademi

നിയോൾഡ്

അതോ? അതെന്നെക്കുറിച്ചാ!......എപ്പോഴും എന്നെക്കുറിച്ചാ!

ഗോല ഡ്

നിന്നെക്കുറിച്ചവർ പറയാറുള്ളതെന്തോന്നാ?

നിയോൾഡ്

അവർ പറയണോ, കേട്ടോ, അച്ഛാ, ഞാൻ വളന്നുവരുമ്പം വളരെ പൊക്കം വെയ്ക്കുന്നു്........

ഗോളാഡ്

ഛരടഗ്രഹപ്പെഴേ! കടലിൻെറ അടിത്തട്ടിൽ കിടന്നു നിധി തിരയുന്ന ഒരു കുരുടനെപ്പോലെയാണു് ഇവിടെ എൻെറ നില; അല്ലെങ്കിൽ കൊടുങ്കാററിൽ വഴിതെററിപ്പോയ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ; നീയാകട്ടെ......ഖ് ഹും......അതൊക്കെപ്പോട്ടെ....മോനേ!....നിയോൾഡേ! വാ, ഇവിടെ വന്നേ.... ഞാൻ എന്തോ വിചാരത്തിലങ്ങനെ മുഴുകിയിരിക്കയായിരുന്നു; നമുക്കിനി കാര്യമായി അല്പം ചി ു സംസാരിക്കാം....നിൻെറ പെല്ലിസമ്മാമനും കൊച്ചമ്മയും;—ആട്ടെ, ഞാൻ അവിടെ ഇല്ലാത്തപ്പോൾ അവർ ഒരിക്കലും എന്നെക്കുറിച്ചൊന്നും പറയാറില്ലേ?

നിയോൾഡ്

ഉവ്വ്, ഉവ്വ്; ഉവ്വച്ഛാ. അവരെപ്പോഴും തമ്മിത്തമ്മി പറയണെ അച്ഛനെക്കുറിച്ചാ!

ഗോളാഡ്

ങ്ഹാ!....ഇരിക്കട്ടെ....എന്താ അവരെന്നെക്കുറിച്ചു പറയാറ്?

നിയോൾഡ്

അവരു പറയണേ, കെട്ടോ അച്ഛാ, ഞാൻ അച്ഛനോളം പൊക്കം വയ്ക്കുന്നു്!



Digitized By Kerala Sahitya Akademi

ഗോളാഡ്

എല്ലായ്പ്പോഴും അവരൊന്നിച്ചാണോ നിൻെറ ഇരിപ്പ്?

നിയോൾഡ്

അത്യേച്ഛാ, അതെ. എപ്പഴും ഞാനവരടെ കൂടത്തന്ന്യാ ഇരിക്കണെ.

ഗോളാഡ്

അവർ നിന്നോടൊരിക്കലും വേറെ എവിടെങ്കിലും പോയിക്കളിക്കാൻ പറയാറില്ലേ?

നിയോൾഡ്

ഇല്ലച്ഛാ, ഇല്ല. ഞാൻ അടുത്തില്ലെങ്കി അവക്ക പേട്യാ!

ഗോളാഡ്

അവക്ക പേടിയോ?....ആട്ടെ, നീയെങ്ങനയാ അതു മനസ്സിലാക്കിയെ?

നിയോൾഡ്

ചെറിയമ്മ എപ്പഴും പോവല്ലേ, പോവല്ലേ, പോവല്ലേ എന്നു പറച്ചിലുതന്നെ പറച്ചിലാ....അവരേയ്, കെട്ടോ അച്ഛാ, ഭാഗ്യോല്ലാത്തോരാ...എന്നാലും അവർ ചിരിക്കണെണ്ട്...

ഗോളാഡ്

പക്ഷേ, അതുകൊണ്ടവക്ക പേടിയാണെന്നെങ്ങനെ മനസ്സിലാക്കാൻ കഴിയും?........

നിയോൾഡ്

അത്യേച്ഛാ, അതെ; അവക്ക പേട്യാ....വല്യേ പേട്യാ.....

ഗോളാഡ്

അതെങ്ങനെ?....നീയെങ്ങനയാ അവക്ക പേടിയാന്നു മനസ്സിലാക്കിയെ, അതു പറ!........

നിയോൾഡ്

ഇരുട്ടത്തിരുന്ന് എപ്പോഴും അവർ കരയണെ കാണാം, അതുതന്നെ........



Digitized By Kerala Sahitya Akademi

ഗോളാഡ്

ഓഹോ....അതു ശരി!........

നിയോൾഡ്

അതു കണ്ടാൽ കാണണോനും കരഞ്ഞുപോവും അച്ഛാ....

ഗോളാഡ്

അതെ, അതെ....അതു ശരിയാണ്........

നിയോൾഡ്

അവർ വല്ലാതെ വെളറിവെളത്തിരിക്യണു, അച്ഛാ!........

ഗോളാഡ്

അതെ....അതെ... ക്ഷമ!....ക്ഷമിക്കണം....എന്റെ ജഗദീശ്വരാ....ക്ഷമ........

നിയോൾഡ്

ങേ്?....എന്താച്ഛ....എന്താച്ഛൻ പറയണെ?

ഗോളാഡ്

ഹേയ്....ഒന്നൂല്ല....ഒന്നൂല്ല മോനേ....ദേ അവടെ, ആ കാട്ടിലൊരു ചെന്നായ നടന്നുപോണതു ഞാൻ കണ്ടു, അതാ— അപ്പും, നിയോൾഡേ പെല്ലീസമ്മാമനും നിന്റെ ചെറിയമ്മേറമ്മി വല്ലേ്യ ഇഷ്ടാല്ലേ?—അവക്ക തമ്മിൽ മനസ്സുകൊണ്ടു പൊരുത്തമുണ്ടെന്നറിയുന്നതിൽ ഞാൻ വളരെ സന്തോഷിക്കുന്നു....ആട്ടെ, നിയോൾഡ്, ചിലപ്പോഴൊക്കെ അവർ തമ്മിൽ ഉമ്മവെയ്ക്കാറുണ്ട്; ഇല്ലേ?........

നിയോൾഡ്

എന്താച്ഛൻ ചോദിച്ചെ? അവർ ഉമ്മവെയ്ക്കാറുണ്ടോന്നോ? ഇല്ല, ഇല്ല; ഹോ, അല്ലാ, ഉവ്വച്ഛാ, ഉവ്വ്....പക്ഷേ ഒരിക്കെ ഒരിക്കെമാത്രം....ഒരിക്കെ വല്ലേ്യ ഒരു മഴ, ഒരു കെണ്ടൻ മഴ, അങ്ങനെ പെയ്തുകൊണ്ടിരിക്കുമ്പോൾ........



Digitized By Kerala Sahitya Akademi

ഗോളാഡ്

എന്തു്, അവർ അന്യോന്യം ഉമ്മവെച്ചോ?....ഢ്ഹാ?.... എങ്ങനെ?....എങ്ങന്യാ അവരുമ്മവെച്ചെ?........

നിയോൾഡ്

ഇങ്ങന്യാ, എൻെറ പൊന്നച്ഛാ, ദേയ് ഇങ്ങന്യാ.....(ചിരിച്ചുകൊണ്ടു് അവൻ ഗോളാഡിൻെറ ചുണ്ടിൽ ഒരു ചുംബനം കൊടുക്കുന്നു) ഹാവൂ!....ഹോ!....അച്ഛൻെറ മീശ്യാച്ഛാ!....അതെൻെറ മോത്തു വല്ലാതെ തറയ്ക്കുണു....എനിക്കു വേദന്യേടുക്കുണു അച്ഛാ... അച്ഛൻെറ മീശ വല്ലാതെ നരച്ചുതൊടങ്ങി....അതുപോലെത്തന്നെ അച്ഛൻെറ തലമുടീം;....മുഴുവൻ നര....മുഴുവന്നര........

[കിഴക്കായി അവർ ഇരിക്കുന്ന ആ കിളിവാതിൽക്കൽ പ്രകാശം വ്യാപിക്കുകയും, ആ പ്രകാശധാര അവരുടെ മേൽ നിപതിക്കുകയും ചെയ്യുന്നു]

നോക്കൂ അച്ഛാ, നോക്കൂ, കൊച്ചമ്മ വെളക്കു കൊളുത്തി ....എന്തു വെളിച്ചം!....നോക്കൂ, എന്തു പ്രകാശമാണച്ഛാ ......

ഗോളാഡ്

അതെ, വെളിച്ചം ഉദിച്ചുതുടങ്ങുന്നു........

നിയോൾഡ്

നമക്കും അങ്ങോട്ടു പോവാച്ഛാ; വരൂ, നമക്കും ഒന്നങ്ങോട്ടു പോം.

ഗോളാഡ്

എങ്ങോട്ടേക്ക്യാ നെനക്കു പോവണ്ടെ?........

നിയോൾഡ്

വെളിച്ചോള്ളേടത്തച്ഛാ, വെളിച്ചോള്ളേടത്തു്.

ഗോളാഡ്

ഛേയ്, പാടില്ല മോനേ, പാടില്ല. നമുക്കു കുറച്ചുനേരം ഇവിടെ ഈ നിഴലിൽ ഇരിക്കാം....ആക്കും പറയാൻ കഴിയി



Digitized By Kerala Sahitya Akademi

ല്ല....ആക്കം പറയാൻ കഴിയില്ല ഇനിയും....അതാ അവിടെ ആ കാട്ടിൽ കുറച്ചു തീപിടിപ്പിക്കാൻ ശ്രമിക്കുന്ന ആ സാധുക്കളെ നീ കാണുന്നുണ്ടോ?—ഊഠൗം....ശരി, അപ്പോൾ മഴയങ്ങനെ ധാരമുറിയാതെ പെയ്യുകയായിരുന്നു....ഊഠൗം....ദേ, നോക്കൂ, മറേറ വശത്തു കാററടിച്ചു വഴിക്കു വിലങ്ങനെ മറിഞ്ഞു വീണ ആ മരം പിടിച്ചുമാററാൻ ആ കിഴവൻ തോട്ടക്കാരൻ പാടുപെടുന്നതു നീ കാണുന്നുണ്ടോ?—പാവം, അവനതു സാദ്ധ്യമല്ല. വളരെ വലുതാണ് ആ മരം. അതെവിടെ വീണോ അവിടെത്തന്നെ അതു കിടക്കും....അതിനു മററു യാതൊരു നിവൃത്തിയുമില്ല....എനിക്കു തോന്നുന്നു പെല്ലീസിനു ഭ്രാന്താണെന്ന്........

നിയോൾഡ്

അല്ലാ അച്ഛാ, പെല്ലീസമ്മാമനു ഭ്രാന്തല്ല. പക്ഷേ വളരെ ദെയോള്ളാളാ........

ഗോളാഡ്

ആട്ടെ, നിനക്കിപ്പോൾ നിന്റെ ചെറിയമ്മയെ ഒന്നു കാണണോന്നൊണ്ടോ?........

നിയോൾഡ്

ഒണ്ടച്ഛാ....ഉവ്വ്; ചെറിയമ്മയെ എനിക്കു കാണണം.

ഗോളാഡ്

എന്നാൽ ലേശമെങ്കിലും ശബ്ദമുണ്ടാക്കരുത്. ഞാൻ നിന്നെ എടുത്തു കിളിവാതിൽക്കൽ പൊക്കിക്കാട്ടാം. നീ നോക്കിക്കോ.....എന്നേക്കാൾ പൊക്കത്തിലാണ് കിളിവാതിൽ.... (ഗോളാഡ് കുഞ്ഞിനെ എടുത്ത് ഉയർത്തുന്നു) ഒരു നേരിയ ശബ്ദംപോലും ഉണ്ടാക്കരുത്; ചെറിയമ്മ വല്ലാതെ ഭയപ്പെട്ടുപോകും....ആട്ടെ, നിനക്കു കാണാമോ അവളെ?....അവൾ മുറിക്കകത്തുണ്ടോ?



Digitized By Kerala Sahitya Akademi

നിയോൾഡ്

ഒണ്ട്....ഹോ, എന്തു വെളിച്ചം!

ഗോളാഡ്

അവൾ തനിച്ചാണോ?........

നിയോൾഡ്

അതെ....അല്ല, അല്ല; പെല്ലീസമ്മാമനൊണ്ടവടെ.

ഗോളാഡ്

അവനോ!........

നിയോൾഡ്

ഹാവൂ! ഹാവൂ....എന്നെ അച്ഛൻ വല്ലാതെ വേദനിപ്പിക്കണു........

ഗോളാഡ്

സാരമില്ല; ഒന്നു മിണ്ടാതിരി; ഞാനിനി അങ്ങനെ ചെയ്യില്ല....നോക്ക് നിയോൾഡേ, നല്ലപോലെ നോക്ക്!....എന്റെ കാലൊന്നു വഴുതിപ്പോയി....കുറച്ചുകൂടി പതുക്കെ സംസാരിക്ക്....എന്താണവർ അവിടെ ചെയ്യുന്നത്?........

നിയോൾഡ്

അവരൊന്നും ചെയ്യണില്ലാച്ഛാ....അവരെന്തോ നോക്കിക്കൊണ്ടു നിൽക്കുകയാ........

ഗോളാഡ്

അവരടുത്തടുത്താണോ?

നിയോൾഡ്

അല്ലച്ഛാ, അല്ല.

ഗോളാഡ്

പിന്നെ?....കിടക്കയോ?....അവർ കിടക്കയുടെ അടുത്താണോ?

നിയോൾഡ്

കെടക്ക്യോ?....ഞാൻ കെടക്ക കാണണില്ലല്ലോച്ഛാ!



Digitized By Kerala Sahitya Akademi

ഗോലാഡ്

ശ്! ശ്! കുറച്ചുകൂടി പതുക്കെ, കുറച്ചുകൂടി പതുക്കെ. അവർ കേക്കും നീ പറയുന്നത്....അവർ എന്തെങ്കിലും സംസാരിക്കുകയാണോ?.......

നിയോൾഡ്

അല്ലാച്ഛാ; അവരൊന്നും മിണ്ടണില്ല.......

ഗോലാഡ്

പിന്നെ?....എന്താ പിന്നവരവടെച്ചെയ്യണത്? അതു പറ....അവരെന്തെങ്കിലുമൊന്നു ചെയ്യോണ്ടിരിക്ക്യണോല്ലോ.......

നിയോൾഡ്

അവര് വിളക്കിന്റെനേക്കു നോക്കുകയാ....വെളിച്ചത്തെ!

ഗോലാഡ്

രണ്ടുപേരും?—അവർ രണ്ടുപേരും?

നിയോൾഡ്

അത്യേച്ഛാ.......

ഗോലാഡ്

എന്നട്ടൊന്നും മിണ്ടണൂല്ല?

നിയോൾഡ്

ഇല്ലച്ഛാ....അവരു കണ്ണു ചിമ്മണില്ല....തുറിച്ചുനോക്കിക്കൊണ്ടിരിക്ക്യാ.......

ഗോലാഡ്

അവർ അടുത്തോട്ടടുത്തോട്ടു നീങ്ങി ചെല്ലണില്ലേ?

നിയോൾഡ്

ഇല്ലച്ഛാ....അവർ അനങ്ങിയിട്ടില്ല.

ഗോലാഡ്

അവർ ഇരിക്കുകയാണോ?

നിയോൾഡ്

അല്ലച്ഛാ....അവർ നിക്കുകയാ....ചൊമരിന്റെ അടുക്കെ.



Digitized By Kerala Sahitya Akademi

ഗോളാഡ്

അവർ തമ്മിൽ ആംഗ്യമൊന്നും കാണിക്കുന്നില്ലേ?—മുഖത്തോടുമുഖം നോക്കിക്കൊണ്ടല്ലേ അവർ നിൽക്കുന്നെ?—നല്ലപോലെ നോക്ക്—അവർ കൈകൊണ്ടോ മറേറാ എന്തെങ്കിലും ആംഗ്യം കാണിക്കുന്നില്ലേ?

നിയോൾഡ്

ഇല്ലച്ഛാ, ഇല്ല....ഹയ്യോ! അച്ഛാ, അവർ ഇതുവരെ കണ്ണൊന്നു ചിമ്മീട്ടില്ല....എനിക്കു വല്ലാതെ പേട്യാവണു അച്ഛാ....എന്നെ ഇറക്കൂ........

ഗോളാഡ്

ഒന്നനങ്ങാതിരി അവിടെ....ആട്ടെ, നോക്കിയേ, അവർ ഇപ്പോഴും നിന്നിടത്തുനിന്നിളകിയിട്ടില്ലേ?........

നിയോൾഡ്

ഇല്ലച്ഛാ....അയ്യോ, എനിക്കു വല്ലാതെ പേട്യാവണു.... എന്നെത്താഴേലേക്കു് എറക്കിവിടു........

ഗോളാഡ്

എന്താ ഇത്ര പേടിക്കാനൊള്ളെ!—നോക്ക്! നല്ലപോലെ നോക്ക്!........

നിയോൾഡ്

ഇനി എനിക്കു നോക്കാനരുതച്ഛാ....എനിക്കു വല്ലാതെ പേട്യാവണു....എന്നെ ഒന്നിനി താഴെയ്ക്കെറക്കൂ........

ഗോളാഡ്

ച്ഛെ, നോക്കാനല്ലേ നിന്നോടു പറഞ്ഞെ? നോക്ക്!........

നിയോൾഡ്

ഹാവൂ!....ഞാൻ നെലോളിക്കും....എൻെറ പൊന്നച്ഛനല്ലേ....എന്നെ താഴെ എറക്കൂ....എന്നെ താഴെ എറക്കു!........

ഗോളാഡ്

എന്നാ വന്നേ....എന്താണുണ്ടായതെന്നു നമുക്ക് അകത്തോട്ടുപോയി നോക്കിക്കളയാം........

(പോകുന്നു)



Digitized By Kerala Sahitya Akademi

# നാലാമങ്കം

## രംഗം ഒന്ന്

കൊട്ടാരത്തിലെ ഒരിടനാഴി

[പെല്ലീസും മെലിസാന്ദയും അന്യോന്യം അഭിമുഖരായി നടന്നുവരുന്നു]

പെല്ലീസ്

നീ എവിടേയ്ക്കു പോകുന്നു? ഇന്നു വൈകീട്ട് എനിക്കു നിന്നെ ഒന്നു കാണണം; കുറച്ചു സംസാരിക്കാനുണ്ട്. എന്താ കാണാമോ?

മെലിസാന്ദ

ആവാം.

പെല്ലീസ്

ഞാൻ അച്ഛന്റെ മുറിയിൽനിന്ന് ഇതാ ഇപ്പോഴിങ്ങു പോന്നതേയുള്ളു. അദ്ദേഹത്തിനു വളരെ ഭേദമുണ്ട്. ഇനി അപകടമൊന്നുമില്ല, പേടിക്കാനില്ല, എന്നു ഡോക്ടർ ഞങ്ങളോടു പറഞ്ഞിരിക്കുന്നു. പക്ഷേ ഇന്നത്തെ ദിവസം അമംഗളമായേ അവസാനിക്കൂ എന്ന് ഇന്നു രാവിലെ എനിക്കൊരു ഭൂതോദയം തോന്നിയിരിക്കുന്നു. ആപത്തു കുറച്ചുനാളായി സദാ എന്റെ ചെവിയിലങ്ങനെ മുരളുകയാണ്....അങ്ങിനെയിരിക്കെ പൊടുന്നനെ ഒരു മാററം വന്നു; ഇന്നിപ്പോൾ അതു കാലത്തെ സംബന്ധിക്കുന്ന ഒരു ചോദ്യം മാത്രമാണ് — അതായതു് ഉടനടിയോ അല്പം അമാന്തിച്ചിട്ടോ എന്നുമാത്രം ഒരു സംശയം. അവർ മുറിയുടെ കിളിവാതിലുകളെല്ലാം തുറന്നിട്ടിട്ടുണ്ട്. അദ്ദേഹം സംസാരിക്കുന്നു; അദ്ദേഹത്തിനു മനസ്സിൽ



Digitized By Kerala Sahitya Akademi

വലിയ ആഹ്ലാദമുള്ളതുപോലെ തോന്നുന്നു. സാധാരണയൊരു മനുഷ്യനെപ്പോലെയല്ല ഇപ്പോഴും അദ്ദേഹത്തിന്റെ സംസാരം; പക്ഷേ ഒന്നു പറയാം; അദ്ദേഹത്തിന്റെ അന്തർഗ്ഗതങ്ങൾ ഒന്നുംതന്നെ ഇപ്പോൾ പരലോകത്തുനിന്നു വരുന്നതുപോലെ തോന്നുന്നില്ല....അദ്ദേഹം എന്നെ ശരിക്കും മനസ്സിലാക്കിക്കഴിഞ്ഞു. അദ്ദേഹം കിടപ്പായതുമുതൽ സാദരം അദ്ദേഹത്തിനുള്ള ആ വിചിത്രമായ നോട്ടത്തോടുകൂടി എന്റെ കൈ പിടിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: 'ആരാ ഇത്? പെല്ലീസോ?— പിന്നെ എന്തെല്ലാം?....നിന്റെ മുഖം വിഷാദമയമായിരിക്കുന്നല്ലോ....ദയനീയമായിരിക്കുന്നല്ലോ....ഇനി അധികനാൾ ജീവിച്ചിരിക്കുവാൻ കഴിയാത്ത ഒരു മനുഷ്യന്റെ മുഖംപോലെയാ നിന്റെ മുഖം....നീ ചുററിസ്സഞ്ചരിക്കണം....മറുസ്ഥലങ്ങളെ യാത്രചെയ്യണം....പല സ്ഥലങ്ങളിലും!....' വിചിത്രം! ഞാൻ അദ്ദേഹം പറയുന്നതുപോലെതന്നെ അനുസരിക്കാം....എന്റെ അമ്മ അടുത്തുനിന്ന് എല്ലാം ചെവികൊടുത്തു കേൾക്കുകയായിരുന്നു....അവരുടെ കണ്ണിൽ ആനന്ദംകൊണ്ടു കണ്ണുനീർ പൊടിഞ്ഞു....ആട്ടെ, നീയതു സൂക്ഷിച്ചിട്ടില്ലേ....വീട്ടിനാകപ്പാടെ വീണ്ടും ഒരു ജീവൻവെച്ചപോലെ തോന്നുന്നുണ്ട്. മുട്ടിമുട്ടിനില്ക്കുന്ന മനുഷ്യരുടെ ശ്വാസോച്ഛ്വാസം, സംസാരം, കാൽപ്പെരുമാററം—ഇവയെല്ലാം ഇവിടെ ഇപ്പോൾ കേൾപ്പാനുണ്ട്.... അതാ, ശ്രദ്ധിക്കൂ; വാതിലിന്റെ പിന്നിൽ ഞാൻ ചില സ്വരങ്ങൾ കേൾക്കുന്നു....വേഗമാകട്ടേ, വേഗം, വേഗം....ഞാൻ ചോദിക്കുന്നതിന്നു സമാധാനം പറയൂ!—എവിടെയാണ് നിന്നെ ഞാൻ കാണുക?

മെലിസാന്ദ

എവിടെക്കാണുന്നതാ ഇഷ്ടം?



Digitized By Kerala Sahitya Akademi

പെല്ലീസ്

ഉദ്യാനത്തിൽ....'കുരുടൻകിണററി'ന്നു സമീപം?....എന്താ, സമ്മതിച്ചോ?....നീ വരുമോ?........

മെലിസാന്ദ

ഉവ്വ്.

പെല്ലീസ്

അവസാനത്തെ സന്ധ്യയാണിതു്....ഞാൻ യാത്രചെയ്യാൻ പോവുകയാണു്, അച്ഛൻ പറഞ്ഞതുപോലെ....ഒരിക്കലും നീയിനി എന്നെ കാണുകയില്ല, ഒരിക്കലും........

മെലിസാന്ദ

അങ്ങനെ പറയാതിരിക്കു പെല്ലീസ്!....ഞാൻ എന്നും എപ്പോഴും നിങ്ങളെ കാണും;....എപ്പോഴും നിങ്ങളെന്നെ കണ്ണെടുക്കാതങ്ങനെ നോക്കിക്കൊണ്ടിരിക്കും........

പെല്ലിസ്

അതൊക്കെ കാര്യം ശരിതന്നെ....പക്ഷേ ഞാൻ വളരെ വളരെ വളരെ ദൂരത്തായിരിക്കും; നിനക്കെന്നെ കാണാൻ സാധിക്കില്ല....കഴിയുന്നിടത്തോളം അകലെയകലെച്ചെന്നു പാറാൻ ഞാൻ ശ്രമിക്കും. എന്റെ ഹൃദയം മുഴുവനും ആനന്ദമയമായിരുന്നു....അതെ; ആനന്ദം അതിലങ്ങനെ വിതുമ്പിത്തുളുമ്പുകയായിരുന്നു. ഇന്നാകട്ടെ, സ്വർഗ്ഗത്തിൻേറയും ഭൂമിയുടേയും കനം മുഴുവൻ എന്റെ ശരീരത്തിൽ തൂങ്ങിനില്ക്കുന്നപോലെ എനിക്കു തോന്നുകയാണു്........

മെലിസാന്ദ

എന്താ സംഗതി, പെല്ലീസേ?—എനിക്കൊന്നുംതന്നെ മനസ്സിലാകുന്നില്ലല്ലോ!....ലേശംപോലും മനസ്സിലാകുന്നില്ലല്ലോ, പെല്ലീസേ!....നിങ്ങൾ എന്തൊക്കെയാ ഈ പറയുന്നേ?



Digitized By Kerala Sahitya Akademi

പെല്ലീസും മെലിസാന്ദയും

പെല്ലീസ്

പൊയ്ക്കോളൂ, പൊയ്ക്കോളൂ.....നമുക്കു പിരിയാം....അതാ, ആ വാതിലിന്റെ പിന്നിൽ ഞാൻ ആരുടെയൊക്കെയോ സ്വരങ്ങൾ കേൾക്കുന്നു....അതെ,....കൊട്ടാരത്തിൽ ഇന്നു രാവിലെ വന്ന ആ ആളുകൾ പുറത്തേയ്ക്കു പോവുകയാണ്....അവിടെ നില്ക്കണ്ടാ....പൊയ്ക്കോളൂ....അവർ പുറപ്പെടുകയാണ്.... അവരങ്ങു പൊയ്ക്കോള്ളട്ടേ!........

(രണ്ടുവഴിയായി പോകുന്നു)

## രംഗം രണ്ട്

കൊട്ടാരത്തിനകത്ത് ഒരു മുറി

[ആർക്കേലും മെലിസാന്ദയും പ്രത്യക്ഷപ്പെടുന്നു]

ആർക്കേൽ

ഹാവൂ! പെല്ലീസിന്റെ അച്ഛന്റെ അപകടമൊക്കെ ഒരു വിധം അവസാനിച്ചു. ഏറെക്കാലമായി മരണത്തിന്റെ സിൽബന്ധിയായിരുന്ന ആ രോഗം, ഒടുവിലിതാ, കൊട്ടാരംവിട്ടു പൊയ്ക്കഴിഞ്ഞിരിക്കുന്നു....ഇനിയേതായാലും ഇവിടെ ഒരാഹ്ലാദവും സൂര്യപ്രകാശവുമൊക്കെ വന്നുചേരും. നീയിവിടെ വന്നതിനുശേഷം, ഒരടച്ചിട്ട മുറിക്കകത്തെന്നതുപോലെ, നാം ഒച്ച പുറത്തുകേൾക്കാതെ അങ്ങനെ മന്ത്രിച്ചുമന്ത്രിച്ചു കഴിച്ചുകൂട്ടുകയായിരുന്നു....പക്ഷേ, തീർച്ചയായും, മെലിസാന്ദേ, എനിക്കു നിന്നിൽ വലിയ അനുകമ്പയുണ്ടായിരുന്നു....വിനോദത്തിനെന്നുവഴി, എന്തുവഴി എന്നു തിരക്കിക്കൊണ്ട്, ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ആനന്ദത്താൽ മതിമറന്നാണ് നീയിവിടേയ്ക്കു വന്നത്;എന്നാൽ ഇവിടത്തെ ഈ വിശാലമായ ശാലയിൽ നീ കാൽകുത്തിയ നിമിഷത്തിൽ, എത്രതന്നെ ശ്രമിച്ചിട്ടും ഗത്യന്ത



Digitized By Kerala Sahitya Akademi

രമില്ലാത്തതുനിമിത്തം മദ്ധ്യാഹ്നത്തിൽ എത്രയും ഇരുളടഞ്ഞതും എത്രയും തണുപ്പു മററിയതുമായ ഒരു ഗുഹയിൽ പ്രവേശിക്കു മ്പോൾ ഒരുവൻെറ മുഖത്തിനുണ്ടാകുന്ന ഭാവമാററംപോലെ, നിൻെറ മുഖത്തിന്—പക്ഷേ അതോടൊപ്പം ആത്മാവിനുംകൂടി—ഒരുമാററമുണ്ടാകുന്നതു ഞാൻ സൂക്ഷിക്കുകയുണ്ടായി. അതിനുശേഷം ഇതുവരെ, ഇതെല്ലാംകാരണം പലപ്പോഴും എനിക്കു നിൻെറ യഥാൎത്ഥനിലയെന്തെന്നു സൂക്ഷ്മമായി ഗ്രഹിക്കുവാൻ തരപ്പെട്ടിട്ടില്ല....ഞാൻ നിന്നെ സൂക്ഷിച്ചുകൊണ്ടിരുന്നു. മനോഹരമായ ഒരുദ്യാനത്തിൽ ആദിത്യകാന്തിയിൽ ആറാടിക്കൊണ്ട് അലസതയോടും എന്നാൽ സദാ ദുസ്സഹമായ ഒരു ദുഃഖസംഭവത്തെ പ്രതീക്ഷിച്ചുകൊണ്ടും നിൽക്കുന്ന ഒരാളുടെ പരിഭ്രാന്തമായ നോട്ടത്തോടുകൂടി നീ-യവിടെ നിലകൊണ്ടു....എനിക്കുതന്നെ വിവരിക്കുവാൻ കഴിയുന്നില്ല. നിൻെറ മുഖത്തു നോക്കുമ്പോൾ എനിക്കു കുണ്ഠിതം തോന്നി; എന്തുകൊണ്ടെന്നാൽ നീ നന്നെ ചെറുപ്പമാണ്; രാപ്പകൽ മരണത്തിൻെറ ശ്വാസം ശ്വസിച്ചുകൊണ്ടു കഴിച്ചുകൂട്ടാൻ നിനക്കു സാദ്ധ്യമല്ല. അത്രമാത്രം സുന്ദരിയുമാണ് നീ....പക്ഷേ, ഇനിയിപ്പോൾ എല്ലാം ഒന്നു വ്യത്യാസപ്പെടും. എൻെറ പ്രായത്തിൽ—എൻെറ ജീവിതത്തിൻെറ ആകെക്കൂടിയുള്ള എററവും നിശ്ചിതമായ ഫലമായിരിക്കാം, പക്ഷേ ഇതു്—എൻെറ പ്രായത്തിൽ സംഭവങ്ങളുടെ സുസ്ഥിരാവസ്ഥയിൽ എന്തൊരടിയുറച്ച വിശ്വാസമായിരുന്നെന്നോ എനിക്ക്! അതുപോലെതന്നെ പ്രായച്ചെറുപ്പവും സൗന്ദൎയ്യവും ഉള്ള ഓരോ ജീവിയും അതിനു ചുററും യുവത്വവും സൗന്ദൎയ്യവും സന്തോഷസൗഭാഗ്യങ്ങളും സ്വയം ഒത്തിണങ്ങിയ സംഭവങ്ങളെ രൂപീകരിക്കുന്നതായും ഞാൻ സൂക്ഷിച്ചു നോക്കിമനസ്സിലാക്കിയിട്ടുണ്ട്. അസ്പഷ്ടമായിട്ടാണെങ്കിൽ ഞാൻ ദീൎഘദൎശനംചെയ്യുന്ന ആ നവയുഗത്തിൻെറ കവാടോൽഘാട



Digitized By Kerala Sahitya Akademi

നം നീയാണിപ്പോൾ നിവ്വഹിക്കുവാൻപോകുന്നത്....ഇവിടെ വരൂ....നീയെന്താണിങ്ങനെ ഒന്നും സമാധാനം പറയാതേയും കണ്ണുയൎത്തി നേരെ നോക്കാതേയും ഇരിക്കുന്നതു്? ഇന്നേവരെ നോക്കിയാൽ ഒരൊററ പ്രാവശ്യമേ ഞാൻ നിന്നെ ചുംബിച്ചിട്ടുള്ളു. ഒന്നു നീ മനസ്സിലാക്കണം: പ്രായംചെന്ന മനുഷ്യക്ക് അവരുടെ അധരങ്ങൾകൊണ്ടു ചിലപ്പോഴൊക്കെ ഒരു സ്ത്രീയുടെ പുരികക്കൊടിയോ ഒരു കുഞ്ഞിൻെറ കവിൾത്തടമോ സ്പൎശിക്കേണ്ട ആവശ്യമുണ്ടു്; കാരണം പറയാം; അതുമൂലം ജീവിതത്തിൻെറ പുതുമയിൽ വിശ്വസിക്കുവാനും അലട്ടുകളെ ഒരു നിമിഷത്തേയ്ക്കെങ്കിലും അകലത്താട്ടിപ്പായിക്കുവാനും അവൎക്കു സാധിച്ചേയ്ക്കും....പറയൂ, എന്താ എൻെറ അധരങ്ങളെ നീ ഭയപ്പെടുന്നോ?....ഇക്കഴിഞ്ഞ ഏതാനും മാസങ്ങളായി നിൻെറ കാൎയ്യമോൎത്തു ഞാൻ എത്രമാത്രം അനുതപിച്ചിട്ടുണ്ടെന്നു നിനക്കറിയാമോ!........

മെലിസാന്ദ

മുത്തച്ഛാ, ഞാൻ ഒരിക്കലും അസന്തുഷ്ടയായിരുന്നില്ലല്ലോ........

ആർക്കേൽ

ഒരുപക്ഷേ വാസ്തവത്തിൽ അസന്തുഷ്ടയായിരുന്നിട്ടും അതറിയാതിരിക്കുന്നവരിൽ ഒരാളായിരുന്നിരിക്കാം നീ...അങ്ങനെയുള്ളവരാണ് ഏററവും അസന്തുഷ്ടർ....ഇങ്ങോട്ടു നീങ്ങിനില്ക്കൂ....വളരെ അടുത്തു് ഇതാ ഇങ്ങനെ ചേൎന്നുനിന്നു, ഒരു നിമിഷം, ഞാൻ നിൻെറ മുഖത്തേയ്ക്കൊന്നു നോക്കട്ടെ. മരണം ഒരുവനെ മുട്ടിനില്ക്കുന്ന അവസരത്തിൽ ഇങ്ങനെയുള്ള സൌന്ദൎയ്യത്തിൻെറ ആവശ്യം അവനുണ്ടായിരിക്കും........

[ഗോലാഡ് പ്രവേശിക്കുന്നു]

ഗോലാഡ്

പെല്ലീസ് ഇന്നു വൈകീട്ടു യാത്രയാണ്.



Digitized By Kerala Sahitya Akademi

ആർക്കേൽ

അതാ, നിന്റെ നെററിയിൽ രക്തമുണ്ടല്ലോ—നീ ഇതു വരെ എന്തു ചെയ്യുകയായിരുന്നു?

ഗോളാഡ്

ഏയ്, ഒന്നുമില്ല, ഒന്നുമില്ല....ഞാനൊരു മുള്ളുവേലിക്കിടയ്ക്കു കൂടി കടന്നുപോയി.

മെലിസാന്ദ

പ്രഭോ, അങ്ങയുടെ തലയല്പം കുനിക്കൂ....ഞാൻ അങ്ങയുടെ പുരികം തുടയ്ക്കാം.

ഗോളാഡ്

നീയെന്നെത്തൊട്ടുകൂടാ....ഇല്ല, ഞാനതു സമ്മതിക്കില്ല. എന്താ, കേൾക്കുന്നോ? പോ, കടന്നുപോ!—ഞാൻ നിന്നോടല്ല സംസാരിക്കുന്നതു്—എന്റെ വാളെവിടെ?—ഞാനിപ്പോൾ വന്നതു് എന്റെ വാൾ നോക്കിയെടുക്കുവാനാണ്.....

മെലിസാന്ദ

ഇതാ ഇവിടെ; ഈ പ്രാർത്ഥനാപീഠത്തിന്റെ മീതെ.. ....

ഗോളാഡ്

ഊംംം....അതിങ്ങെടുത്തോണ്ടുവാ!.....(ആർക്കേലിനോട്) പട്ടിണികിടന്നു മരിച്ച മറെറാരു പാവപ്പെട്ട നിർഭാഗ്യജീവിയെക്കൂടി ഇതാ ഇപ്പോൾ കടൽപ്പുറത്തു കണ്ടെത്തുകയുണ്ടായി ....നമ്മുടെ ഈ കണ്ണുകൾക്കു മുമ്പിൽ കിടന്നുതന്നെ അവർ ചാകാൻ തുനിഞ്ഞിരിക്കയാണെന്നു തോന്നുന്നു. (മെലിസാന്ദയോട്) കൊള്ളാം, എന്റെ വാൾ, അല്ലേ?—ഊംംം....എന്തിനാ നീയിങ്ങനെ വിറയ്ക്കുന്നെ?—ഞാൻ നിന്നെ കൊല്ലാൻ പോവുകയല്ല....എനിക്കു് അതിന്റെ അലകൊന്നു പരിശോധിക്കണം; അത്രയേ ഉള്ളൂ. ആ വക കാര്യത്തിനൊന്നും ഒരു വാൾ ഞാൻ ഉപയോഗിക്കുകയില്ല....ഞാൻ ഒരു പിച്ചക്കാര



Digitized By Kerala Sahitya Akademi

നായിരുന്നാലെന്നതുപോലെ നീയെന്നെ എന്താണിങ്ങനെ ശ്രദ്ധിച്ചു പരിശോധിക്കുന്നത്? ഞാൻ നിന്നോടു പിച്ചയിരക്കാൻ വന്നിട്ടുള്ളവനല്ല. എന്റെ കണ്ണുകളിൽനിന്ന് എന്തെങ്കിലുമല്പം മനസ്സിലാക്കാമെന്നു നീയാശിക്കുന്നുണ്ടോ; നിന്റെ ദൃഷ്ടികളിൽനിന്നു ഞാനെന്തെങ്കിലും മനസ്സിലാക്കാതെ?—ആട്ടെ, എനിക്കെന്തെങ്കിലുമറിയാമെന്ന്, ഞാനെന്തെങ്കിലും അറിഞ്ഞിട്ടുണ്ടെന്ന്, നിനക്കു തോന്നുന്നുണ്ടോ? — (ആർക്കേലിനോട്) നോക്കൂ, ആ വിസ്താരമുള്ള വിടർന്ന കണ്ണുകൾ അവിടുന്നു കാണുന്നോ? ഒരുവൻ പറയും, ഐശ്വര്യസമ്പൂർണ്ണമായിരിക്കുന്നതിൽ അവ അഭിമാനം കൊണ്ടിരുന്നുവെന്ന്!........

ആർക്കേൽ

മഹനീയമായ നിഷ്കളങ്കതയല്ലാതെ മറ്റൊന്നുംതന്നെ ഞാനവയിൽ കാണുന്നില്ല.

ഗോളാഡ്

മഹനീയമായ നിഷ്കളങ്കത!....അവ നിഷ്കളങ്കതയേക്കാൾ മഹനീയങ്ങളാണ്....കുട്ടിൻകുട്ടിയുടെ കണ്ണുകളേക്കാൾ പ്രശാന്തനിർമ്മലങ്ങളാണ്....നിഷ്കളങ്കതയെക്കുറിച്ച് ഈശ്വരനു പാഠങ്ങൾ കൊടുക്കാൻ അവയ്ക്കു കഴിവുണ്ട്. ഹാ, മഹനീയമായ നിഷ്കളങ്കത! ഒന്നു ചെവിതന്നു കേൾക്കൂ; ഞാൻ അവയുമായി അത്രയടുത്തു വർത്തിക്കുന്നതിനാൽ, അവ മിഴിക്കുമ്പോൾ അവയുടെ പോളകളുടെ നവീനത ഞാൻ അനുഭവിക്കുന്നു. എന്നിരുന്നാലും ആ കണ്ണുകളിലെ ഏറ്റവും നിസ്സാരമായ രഹസ്യംപോലും എനിക്ക് അജ്ഞാതമാണ്; പരലോകത്തിലെ മഹാരഹസ്യങ്ങൾ എനിക്കതിനേക്കാൾ നന്നായറിയാൻ കഴിയും. മഹത്തായ നിഷ്കളങ്കത!....നിഷ്കളങ്കതയേക്കാൾ വിലപ്പെട്ട എന്തോ ആണത്! സ്വർഗ്ഗത്തിലെ ദേവതകൾ അവിടെ അനവരതമായി ഒരു 'മാമൂദീസാ' നടത്തുകയാണെന്നു തോ



Digitized By Kerala Sahitya Akademi

ന്നിപ്പോകും....അവയെ ഞാൻ നന്നായറിയുന്നു, ആ കണ്ണുകൾ! ....പ്രവൃത്തിയിലേപ്പെട്ടിരിക്കുന്ന നിലയിൽ ഞാൻ അവയെ കണ്ടിട്ടുണ്ട്. അവയെ അടയ്ക്കു്! അവയെ അടയ്ക്കു്....അല്ലെങ്കിൽ എന്നെന്നേയ്ക്കുമായി ഞാൻ അവയെ അടപ്പിക്കും—നിന്റെ വലതുകൈ മണിക്കഴുത്തിൽ പൊക്കിവെയ്ക്കാതിരിക്ക്! വെറുമൊരു സാധാരണ സംഗതി മാത്രമാണ് ഞാനീ പറയുന്നത്....പെട്ട കൂടിയ വിചാരങ്ങൾ ഒന്നുംതന്നെ എനിക്കില്ല. പെട്ടകൂടിയ എന്തെങ്കിലുമൊരു വിചാരം എനിക്കുണ്ടായിരുന്നെങ്കിൽ എന്തുകൊണ്ടതു വെട്ടി വിളിച്ചുപറഞ്ഞുകൂടാ? ങ് ആ! ങ് ആ!—ഓടിപ്പോവാൻ നോക്കാതെ!....ഇവിടെ!....നിന്റെ ആ കൈയിങ്ങു തന്നേ!....ഹാ!....നിന്റെ കൈ എങ്ങനെ ചൂടുപിടിച്ചിരിക്കുന്നു....ശേര, പോ, കടന്നു്....നിന്റെ മാംസം ....അതെന്നെ ചെടിപ്പിക്കുന്നു. ദാ ഇവിടെ....നിയങ്ങനെ സൂത്രത്തിൽ ഓടിക്കളയാമെന്നൊന്നും വിചാരിക്കേണ്ട (ഗോലാഡ് അവളെ തലമുടിക്കു ചുററിപ്പിടിക്കുന്നു) നീ നിന്റെ കാൽമുട്ടുകളിൽ എന്നെ അനുഗമിക്കാൻപോവുകയാണ്. നിന്റെ ആ മിനുമിനുത്ത കാൽമുട്ടുകളിൽ....എന്റെ മുമ്പിൽ.... നിലത്തങ്ങനെ ഉരഞ്ഞുരഞ്ഞു്! നിന്റെ ഈ നീണ്ട തലമുടി, ഒടുവിലിതാ, എന്തെങ്കിലുമൊരു കാര്യത്തിനുപകരിക്കും എന്നായിരിക്കുന്നു. ആദ്യം വലത്തോട്ട് പിന്നെ ഇടത്തോട്ട്—തിത്തിത്തായ്, ഹായ് ഥികിതിത്തായ്—മുന്നോട്ട്, പിന്നോട്ട്.. ഇനി താഴെ നിലത്തോട്ട്, താഴെ നിലത്തോട്ട്!....നോക്കിയേ, നീയൊന്നു നോക്കിയേ; ഒരു പടുകിളവനെപ്പോലെ ഞാനങ്ങനെ കിളുകിളാ ചിരിക്കുകയാണ്........

ആർക്കേൽ

(മുമ്പോട്ടോടിവന്നു്)

ഗോലാഡ്!



Digitized By Kerala Sahitya Akademi

ഗോളാഡ്

(പെട്ടെന്നൊരു ശാന്തത ഭാവിച്ചുകൊണ്ട്)

അങ്ങേയ്ക്കിഷ്ടംപോലെ ചെയ്യാം....അങ്ങു കാണുന്നോ?— അതിനു ഞാൻ യാതൊരു പ്രാധാന്യവും കല്പിക്കുന്നില്ല— വളരെ പ്രായംചെന്ന ഒരുവനാണ്....പിന്നെ, ഞാൻ ഒരു ചാരനല്ല....യോഗം എന്തു കൊണ്ടുവരുന്നുവെന്നു കാണുവാൻ ഞാൻ കാത്തിരിക്കാം....പിന്നീട്....ഓ! പിന്നീട്....ഓ! പിന്നീട്....അതൊരാചാരമായതുകൊണ്ടുമാത്രം; അതൊരാചാരമായതുകൊണ്ടുമാത്രം....

(പോകുന്നു)

ആർക്കേൽ

അവനെന്താണ് പററിയത്?—അവൻ കുടിച്ചിട്ടുണ്ടോ?

മെലിസാന്ദ (കണ്ണീരോടെ)

ഇല്ല; ഇല്ല; പക്ഷേ അദ്ദേഹം എന്നെ ഒട്ടുംതന്നെ ഇനി സ്നേഹിക്കയില്ല....ഞാൻ അസന്തുഷ്ടയാണ്....ഞാൻ ദുഃഖിതയാണ്........

ആർക്കേൽ

ഞാൻ ഈശ്വരനായിരുന്നെങ്കിൽ പുരുഷന്മാരുടെ ഹൃദയത്തിൽ ഞാൻ സഹതപിച്ചേനേ!........

## രംഗം മൂന്ന്

കൊട്ടാരത്തിനുമുമ്പിലുള്ള ഒരു ചന്ദ്രശാല

[കൊച്ചുനിയോൾഡ് ഒരു ശിലാഖണ്ഡം പിടിച്ചുപൊക്കാൻ ശ്രമിക്കുന്നമട്ടിൽ ദൃശ്യനാകുന്നു]

കൊച്ചുനിയോൾഡ്

ഓ! വല്ലാത്ത കനോള്ളതാ ഈ കല്ല്!....ഇതിനെന്നേക്കാക്കനോണ്ട്....ഈ ഭൂമി മുഴുവനും കൂടിയതിനേക്കാക്കനോള്ളതാ



Digitized By Kerala Sahitya Akademi

ഇതു്. പാറയ്ക്കും ഈ അസത്തുകല്ലിനും നടക്കായി എനിക്കെ ന്റെ സപ്നങ്ങളപ്പന്റെ കാണാം; പക്ഷേ എനിക്കതെടുക്കാൻ കഴി ന്നില്ല. എന്റെ കൊച്ചുകൈയ്ക്കു നീട്ടം പോരാ....കല്ലാണെ ങ്കിലൊട്ടു പൊങ്ങുന്നുല്ല... എനിക്കതു പൊക്കാനതു്...ആർക്കും സാദ്ധ്യമല്ല ഇതു പൊക്കാൻ....ഈ വീട്ടിനേക്കാളധികം കനോ ള്ളതാണിതു്....മണ്ണിനടിൽ ഇതിനു വേരുകളൊണ്ടെന്നു തോ ന്നിപ്പോകും........

[അകലെ ഒരാട്ടിൻപററത്തിന്റെ കരച്ചിൽ കേൾക്കപ്പെടുന്നു]

ഓ! ഓ! എന്തോ കൊറെ ആടുകളുടെ കരച്ചില് കേക്ക ണൊണ്ടല്ലോ! (അതു നോക്കവാനായി അവൻ ആ മട്ടപ്പാവി ന്റെ വക്കിലേയ്ക്കു പോകുന്നു) എന്തിനു്!....സൂര്യൻ അസ്തമിച്ചു കഴിഞ്ഞു....അവയുടെ തിരിച്ചുവരവാണു്,....കൊച്ചാടുകൾ.... അവ മടങ്ങിവരികയാ....ഓ! എന്തൊരു്ണ്ണം! എന്തോ..ാരോണ്ടെന്നു നോക്കു! ഇതട്ടു് അവയ്ക്കു മഹാ പേടിയാ....അവ ഒന്നിച്ചുചേ ന്നു കഴുത്തുതമ്മിക്കൊണ്ടങ്ങനെ കൂഞ്ഞിക്കൂടുന്നു....അവയ്ക്കിനി നടക്കാൻ വല്യേ വെഷമോണ്ടു്... അവ കരയുന്നു....അവ കര യുന്നു....അവ വേഗം വേഗം ഓടുകയാണു്....അതാ, അങ്ങനെ പായുകയാ....ആ വലിയ നാൽക്കൂട്ടുവഴിൽ അവ എത്തിക്കഴി ഞ്ഞു... ങ്ങ ആ! ങ്ങ് ആ! ഏതുവഴിക്കാണു് തിരിഞ്ഞുപോവണ്ട തെന്നു് അവയ്ക്കറിഞ്ഞുകൂടാ....ഇപ്പോളവ കരയുകയല്ല, കാത്തു നിൽക്കുകയാണു്....വലത്തോട്ടു തിരിയുവാൻ ആവശ്യമുള്ള ചിലതുണ്ടു്....അവയെല്ലാം വലത്തോട്ടു തിരിയാൻ ആവശ്യ പ്പെടുന്നു....അവ അങ്ങനെ ചെയ്യില്ലായിരിക്കാം....അവയുടെ ഇടയിൽ അവയുടെനേക്കു മണ്ണു വലിച്ചെറിയുകയാണു്...ങ്ങ് ആ! ങ്ങ ആ! ഈ വഴിക്കാ അവ കടന്നുപോവാൻ പോണെ. അവ ശരിക്കനുസരിക്കുന്നു! അവ ശരിക്കനുസരിക്കുന്നു! മട്ടപ്പാവി ന്റെ മുമ്പിൻക്കൂടി കടന്നുപോകാൻ പോവുകയാണവ. അവ



Digitized By Kerala Sahitya Akademi

പാറകളുടെ മുമ്പിൽക്കൂടി കടന്നുപോവാനുള്ള പുറപ്പാടോ.... ഞാൻ അവയെ അടുത്തുകാണും!....ഓ! ഓ! എത്രയെണ്ണം! എത്രയെണ്ണം!....വഴി മുഴുവൻ അവയെക്കൊണ്ടു നിറഞ്ഞിരിക്കുന്നു....അവയെല്ലാം ഇപ്പോൾ നിശ്ശബ്ദമാണ്!....ഹേ, ഇടയൻ! ഹേ, ഇടയൻ!....എന്താണവ ഇപ്പോൾ ലേശമെങ്കിലും ശബ്ദിക്കാത്തത്?

ആട്ടിടയൻ (അദൃശ്യനായി)

എന്താണെന്നോ?—ഈ വഴി!....ഇതൊരിക്കലും ആലയിലേക്കുള്ളതല്ല........

നിയോൾഡ്

പിന്നെ എവിടേക്കാണവ പോകുന്നത്?—ഇടയാ! ഇടയാ! എവിടേക്കാണവയെ കൊണ്ടുപോകുന്നത്? — ഞാൻ ചോദിക്കുന്നതയാൾ കേൾക്കുന്നില്ല. അയാൾ വളരെ ദൂരെ എത്തിയിരിക്കുന്നു....അവ വേഗത്തിൽ ഓടുകയാണ്....അവ വേഗത്തിൽ ഓടുകയാണ്....അവ ഇപ്പോൾ ഒരു ശബ്ദവും ഉണ്ടാക്കുന്നില്ല. ഈ വഴി....ഇതൊരിക്കലും ആലയിലേക്കുള്ളതല്ല....എനിക്കത്ഭുതം തോന്നുന്നു....ഇന്നു രാത്രി അവ എവിടെക്കിടന്നുറങ്ങും? ഓ! ഓ! ഇവിടെ വല്ലാത്ത ഇരുട്ട്!....ഞാൻ പോയി വല്ലവരോടും വല്ലതും പറയട്ടെ!........

[പോകുന്നു]

## രംഗം നാല്

ആരാമമണ്ഡലത്തിൽ ഒരു നീരുറവ

[പെല്ലീസ് പ്രവേശിക്കുന്നു]

പെല്ലീസ്

ഇത് അവസാനത്തെ സായാഹ്നമാണ്....അവസാനത്തെ സായാഹ്നം!....ഞാൻ ഒരിക്കലും ശങ്കിക്കാതിരുന്ന ഒന്നി



Digitized By Kerala Sahitya Akademi

ന്മേൽ ഞാനൊരു കൊച്ചുകുഞ്ഞിനെപ്പോലെ കളിച്ചു....വിധിയുടെ ആപൽഗത്തങ്ങളെക്കുറിച്ചു സ്വപ്നംകണ്ടുകൊണ്ടു ഞാൻ കളിച്ചു....പെട്ടെന്നെന്നെ എന്നെത്തട്ടിയുണർത്തിയതാരാണ്? തന്റെ വീട് തല്ലിപ്പിടിച്ചാളിക്കത്തുമ്പോൾ അതിൽനിന്ന് ഒരു കണ്ണുപൊട്ടൻ പറപറക്കുന്നതുപോലെ, സന്തോഷംകൊണ്ടും വേദനകൊണ്ടും നിലവിളിച്ചുകൊണ്ടു ഞാൻ പറന്നുകളയാം.... ഞാൻ പറന്നുപോവുകയാണെന്ന് അവളോടു പറയുകതന്നെ... എന്റെ പിതാവ് അപകടത്തിൽനിന്നു രക്ഷപ്പെട്ടു; ഇനി ആരു നാട്യത്തിൽ എനിക്കെന്നോടുതന്നെ വ്യാജം കാട്ടുക സാദ്ധ്യമല്ല...നേരം നന്നെ വൈകി; അവളൊട്ടു വരുന്നുമില്ലല്ലോ... വീണ്ടും അവളെക്കാണാതെ പോകുന്നതായിരിക്കും എന്നെസ്സംബന്ധിച്ചിടത്തോളം കൂടുതൽ നന്ന്....ഇപ്രാവശ്യം എനിക്കവളെ നല്ലപോലെ കാണണം....എനിക്കോർമ്മിക്കാൻ സാധിക്കാത്ത സംഗതികൾ ഉണ്ട്. ഒരു നൂറു കൊല്ലമായി ഞാനവളെ കണ്ടിട്ടില്ലെന്ന് ഒരാൾ വിചാരിച്ചേക്കും....പക്ഷേ, അവൾ എന്റെ മുഖത്തേക്കങ്ങനെ കണ്ണെടുക്കാതെ നോക്കിക്കൊണ്ടിരുന്നാലും, അതിനു പകരമായി ഞാൻ അവളുടെ മുഖത്തേക്ക് ഇതുവരെ കണ്ണയച്ചിട്ടില്ല....ഞാനിങ്ങനെ പോവുകയാണെങ്കിൽ എനിക്കൊന്നുംതന്നെ ശേഷിച്ചുണ്ടാവുകയില്ല....പിന്നെ ഈ സ്മരണകൾ....ഒരു നനുത്ത തുണിസ്സഞ്ചിയിൽ ഒരിത്തിരി വെള്ളം കൊണ്ടുപോകുന്നതുപോലെയാണത്....എനിക്കവസാനമായി ഒന്നവളെ കാണണം....അവളുടെ ഹൃദയത്തിന്റെ അഗാധതകൾ എനിക്കു നല്ലപോലൊന്നു നോക്കിക്കാണണം.... ഇതുവരെ ഞാൻ വെളിപ്പെടുത്തിയിട്ടില്ലാത്തതെല്ലാം, ഒന്നും ബാക്കിവെയ്ക്കാതെ, എനിക്കവളോടു തുറന്നുപറയണം.........

(മെലിസാന്ദ പ്രവേശിക്കുന്നു)

മെലിസാന്ദ

പെല്ലീസ്!........



Digitized By Kerala Sahitya Akademi

പെല്ലീസ്

മെലിസാന്ദേ! അതു നീതന്നെയോ, മെലിസാന്ദേ?........

മെലിസാന്ദ

അതെ; ഞാൻതന്നെ........

പെല്ലീസ്

ഇവിടെ വരൂ; നിറഞ്ഞ ചന്ദ്രികയുടെ വക്കത്തു് അവിടെയങ്ങനെ നിൽക്കാതെ. ഇവിടെ വരൂ. നമുക്കു പരസ്പരം ഒട്ടധികം സംസാരിക്കാനുണ്ടു്. ഈ നാരകവൃക്ഷത്തിന്റെ നിഴലിലേയ്ക്കു നീങ്ങിനിൽക്കൂ.

മെലിസാന്ദ

എന്നെ വെളിച്ചത്തിൽ തന്നെ നില്ക്കാൻ സമ്മതിക്കൂ!....

പെല്ലീസ്

മേടക്കിളിവാതിലുകളിൽക്കൂടി അവർ നമ്മെ കണ്ടേയ്ക്കും. ഇവിടെ വരൂ; ഇവിടെ നമുക്കു യാതൊന്നും ഭയപ്പെടാനില്ല. സൂക്ഷിക്കണേ; അവർ നമ്മെ കണ്ടേയ്ക്കും........

മെലിസാന്ദ

അവർ എന്നെ കാണട്ടെ, അതാണെനിക്കാവശ്യം........

പെല്ലീസ്

എന്തുകൊണ്ടു്? നിനക്കെന്തുപററി? ആരും കാണാതെ അവിടെനിന്നിറങ്ങിപ്പോരുവാൻ നിനക്കു സാധിച്ചോ?........

മെലിസാന്ദ

ഉവ്വ്; അങ്ങയുടെ ജ്യേഷ്ഠൻ ഉറക്കമായിരുന്നു........

പെല്ലീസ്

നേരം അതിക്രമിച്ചു. ഒരു മണിക്കൂറിനകം അവർ വാതിലെല്ലാം അടയ്ക്കും. നാം സൂക്ഷിക്കണം. ആട്ടെ, നീ വരാനിത്ര വൈകിയതെന്താ?........



Digitized By Kerala Sahitya Akademi

മെലിസാന്ദ

അങ്ങയുടെ ജ്യേഷ്ഠന് ഒരു ദുസ്വപ്നമുണ്ടായി. പിന്നെ, പോരുംവഴി എന്റെ വസ്ത്രങ്ങൾ വാതിലിന്റെ ആണികളിൽ കുടുങ്ങി....നോക്കൂ, ഇതു കീറിപ്പോയി. ആ സമയം മുഴുവനും എനിക്കു നഷ്ടപ്പെട്ടു; ഞാൻ ഓടി........

പെല്ലീസ്

എന്റെ പാവപ്പെട്ട മെലിസാന്ദേ!....നിന്നെ ഒന്നു സ്പർശിക്കുവാൻ എനിക്കു ഭയം തോന്നുന്നു....വേട്ടയാടപ്പെട്ട ഒരു കിളിയെപ്പോലെ ഇതാ ഇപ്പോഴും നിനക്കു ശ്വാസം മുട്ടുകയാണ്. എനിക്കുവേണ്ടിയാണോ, എനിക്കുവേണ്ടിയാണോ, നീയിതെല്ലാം ചെയ്യുന്നത്? നിന്റെ ഹൃദയം, അതെന്റെ സ്വന്തമായിരുന്നാലെന്നപോലെ, മിടിക്കുന്നതു ഞാൻ കേൾക്കുന്നു....ഇവിടെ വരൂ....കുറെക്കൂടി അടുത്ത്....എന്നോടു കുറെക്കൂടി അടുത്ത്........

മെലിസാന്ദ

അങ്ങെന്താണിങ്ങനെ ചിരിക്കുന്നത്?

പെല്ലീസ്

ഞാൻ ചിരിക്കുകയല്ല—അല്ലെങ്കിൽ, ഞാൻ ആനന്ദം കൊണ്ടു മതിമറന്ന് അങ്ങനെ ചിരിക്കുകയാണ്—അങ്ങനെ ചെയ്യുന്നുണ്ടെന്നറിഞ്ഞുകൂടാതെ!....പക്ഷേ കരയാനാണ് കാരണങ്ങൾ ഉള്ളത്.

മെലിസാന്ദ

നാം മുമ്പ് ഇവിടെ വന്നിട്ടുണ്ട്....ഞാൻ ഓർക്കുന്നു........

പെല്ലീസ്

ഉവ്വ്....ഉവ്വ്....നീണ്ട മാസങ്ങൾക്കപ്പുറം ആ, പിന്നെ, ഞാനറിഞ്ഞില്ല....ആട്ടെ, നിനക്കറിയാമോ എന്തിനാണിന്നു വൈകീട്ടു ഞാൻ നിന്നോടു വരാൻ പറഞ്ഞതെന്ന്?



Digitized By Kerala Sahitya Akademi

മെലിസാന്ദ

ഇല്ല.

പെല്ലീസ്

പക്ഷെ നമ്മുടെ അവസാനത്തെ സന്ദർശനമായിരിക്കാം ഇത്....എന്നന്നേയ്ക്കുമായി എനിക്ക ഇവിടംവിട്ട പോകേണ്ടിയിരിക്കുന്നു.......

മെലിസാന്ദ

എന്തുകൊണ്ടാണ് അങ്ങിപ്പോഴുമിങ്ങനെ പറയുന്നത്, അങ്ങിവിടംവിട്ട പോവുകയാണ്, പോവുകയാണ് എന്ന്?

പെല്ലീസ്

എന്തുകൊണ്ടെന്നു പണ്ടേതന്നെ നിനക്കറിയാവുന്നതാണല്ലോ. അതു ഞാനിനി വീണ്ടും നിന്നോട പറയണമെന്നുണ്ടോ? എന്താണ് ഞാൻ നിന്നോട പറയാൻ പോകുന്നതെന്നു നിനക്കറിഞ്ഞുകൂടേ?

മെലിസാന്ദ

തീച്ചയായും ഇല്ല; തീച്ചയായും ഇല്ല; എനിക്കൊന്നുംതന്നെ അറിഞ്ഞുകൂടാ........

എന്തുകൊണ്ടാണെനിക്ക പോകേണ്ടിവന്നിട്ടുള്ളതെന്നു നിനക്കറിഞ്ഞുകൂടേ?....നിനക്കറിഞ്ഞുകൂടേ അതിന്റെ കാരണം....(അയാൾ അവളെ പൊടുന്നനെയങ്ങു ചുംബിക്കുന്നു) ഞാൻ നിന്നെ സ്നേഹിക്കുന്നു....അതാണ് കാരണം. നിനക്കതറിഞ്ഞുകൂടെ?........

മെലിസാന്ദ (ഒരു താണ സ്വരത്തിൽ)

ഞാൻ അങ്ങയേയും സ്നേഹിക്കുന്നു........

പെല്ലീസ്

ഓ! ഓ! എന്താ നീ പറഞ്ഞത്, മെലിസാന്ദേ?....ശരിക്കു ഞാൻ കേട്ടില്ല നീ പറഞ്ഞത്....ചുട്ടപഴുത്ത ഇരുമ്പുകമ്പികം



Digitized By Kerala Sahitya Akademi

ളാൽ മഞ്ഞുകട്ട ശിഥിലീകൃതമായിക്കഴിഞ്ഞു. ലോകത്തിന്റെ മറേറ അററത്തുനിന്നും വരുന്ന ഒരു സ്വരംകൊണ്ടാണ് നീയതു പറഞ്ഞതു്....നീ പറഞ്ഞതു ഞാൻ കഷ്ടിച്ചേ കേട്ടുള്ളൂ....നീ എന്നെ സ്നേഹിക്കുന്നു?....നീ എന്നെ സ്നേഹിക്കുന്നു?....ആകട്ടെ, എന്നു തൊട്ടാണ് നീയെന്നെ സ്നേഹിച്ചതു്?

മെലിസാന്ദ

ഹാ!....എപ്പോഴും....അങ്ങയെ ഞാൻ ആദ്യമായിക്കണ്ട ആ നിമിഷംതൊട്ട്!........

പെല്ലീസ്

ഓ! നീ എങ്ങനെ അതു പറയുന്നു! നിന്റെ സ്വരം വസന്തകാലത്തു കടലിനുമീതേക്കൂടി കടന്നുപോയിട്ടുണ്ടെന്ന് ഒരുവൻ പറഞ്ഞുപോകും!....ഇതുവരെ ഒരിക്കലും ഞാനതു കേട്ടിട്ടില്ല. ഹാ, എനിക്കെന്റെ ഹൃദയത്തിൽ മഴവീണതുപോലെ തോന്നുന്നു. എന്റെ ചോദ്യം ഒരു ദേവതയോടായിരുന്നാലെന്നതുപോലെ, അത്ര അകൃത്രിമലളിതമായി നീയതു പറയുന്നു!.... എനിക്കതു വിശ്വസിക്കുവാൻ കഴിയുന്നില്ല, മെലിസാന്ദ!.... നിനക്കെന്നെ സ്നേഹിച്ചിട്ടെന്തുവേണം? എന്തിനാണ് നീയെന്നെ സ്നേഹിക്കുന്നതു്? നീ പറയുന്നതു പരമാർത്ഥംതന്നെയോ? നീയെന്നെ വഞ്ചിക്കുകയല്ലേ? എന്നെയൊന്നു മന്ദഹസിപ്പിക്കാൻ, അല്പമൊരു നുണ പറയുകയല്ലേ നീ ചെയ്യുന്നതു്?........

മെലിസാന്ദ

അല്ല, ഞാൻ ഒരിക്കലും പൊളി പറയുന്നതല്ല. അങ്ങയുടെ ജ്യേഷ്ഠനോട്ട മാത്രമേ ഞാൻ പൊളി പറയുന്നുള്ളൂ.

പെല്ലീസ്

ഓ! എങ്ങനെ നീയതു പ്രസ്താവിക്കുന്നു!....നിന്റെ സ്വരം! നിന്റെ സ്വരം!....ജലത്തിനേക്കാൾ പുതുമയും യഥാർത്ഥ്യവും ഒത്തുചേർന്നിട്ടുള്ളതാണതു്! ശുദ്ധജലംപോലെ എന്റെ ചു



Digitized By Kerala Sahitya Akademi

ണ്ടുകളിൽ അതു സ്പർശനാനുഭവമുളവാക്കുന്നു....പരിശുദ്ധമായ ജലംപോലെ എൻെറ കൈകളിൽ അതു സ്പർശനാനുഭവമുണ്ടാക്കുന്നു....എനിക്കു തരൂ, നിൻെറ കൈകൾ എനിക്കു തരൂ....ഓ! നിൻെറ കൈകൾ ചെറുതാണ്!....നീ ഇത്രത്തോളം സുന്ദരിയാണെന്നു ഞാനറിഞ്ഞില്ല!....നിന്നെ കണ്ടുമുട്ടുന്നതിനുമുമ്പ് ഇത്രമാത്രം സൗന്ദര്യമുള്ളതായി യാതൊന്നുംതന്നെ ഈ ലോകത്തിൽ ഞാൻ കണ്ടിട്ടില്ല....ഞാൻ അസ്വസ്ഥഹൃദയനായിരുന്നു. വീടു മുഴുവൻ ഞാൻ തിരക്കി, നാടു മുഴുവൻ ഞാൻ തിരക്കി; എന്നിട്ടും സൗന്ദര്യം കണ്ടെത്താൻ എനിക്കു സാധിച്ചില്ല. ഇപ്പോളിതാ ഞാൻ നിന്നെ കണ്ടെത്തിയിരിക്കുന്നു!....ഞാൻ നിന്നെ കണ്ടെത്തിയിരിക്കുന്നു!....ഈ ഭൂമി നിന്നേക്കാൾ സൗന്ദര്യമുള്ള ഒരു സ്ത്രീയെ വഹിക്കുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല!.... നീ എവിടെയാണ്? നിൻെറ ശ്വാസോച്ഛ്വാസം ലേശംപോലും ഞാൻ കേൾക്കുന്നില്ലല്ലോ!........

മെലിസാന്ദ

ഞാൻ അങ്ങയുടെനേക്കു നോക്കിനിൽക്കുന്നതുകൊണ്ടാണത്........

പെല്ലീസ്

അത്രമാത്രം ഏകാഗ്രതയോടെ എന്തിനാണ് നീ എൻെറ നേർക്കിങ്ങനെ നോക്കുന്നത്? നാം നിഴലിൽ എത്തിക്കഴിഞ്ഞു. നല്ല ഇരുട്ടാണ് ഈ മരത്തിൻെറ ചുവട്ടിൽ, വെളിച്ചത്തേക്കു വരൂ. നാം എത്ര സന്തോഷമുള്ളവരാണെന്നു നമുക്കു കണ്ടുകൂടാ. വരൂ, വരൂ; നമുക്കു വളരെ കുറച്ചുമാത്രമേ നേരമുള്ളു........

മെലിസാന്ദ

വേണ്ട; വേണ്ട; നമുക്കിവിടെത്തന്നെ നിൽക്കാം....ഇരുട്ടിൽ ഞാൻ അങ്ങയോടു കൂടുതൽ അടുത്താണ്........



Digitized By Kerala Sahitya Akademi

പെല്ലീസ്

എവിടെ, നിൻെറ കണ്ണുകൾ എവിടെ? നീ എൻെറ അടുത്തുനിന്ന് ഓടിക്കളയാനാണോ ഭാവം? ഈ നിമിഷത്തിൽ എന്നെക്കുറിച്ചല്ല നിൻെറ വിചാരം.

മെലിസാന്ദ

തീർച്ചയായും അതെ; തീർച്ചയായും അതെ. ഞാൻ അങ്ങയെപ്പററിമാത്രമേ വിചാരിക്കുന്നുള്ളു.

പെല്ലീസ്

നീ മററെവിടെയോ നോക്കുകയായിരുന്നു........

മെലിസാന്ദ

ഞാൻ മററെവിടേയോ അങ്ങയെ കണ്ടു........

പെല്ലീസ്

നീ ചിന്തയിൽ മുഴുകിയിരിക്കയാണ്....നിനക്കെന്തു പററി? നീ സന്തുഷ്ടയാണെന്നു തോന്നുന്നില്ല.

മെലിസാന്ദ

അതെ, അതെ; ഞാൻ സന്തുഷ്ടയാണ്; പക്ഷേ ഞാൻ ദുഃഖിതയുമാണ്........

പെല്ലീസ്

ഒരാൾക്കു സ്നേഹിച്ചുകൊണ്ടിരിക്കുമ്പോൾ മിക്കപ്പോഴും ദുഃഖമുണ്ടായിക്കൊണ്ടിരിക്കും.

മെലിസാന്ദ

അങ്ങയെക്കുറിച്ചോർക്കുമ്പോൾ എല്ലായ്പോഴും എനിക്കു കരച്ചിൽ വരുന്നു........

പെല്ലീസ്

എനിക്കും....എൻെറ കഥയും അങ്ങനെതന്നെയാണ് മെലിസാന്ദേ. ഞാൻ നിന്നോടടുത്താണ്; ഞാൻ ആനന്ദംകൊണ്ടു കരയുന്നു; എന്നിരുന്നാലും....(അയാൾ വീണ്ടും അവളെ



Digitized By Kerala Sahitya Akademi

ചുംബിക്കുന്നു) ഞാനിങ്ങനെ നിന്നെ ചുംബിക്കുമ്പോൾ നീ ഒരത്ഭുതസൃഷ്ടിയായിട്ടെനിക്കു തോന്നിപ്പോകുന്നു. നീയത്രമാത്രം സുന്ദരിയായതിനാൽ ഒരാൾ പറഞ്ഞേയ്ക്കും നീ മരിക്കാൻ പോവുകയാണെന്ന്........

മെലിസാന്ദ

അങ്ങയും........

പെല്ലീസ്

അതെ, അതെ....നാം ആശിക്കുന്നപോലെ നമുക്കു പ്രവർത്തിക്കാൻ സാദ്ധ്യമല്ല....ഞാൻ ആദ്യമായി നിന്നെ കണ്ട സമയം ഞാൻ നിന്നെ സ്നേഹിച്ചില്ല.

മെലിസാന്ദ

ഞാനും....ഞാനും....എനിക്കു ഭയമായിരുന്നു........

പെല്ലീസ്

നിൻെറ കണ്ണുകളുടെ കാര്യത്തിൽ എനിക്കു നല്ല സമ്മതമില്ലായിരുന്നു....ഉടൻതന്നെ ഇവിടംവിട്ടു പോകുവാൻ ഞാനുറച്ചു....പിന്നീട്........

മെലിസാന്ദ

ഇങ്ങോട്ടു വരാൻ ഒരിക്കലും ഞാൻ ആവശ്യപ്പെട്ടിരുന്നില്ല. ഇങ്ങോട്ടു വരാൻ ഞാൻ ഭയപ്പെട്ടതെന്തുകൊണ്ടാണെന്ന് ഇപ്പോഴും എനിക്കറിഞ്ഞുകൂടാ........

പെല്ലീസ്

ഒരാൾ ഒരിക്കലും അറിയാത്ത കാര്യങ്ങൾ അനവധിയുണ്ടാകും....സദാ നാമങ്ങനെ കാത്തിരിക്കുകയാണ്; പിന്നീട്.... എന്താണാ ശബ്ദം? അവർ വാതിലുകൾ അടയ്ക്കുകയാണ്.

മെലിസാന്ദ

അതെ; അവർ വാതിലുകൾ അടച്ചുകഴിഞ്ഞു.



Digitized By Kerala Sahitya Akademi

പെല്ലീസ്

നമുക്കിനി തിരിച്ചുപോകാൻ തരപ്പെടുകയില്ല. സാക്ഷകളിടുന്നതു നീ കേൾക്കുന്നോ? ശ്രദ്ധിച്ചേ! ശ്രദ്ധിച്ചേ!....വലിയ ചങ്ങലകൾ!....വലിയ ചങ്ങലകൾ!....നേരം വളരെ വൈകി; നേരം വളരെ വൈകി!........

മെലിസാന്ദ

അത്രയും നന്നായി! അത്രയും നന്നായി! അത്രയും നന്നായി!........

പെല്ലീസ്

നീ?....നോക്കൂ, നോക്കൂ....ഇനിയൊരിക്കലും അതാശിക്കുന്നതു നാമല്ല....എല്ലാം നഷ്ടപ്പെട്ടു....എല്ലാം രക്ഷിക്കപ്പെട്ടു! ഇന്നത്തെ ഈ സായാഹ്നത്തിൽ സമസ്തവും സുരക്ഷിതമാക്കപ്പെട്ടു. വരൂ! വരൂ!....എന്റെ ഹൃദയം, ഒരു ഭ്രാന്തന്റേതുപോലെ, മുകളിൽ, ശരിക്കും എന്റെ തൊണ്ടയിൽ അങ്ങനെ വന്നമിടിക്കുന്നു....(അയാൾ അവളെ ചുററിപ്പൊതിയുന്നു) ശ്രദ്ധിക്കൂ! ശ്രദ്ധിക്കൂ! എന്റെ ഹൃദയം എന്താണ്ടെന്നെ ശ്വാസംമുട്ടിക്കാനുള്ള മട്ടാണ!....വരൂ! വരൂ!....ഹാ! ഇരുട്ടിൽ എത്ര കമനീയമായിരിക്കുന്നു!........

മെലിസാന്ദ

നമ്മുടെ പുറകിൽ ആരോ ഉണ്ട്!........

പെല്ലീസ്

ഞാൻ ആരേയും കാണുന്നില്ല........

മെലിസാന്ദ

എന്തോ ഒരു ശബ്ദം ഞാൻ കേട്ടു........

പെല്ലീസ്

ഇരുട്ടിൽ നിന്റെ ഹൃദയം മാത്രമേ ഞാൻ കേൾക്കുന്നുള്ളൂ.

മെലിസാന്ദ

കരിയിലകൾ കിരുകിരുക്കുന്ന ശബ്ദം ഞാൻ കേട്ടു.



Digitized By Kerala Sahitya Akademi

പെല്ലീസ്

പൊടുന്നനെ അടങ്ങിയമന്ന കാററാണത്....നാം ചും ബിച്ചുകൊണ്ടിരുന്നപ്പോൾ അതു ശമിക്കുകയുണ്ടായി.......

മെലിസാന്ദ

ഇന്നു രാത്രി, എത്ര ഉയരമുള്ളതായിരിക്കുന്നു നമ്മുടെ നിഴലുകൾ!

പെല്ലീസ്

ശരിക്കും ഉദ്യാനത്തിൻെറ അററംവരെ അവ ചുററിപ്പിണയുന്നു....ഓ! നമ്മിൽനിന്നും എത്ര അകലത്തിൽ അവ കെട്ടിപ്പിടിച്ചു ചുംബിക്കുന്നു!....നോക്കൂ! നോക്കൂ!........

മെലിസാന്ദ (വീർപ്പുമുട്ടുന്ന സ്വരത്തിൽ)

ആ....ആ....ഹ്! ഒരു മരത്തിൻെറ പിന്നിലാണദ്ദേഹം!

പെല്ലീസ്

ആര്?

മെലിസാന്ദ

ഗോലാഡ്!

പെല്ലീസ്

ഗോലാഡോ?—എവിടെ?—പിന്നേയ്, ഞാൻ ഒന്നും തന്നെ കാണുന്നില്ലല്ലോ!........

മെലിസാന്ദ

അതാ, അവിടെ, നമ്മുടെ നിഴലുകളുടെ അങ്ങേ അററത്ത്........

മെലിസാന്ദ

അതെ; അതെ; ഞാൻ അദ്ദേഹത്തെ കണ്ടുകഴിഞ്ഞു....പെട്ടെന്നിനി നാം പിൻതിരിഞ്ഞുകൂടാ........

മെലിസാന്ദ

അദ്ദേഹത്തിൻെറ കൈയിൽ വാളുണ്ട്........



Digitized By Kerala Sahitya Akademi

പെല്ലീസ്

എനിക്ക് ഒന്നുമില്ല........

മെലിസാന്ദ

നാം ചുംബിക്കുന്നത് അദ്ദേഹം കണ്ടിട്ടുണ്ട്.

പെല്ലീസ്

നാം അദ്ദേഹത്തെ കണ്ടിട്ടുണ്ടെന്ന് അദ്ദേഹം അറിഞ്ഞ പോലെ തോന്നുന്നില്ല....അനങ്ങാതെ!....നിന്റെ തല തിരിക്കാതെ!....നമ്മുടെമേൽ അദ്ദേഹം ഇരച്ചുചാടി വീഴും....നമുക്കൊന്നും അറിഞ്ഞുകൂടെന്ന് അദ്ദേഹം കരുതുന്നിടത്തോളംനേരംഅവിടെത്തന്നെ നിൽക്കും....അദ്ദേഹംനമ്മെസൂക്ഷിക്കുകയാണ്....ഇപ്പോഴും നിശ്ചേഷ്ടനായിട്ടാണദ്ദേഹത്തിന്റെ നില....പൊയ്ക്കൊള്ളൂ, ഈ നിമിഷംതന്നെ പൊയ്ക്കൊള്ളൂ, ഇതാ, ഈ വഴിയിൽക്കൂടി....ഞാനിവിടെ അദ്ദേഹത്തെ കാത്തുനില്ക്കാം.... വന്നാൽ ഞാനദ്ദേഹത്തെ ചെറുത്തു നിറുത്തിക്കൊള്ളാം.

മെലിസാന്ദ

വേണ്ട, വേണ്ട, വേണ്ട!

പെല്ലീസ്

പോവൂ! ഒന്നു പോവൂ! അദ്ദേഹം എല്ലാം കണ്ടിട്ടുണ്ട്.... അദ്ദേഹം നമ്മെ കൊല്ലും!

മെലിസാന്ദ

അത്രയും നന്നായി! അത്രയും നന്നായി! അത്രയും നന്നായി!

പെല്ലീസ്

അദ്ദേഹം വരികയാണ്! അതാ അദ്ദേഹം വരികയാണ്! ....നിന്റെ ചുണ്ടുകൾ!....നിന്റെ ചുണ്ടുകൾ!........

മെലിസാന്ദ

അതെ!....അതെ! അതെ!........

[അവർ ലക്കില്ലാതെ ചുംബിക്കുന്നു]



Digitized By Kerala Sahitya Akademi

പെല്ലീസ്

ഓ! ഓ! നക്ഷത്രങ്ങളാകമാനം പൊഴിഞ്ഞങ്ങനെ വീഴുക യാണ്!........

മെലിസാന്ദ

എൻെറ മീതേയും! എൻെറ മീതേയും!........

പെല്ലീസ്

ഇനിയും! ഇനിയും!....തരൂ! തരൂ!........

മെലിസാന്ദ

എല്ലാം! എല്ലാം! എല്ലാം!........

[കൈയിൽ ഓങ്ങിപ്പിടിച്ച വാളുമായി ഗോളാഡ് അവരുടെ മീതെ ഇരച്ചാത്തു വീഴുന്നു. അയാൾ വാളുലച്ച് ഒരൊററ വെട്ടിനു പെല്ലീസിനെ നിലംപതിപ്പിക്കുന്നു. നീരുറവിന്നരികെ അയാൾ വീഴുന്നു. മെലിസാന്ദ പേടിച്ചരണ്ട് അവിടെനിന്നും പറപറക്കുന്നു]

മെലിസാന്ദ (പറപറന്നുകൊണ്ട്)

ഓ! ഓ! എനിക്കു ധൈര്യമില്ല....എനിക്കു ധൈര്യമില്ല!........

[ഗോളാഡ് നിശ്ശബ്ദതയിൽ കാട്ടിലൂടെ അവളെ പിൻ തുടരുന്നു]



Digitized By Kerala Sahitya Akademi

# അങ്കം അഞ്ച്

## രംഗം ഒന്ന്

കൊട്ടാരത്തിൽ അടിയിലത്തെ നിലയിലുള്ള ഒരു ശാല.

[വേലക്കാരികൾ ഒന്നിച്ചുകൂടി നിൽക്കുന്നതായി കാണപ്പെടുന്നു. വായുസഞ്ചാരത്തിനുള്ള ഒരു ദ്വാരത്തിനു മുൻപിൽ ഏതാനും കുട്ടികൾ വെളിയിൽ കളിച്ചുകൊണ്ടു നടക്കുന്നു]

പ്രായംചെന്ന ഒരു വേലക്കാരി

കാത്തുനിന്നോളിൻ, കണ്ടോളിൻ; കാത്തുനിന്നോളിൻ, കണ്ടോളിൻ, പെങ്കൊച്ചുങ്ങളേ! ഇന്നു വഴ്ത്തീട്ടായിരിക്കും അത്; അവർ ഇപ്പംതന്നെ നമ്മോടുവന്നു പറയും........

മറെറാരു വേലക്കാരി

അവരാരും വന്നു നമ്മോടു പറയുകേല....അവക്ക് ഒട്ടുംതന്നെ അറിയാമ്മേല എന്നാണവർ—

മൂന്നാമത്തെ വേലക്കാരി

നമ്മക്കേതായാലും ഇവിടങ്ങനെ കാത്തുനിക്കാം........

നാലാമത്തെ വേലക്കാരി

നമ്മക്കുസ്സലായട്ടറിയാല്ലോ എപ്പഴാ നമ്മക്ക മോളിലേക്കു പോണ്ടതെന്ന്........

അഞ്ചാമത്തെ വേലക്കാരി

സമയാവട്ടെ; ആവുമ്പം നമ്മക്ക നമ്മടെ ഇഷ്ടംപോലെ മോളിലേക്കുണ്ടു കേറിപ്പാം........

ആറാമത്തെ വേലക്കാരി

കെട്ടിടത്തിനുള്ളി ഒരൊച്ചേം അനക്കോം കേക്കാനില്ല.......



Digitized By Kerala Sahitya Akademi

ഏഴാമത്തെ വേലക്കാരി

കാററുകേറാനൊള്ളെ തൊളേടെ മുമ്പിക്കളിച്ചോണ്ടുനിക്കണെ ആ പിള്ളേരോട് ഒന്നൊച്ചേട്ടക്കാണ്ടിരിക്കാൻ നമ്മളൊന്നു പറയണതാ........

എട്ടാമത്തെ വേലക്കാരി

അവരിപ്പത്തന്നെ താനേ അടങ്ങിയിരുന്നോളും........

ഒമ്പതാമത്തെ വേലക്കാരി

സമയം ഇന്നീം ആയിട്ടില്ല.

[പ്രായംചെന്ന വേലക്കാരി പ്രവേശിക്കുന്നു]

ആർക്കുമ്പെട്ടെ അകത്തു കടക്കാനൊക്കുകേല....ഒരു നാഴികേലധികം ഞാൻ ചെവി വട്ടംപിടിച്ചുനിന്നു. വാതിലുകളിൽ ഈച്ച നടക്കണതു് ഒരുത്തനു കേക്കാനൊക്കും....ഞാൻ ഒന്നും കേട്ടില്ല.

ഒന്നാമത്തെ വേലക്കാരി

അവരവളെ മുറീത്തനിച്ചു വിട്ടേക്കുവാണോ?

പ്രായംചെന്ന വേലക്കാരി

അല്ലല്ല; മുറിക്കകം മുഴുവൻ ആളുകളാന്നാ എനിക്കു തോന്നണെ.

ഒന്നാമത്തെ വേലക്കാരി

അവരു വരണേണ്ടായിരിക്കും....ഇപ്പത്തന്നെ അവരു വരണേണ്ടായിരിക്കും........

പ്രായംചെന്ന വേലക്കാരി

ദൈവമേ! ഈശോ! വീട്ടിനുള്ളിക്കടന്നുവന്നേക്കണതു നന്മ്യോന്നുമല്ല....ആരും ഒന്നും പറയാമ്മേലാത്തതാ....പക്ഷേ എനിക്കറിയാവുന്നതു് എനിക്കു പറയാൻ കഴിയുങ്കിൽ........

രണ്ടാമത്തെ വേലക്കാരി

നിങ്ങളായിരുന്നോ വാതിക്കെവച്ചവരെ കണ്ടെ?........



Digitized By Kerala Sahitya Akademi

പ്രായംചെന്ന വേലക്കാരി

എന്താത്? അതെ, അതെ; ഞാനാന്ന് അവരെ കണ്ടത്. കാവൽക്കാരൻ പറേണ് അയാളാ ആദ്യം അവരെ കണ്ടേന്ന്; പക്ഷേ അയാളെ വിളിച്ചോണര്ത്ത്യെ ഞാനാ. അയാള് കമന്നടിച്ചുകെടന്നു കുംഭകർണ്ണസേവ്യാന്നു. ഒന്നു കണ്ണു തൊറപ്പിക്കാൻ ഞാമ്പെട്ട പാട്! എന്നട്ട് വിദ്വാനിപ്പെ വന്ന് അങ്ങനെ തട്ടിവിടുകയാ അയളാ ആദ്യം അവരെ കണ്ടേന്ന്. അതു ഭംഗ്യാരന്നാ? — താഴെ അറേലേക്കു പോവാൻ ഒരു വെളക്കകൊളുത്തിട്ട് എന്റെ കൈതന്നെ പൊള്ളിക്കഴന്നുപോയി. അതു നിങ്ങള മനസ്സിലാക്കണം. അറേൽ ഞാനെന്തു ചെയ്യാമ്പോവാന്ന്? — എനിക്കതന്നെ അതിപ്പെ ഓക്കാനൊക്കണില്ല — എന്തന്ന്യായിരുന്നാലും, ഞാൻ വളരെ നേരത്തെതന്നെ കണന്നെണീറ്റു; അപ്പഴും നല്ലപോലെ വെട്ടം വെച്ചിരുന്നില്ല; ഞാൻ എന്നോടുതന്നെ പറഞ്ഞു: "ഞാൻ മുററം വെലങ്ങനെ കടക്കും; പിന്നെ വാതല് തൊറക്കും." നന്ന്....ഉപ്പൂററി പൊക്കിപ്പിടിച്ച് പെരുവെരലൂന്നി ഞാൻ താഴേക്കു നടന്നുപോയി. തള്ളിപ്പം, വെറുമൊരു സാധാരണ വാതലായിരുന്നാലത്തെപ്പോലെ, ആ വാതിലങ്ങു മലക്കെത്തൊറന്നു....ഈശ്വരാ! ദൈവമേ! എന്താ ഞാനവടെക്കണ്ട്യോരു പ്രമഞ്ചം? എന്താ ഞാനവടെക്കണ്ടേന്നൊന്നൂഹിച്ചുനോക്കു!........

ഒന്നാമത്തെ വേലക്കാരി

അവർ വാതലിന്റെ തൊട്ടു മുൻപിലായിട്ടൊണ്ടാരന്നോ?

പ്രായംചെന്ന വേലക്കാരി

അവർ രണ്ടുപേരും; കെടക്കുകയാന്നു; വാതിലിന്റെ തൊട്ടു മുമ്പിൽ!....ഒരിത്തിരി നാളായി വെശന്നു പ്രാണൻ പൊരിഞ്ഞു തളന്നുകെടക്കണ പാവങ്ങളെപ്പോലെ!....കൊച്ചുകുഞ്ഞുങ്ങൾ, പേട്യാവുമ്പൊ ചെയ്യണപോലെ, അവർ മുറുക്കെ കെ



Digitized By Kerala Sahitya Akademi

ട്ടിപ്പിടിച്ചു കെടക്കുകാന്നു. മിക്കവാറും മരിച്ചു മട്ടാന്നു കൊച്ചു രാജകുമാരി; വലിയ ഗോളാഡിന്റെ വാള് അപ്പഴും അദ്ദേഹത്തിന്റെ ഒരു വശംചേന്നു പററിപ്പിടിച്ചു കെടക്കണൊണ്ടാർന്നു....കൽപ്പട മുഴുക്കെച്ചോരേം!........

രണ്ടാമത്തെ വേലക്കാരി

കുട്ടികളോടൊന്നടങ്ങ്യൊതുങ്ങി ഇരിക്കാൻ നമ്മക്കു ചെന്നു പറയണ്ണോല്ലൊ....കാററുകേറാനൊള്ളെ വെടവിനു മുൻപിൽ അവരുടെ സവ്വശക്ത്യേടുത്തു് അവർ കൂക്കിവിളിക്കുകയാ........

മൂന്നാമത്തെ വേലക്കാരി

എന്താ ഒരാളു സംസാരിക്ക്യണേന്നു കേക്കാൻതന്നെ ഇനി ഒക്കുകേല........

നാലാമത്തെ വേലക്കാരി

ഒന്നും ചെയ്യാനില്ല; ഞാൻ പടിച്ച പണി പതിനെട്ടും പയററിനോക്കി; അവർ അടങ്ങിയൊതുങ്ങി ഇരിക്കുകേല......

ഒന്നാമത്തെ വേലക്കാരി

അദ്ദേഹം സൊഖപ്പെട്ടെണീററെന്നു തോന്നണില്ല.

പ്രായംചെന്ന വേലക്കാരി

ആരു്?

ഒന്നാമത്തെ വേലക്കാരി

വല്ല്യേ ഗോളാഡേ!

മൂന്നാമത്തെ വേലക്കാരി

അതുതെ. അവരദ്ദേഹത്തെ ഭായ്യേടെ മുറീലേയ്ക്കു കൊണ്ടയേക്കാ....ഇപ്പൊ ഞാനവരെ എടനാഴീവെച്ചു കണ്ടു. അ



Digitized By Kerala Sahitya Akademi

ദ്ദേം കുടിച്ചാലത്തെപ്പോലെ അവരദ്ദേഹത്തെ താങ്ങിപ്പിടിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഇപ്പഴും തനിയേ നടക്കാൻ കഴിയണില്ല.

പ്രായംചെന്ന വേലക്കാരി

താനേ അങ്ങു സിദ്ധികൂടാൻ അദ്ദേഹത്തിനു സാദ്ധ്യല്ല; അദ്ദേം ആളു തടിമാടനാ. കൊച്ചമ്മച്ചിക്ക പക്ഷേ കഷ്ടിച്ചേ മുറിവേററട്ടൊള്ളു; എന്നട്ടു മരിക്ക്യാമ്പോഴാണേ അവരാ....നെനക്കിതു മനസ്സിലാവണൊണ്ടോ?

ഒന്നാമത്തെ വേലക്കാരി

നിങ്ങളു കണ്ടോ മുറിവ്?

പ്രായംചെന്ന വേലക്കാരി

എൻെറ പെങ്കൊച്ചേ, ഞാൻ നിന്നെ കാണണപോലെ അത്ര തെളിഞ്ഞ്—ഞാനെല്ലാം കണ്ടു, മനസ്സിലായോ നെനക്ക്?—ഒരു കൊച്ചു പീക്കിരി മുറിവ്....അവളുടെ മാറത്ത്.... എടത്തുവശത്തായിട്ട്....ഒരു മാടപ്രാവിനെപ്പോലും കൊല്ലാൻ കഴിയാത്ത ഒരു കൊച്ചു മുറിവ്....അതങ്ങനെ സംഭവിക്ക്യണതാന്നു നെനക്കു തോന്നണൊണ്ടോ?

ഒന്നാമത്തെ വേലക്കാരി

അത്യതെ; എന്തോ ഒന്ന് ഒണ്ട് ഇതിനെല്ലാം അടീല്....

രണ്ടാമത്തെ വേലക്കാരി

അതെ; മൂന്നു ദിവസായി അവർ പെററട്ട്........

പ്രായംചെന്ന വേലക്കാരി

അതെ; മരണക്കെടക്കേലാന്നു ആ പ്രസവം; മുൻകൂട്ടിയുള്ള ഒരു സൂചനയ്യാത്. എന്തൊരു കുഞ്ഞ്! നീയതിനെ കാണേണ്ടായോ?—ഒരു പിച്ചക്കാരിപോലും ലോകത്തിലേയ്ക്കു കൊണ്ടിരാത്ത ഒരു കൊച്ചു പീക്കിരിപ്പെങ്കൊച്ച്....വളരെ നേരത്തെക്കൂട്ടിത്തന്നെ വന്നുചേന്ന ഒരു കൊച്ചുമെഴുകുസാമാനം....



Digitized By Kerala Sahitya Akademi

പെല്ലീസും മെലിസാന്ദയും

ആട്ടിൻകുഞ്ഞിന്റെ രോമത്തിൽ ജീവിക്കേണ്ടതായിട്ടൊള്ള ഒരു മെഴുകുസാമാനം....അത്യതെ, നന്ന്യോന്നല്ല വീട്ടിനുള്ളിൽ കടന്നു വന്നേക്കണേ........

ഒന്നാമത്തെ വേലക്കാരി

അത്യതെ; ദൈവംതമ്പുരാന്റെ തൃക്കൈകൾ കൊണ്ടുവന്നേക്കണത്........

രണ്ടാമത്തെ വേലക്കാരി

ഇങ്ങന്ന്യോക്കെ വന്നട്ടൊള്ളെ ഒരു കാരണോന്നും കൂടാതല്ല........

മൂന്നാമത്തെ വേലക്കാരി

പിന്നെ നമ്മുടെ ആ കനിവൊള്ളെ കൊച്ചുതമ്പുരാനുണ്ടല്ലോ, പെല്ലീസ്—അദ്ദേം എവട്യാ? ആർക്കും ഒരു തുമ്പും വാലൂല്ല അതിനെപ്പററി........

പ്രായംചെന്ന വേലക്കാരി

ഛേരയി! തീർച്ച്യായും ഒണ്ട്. അറിയാം, എല്ലാവർക്കും അറിയാം....പക്ഷേ ആർക്കുംതന്നെ അതിനെക്കുറിച്ചു ശബ്ദിക്കാനൊള്ള ദൈര്യോല്ല....ഒരാൾക്ക് അതിനെക്കുറിച്ചൊന്നും മിണ്ടിക്കൂടാ. അതിനെപ്പററി ഒരിക്കലും ഇനി ഒരാൾക്കു പറയാൻ പാടില്ല....ഒരാൾക്ക് ഇനി ഒട്ടുംതന്നെ സത്യം പറയാൻ മേല....പക്ഷേ ഒന്നെനിക്കറിയാം. കണ്ണുപൊട്ടൻകിണററിന്റടുത്തു് അദ്ദേം കെടക്കണകണ്ടട്ടുണ്ട്. ആർക്കും, ആർക്കുംതന്നെ, ഒരു കണ്ണൊന്നദ്ദേത്തെ കാണാൻ തരപ്പെട്ടില്ല; അത്രേള്ളൂ.... ഒടുവിലത്തെ ആ വിധിയൊത്ത ദെവസോണ്ടല്ലോ, അന്നേ എല്ലാം വെളിപ്പെട്ടു. അന്നേ എല്ലാം അറിയൂ എന്നുമാത്രം........

ഒന്നാമത്തെ വേലക്കാരി

ഈ വീട്ടിനുള്ളിലിനി ഒന്നന്ത്യോറങ്ങാനെനിക്കു ദൈര്യോല്ല........



Digitized By Kerala Sahitya Akademi

പ്രായംചെന്ന വേലക്കാരി

കാലക്കേടേതായാലും വീട്ടിനകത്തു കടന്നുകഴിഞ്ഞു; ഇനി അവനോനവനോൻെറ പാട്ടുനോക്കി അടങ്ങ്യൊതുങ്ങിയിരിക്കണതന്ന്യാ ഭേദം.

മൂന്നാമത്തെ വേലക്കാരി

അതെ; പക്ഷേ, അങ്ങന്യായാത്തന്നെ എന്താ വിശേഷം?—അതു നിങ്ങളെ തെരക്കി വന്നു കണ്ടുപിടിക്ക്യൂല്ലോ.......

പ്രായംചെന്ന വേലക്കാരി

അത്യതെ; പക്ഷേ നാം പോവണ്ടപോല്യോന്നും നാം പോണില്ല........

നാലാമത്തെ വേലക്കാരി

നാം ചെയ്യേണ്ടപോലെ നാം ചെയ്യണില്ല........

ഒന്നാമത്തെ വേലക്കാരി

ഇപ്പഴവര് നമ്മെ പേടിച്ചിരിക്ക്യാ........

രണ്ടാമത്തെ വേലക്കാരി

അവർ കൂട്ട്യാലോചന നടത്താ, എല്ലാരും........

മൂന്നാമത്തെ വേലക്കാരി

എടനാഴിലേക്ക്യ് എപ്പഴും അവര് കണ്ണോടിച്ചോണ്ടാണെല.

നാലാമത്തെ വേലക്കാരി

അവർ കുശുകുശുക്കലുതന്നെ കുശുകുശുക്കലാ........

അഞ്ചാമത്തെ വേലക്കാരി

അവരൊക്കെ കൂടിച്ചേന്നാ ഇതു ചെയ്യേന്നു തോന്നിപ്പോകാ........



Digitized By Kerala Sahitya Akademi

ആറാമത്തെ വേലക്കാരി

എന്താണവര് ചെയ്യുന്നത് ഒരറിവൂല്ല........

ഏഴാമത്തെ വേലക്കാരി

ഏമാനന്മാര്ക്കു തന്നെ പേട്യാണെങ്കിപ്പിന്നെ എന്താ ചെയ്യ്വാ?........

[നിശ്ശബ്ദത]

ഒന്നാമത്തെ വേലക്കാരി

പിള്ളേരടെ കൂക്കുവിളി കേക്കണേല്ല്യ........

രണ്ടാമത്തെ വേലക്കാരി

കാറൂകേറാനൊള്ളെ വെടവിനുമുമ്പില് അവര് ചടഞ്ഞു കൂടി ഇരിപ്പായിക്കഴിഞ്ഞു.

മൂന്നാമത്തെ വേലക്കാരി

അവര് തമ്മിത്തമ്മിപ്പറ്റിച്ചേര്ന്നുകൊണ്ടാണിരിപ്പ്.

പ്രായംചെന്ന വേലക്കാരി

വീട്ടിനകത്ത് ഒരൊച്ച്യനക്കോം കേക്കണില്ലല്ലോ........

ഒന്നാമത്തെ വേലക്കാരി

കുഞ്ഞുങ്ങള് ശ്വാസം വിടണപോലും കേക്കാനൊക്കണില്ല........

പ്രായംചെന്ന വേലക്കാരി

വരിന്, വരിന്; മോളിലേക്കു ചെല്ലാന് സമയമായി....

[നിശ്ശബ്ദരായി പോകുന്നു]



Digitized By Kerala Sahitya Akademi

## രംഗം രണ്ട്

### കൊട്ടാരത്തിൽ ഒരു മുറി

[മുറിയുടെ ഒരു മൂലയിൽ ആർക്കേലും ഗോളാഡും, ഡോക്ടറും പ്രത്യക്ഷപ്പെടുന്നു. മെലിസാന്ദ ഒരു കട്ടിലിൽ കിടപ്പാണ്]

ഡോക്ടർ

അവർ മരിക്കുന്നത് ഈ കൊച്ചു മുറിവുകൊണ്ടല്ല; ഒരു പക്ഷിപോലും അതുകൊണ്ടു മരിക്കുകയില്ല....അതുകൊണ്ട്, എന്റെ നല്ലവനായ പ്രഭോ, അങ്ങല്ല അവരെ കൊന്നിട്ടുള്ളത്; —അവിടന്നങ്ങനെ കുണ്ഠിതപ്പെടാതിരിക്കു.....ജീവിക്കുവാൻ അവൾക്കു കഴിയുമായിരുന്നില്ല....പിന്നെ നമുക്കവരെ രക്ഷിക്കാൻ സാദ്ധ്യമല്ലെന്നും തീർത്തു പറഞ്ഞുകൂടാ........

ആർക്കേൽ

അല്ലല്ല; അവളുടെ മുറിയിൽ എന്തൊരു നിശ്ശബ്ദതയാണ്....അതുതന്നെ ഒരു വിചിത്ര ലക്ഷണമാ....നോക്കു, അവൾ എങ്ങനെ ഉറങ്ങുന്നു എന്ന്....സാവധാനത്തിൽ....സാവധാനത്തിൽ, എന്നെന്നേയ്ക്കുമായി അവളുടെ ആത്മാവങ്ങു മരവിച്ചുപോയാലത്തെപ്പോലെ........

ഗോളാഡ്

ഞാനവളെ കൊന്നു....ഒരു കാരണവും കൂടാതെ! ഒരു കാരണവുംകൂടാതെ ഞാനവളെ കൊന്നുകളഞ്ഞു.....കല്ലുകൾക്കുപോലും കരച്ചിൽ വന്നുപോകും!....അവർ അന്യോന്യം ചുംബിച്ചിരുന്നു....കൊച്ചു കുഞ്ഞുങ്ങളെപ്പോലെ!....അവർ തമ്മിൽത്തമ്മിൽ അങ്ങനെ വെറുതെ ചുംബിച്ചുകൊണ്ടിരുന്നു....ജ്യേഷ്ഠനും അനുജത്തിയുമായിരുന്നു അവർ........ഞാനോ?....ഞാനാക



Digitized By Kerala Sahitya Akademi

ട്ടെ, എന്നെത്തന്നെ വകവെയ്ക്കാതെ—പെട്ടെന്നതു പ്രവർത്തിച്ചു....നിങ്ങൾ നോക്കൂ!....എന്നെത്തന്നെ കൂട്ടാക്കാതെ കണ്ണുമടച്ചു ഞാനതു ചെയ്തു........

ഡോക്ടർ

സൂക്ഷിക്കണം; അവർ ഉണരുകയാണെന്നു തോന്നുന്നു......

മെലിസാന്ദ

ജനൽ തുറക്കൂ....ജനൽ തുറക്കൂ........

ആർക്കേൽ

ഈ ജനലാണോ തുറന്നിടേണ്ടതു്, മെലിസാന്ദേ?

മെലിസാന്ദ

അല്ലല്ല, ആ വലിയ ജനൽ....വലിയ ജനൽ....എനിക്കു കാണാനൊക്കുമല്ലോ........

ആർക്കേൽ

ഇന്നു വൈകീട്ടു കടൽക്കാററിനു വലിയ തണുപ്പുണ്ടു്....

ഡോക്ടർ

അവർ പറയുന്നതുപോലെ പ്രവർത്തിക്കൂ........

മെലിസാന്ദ

നിങ്ങൾക്കു നന്ദി...സൂര്യൻ അസ്തമിക്കുന്നതാണോ അതു്?

ആർക്കേൽ

അതേ; സൂര്യൻ കടലിൽ താഴുകയാണു്; നേരം അതിക്രമിച്ചിരിക്കുന്നു. നിനക്കെങ്ങനെയിരിക്കുന്നു, മെലിസാന്ദേ?

മെലിസാന്ദ

സുഖം തോന്നുന്നു....സുഖം തോന്നുന്നു. എന്തുകൊണ്ടാണെന്നോടങ്ങനെ ചോദിക്കുന്നതു്? ഇതിനു മുമ്പൊരിക്കലും എനി



Digitized By Kerala Sahitya Akademi

ക്ക് ഇത്രയും സുഖം തോന്നിയിട്ടില്ല. എന്നിരുന്നാലും, എന്തോ എനിക്ക വെളിവായപോലെ തോന്നുന്നു.

ആർക്കേൽ

നീ എന്താണീ പറയുന്നത്? നീ പറയുന്നതെനിക്ക മനസ്സിലാകുന്നില്ല........

മെലിസാന്ദ

ഞാൻ പറയുന്നത് എനിക്കുതന്നെ നല്ലപോലെ മനസ്സിലാകുന്നില്ല, മനസ്സിലായോ?....എനിക്കറിഞ്ഞുകൂടാ ഞാൻ പറയുന്നതെന്താണെന്ന്....എനിക്കെന്തറിയാമെന്നും എനിക്കറിഞ്ഞുകൂടാ....ഞാൻ ആഗ്രഹിക്കുന്നതു ഞാൻ പറയുന്നില്ല.

ആർക്കേൽ

നീയിങ്ങനെ സംസാരിക്കുന്നതുതന്നെ എന്താനന്ദമാണ്. കഴിഞ്ഞ ഏതാനും ദിവസങ്ങളായി നിനക്ക സ്വബോധമില്ലായിരുന്നു....നീ പറയുന്നതു മനസ്സിലാക്കാൻതന്നെ എപ്പോഴും ഞങ്ങൾക്ക സാധിച്ചിരുന്നില്ല. പക്ഷേ ഇന്നിപ്പോൾ അതൊക്കെ മാറിപ്പോയി........

മെലിസാന്ദ

എനിക്കൊന്നും അറിഞ്ഞുകൂടാ....മുറിയിൽ അങ്ങു തനിച്ചേ ഉള്ളോ, മുത്തച്ഛാ?

ആർക്കേൽ

അല്ല; നിന്നെ ചികിത്സിച്ച ഡോക്ടർ ഇവിടെ ഉണ്ട്.

മെലിസാന്ദ

ശരി........

ആർക്കേൽ

പിന്നെ—വേറൊരാൾകൂടിയുണ്ട്.



Digitized By Kerala Sahitya Akademi

മെലിസാന്ദ

ആരാണതു്?

ആർക്കേൽ

അതു....നീ പേടിക്കരുതു്....നിനക്കു് ഏറ്റവും നിസ്സാരമായ ഉപദ്രവംപോലും ചെയ്യാൻ അയാൾ ആശിക്കുന്നില്ല. അതു ദൃഢമായി വിശ്വസിച്ചുകൊള്ളൂ! നിനക്കു ഭയമാണെങ്കിൽ അയാൾ പോയ്ക്കൊള്ളും....വളരെ ദുഃഖിതനാണയാൾ.

മെലിസാന്ദ

അതാരാണു്?

ആർക്കേൽ

അതു....നിന്റെ ഭർത്താവാണു്....ഗോളാഡ്!........

മെലിസാന്ദ

ഗോളാഡ് ഇവിടെയുണ്ടെന്നോ?....പിന്നെ എന്തുകൊണ്ടദ്ദേഹം എന്റടുത്തു വരുന്നില്ല?

ഗോളാഡ്

[കട്ടിലിനടുത്തേയ്ക്കു പതുങ്ങിപ്പതുങ്ങി ചെന്നുകൊണ്ടു്]

മെലിസാന്ദേ!....മെലിസാന്ദേ!........

മെലിസാന്ദ

അതു നിങ്ങളാണോ, ഗോളാഡേ?....എനിക്കു നിങ്ങളെ ശരിക്കു തിരിച്ചറിയാൻ കഴിയുന്നില്ല....അസ്തമനസൂര്യന്റെ വെളിച്ചം എന്റെ കണ്ണുകളിൽ പതിഞ്ഞിട്ടുള്ളതുകൊണ്ടാണതു്. നിങ്ങൾ ആ ചുമരുകളുടെ നേർക്കു് അങ്ങനെ നോക്കുന്നതെന്താണു്? നിങ്ങൾ വല്ലാതെ മെലിഞ്ഞുപോയല്ലോ! നിങ്ങൾക്കു പ്രായക്കൂടുതലും വന്നിട്ടുണ്ടു്....നാം തമ്മിൽ കണ്ടിട്ടു് ഏറെ നാളായോ?



Digitized By Kerala Sahitya Akademi

ഗോളാഡ്

[ആർക്കേലിനോടും ഡോക്ടരോടും]

ദയവുചെയ്തു്, ദയവുചെയ്തു്, ഒരു നിമിഷനേരത്തേയ്ക്കു നിങ്ങൾ മുറിയിൽനിന്നൊന്നു പുറത്തേയ്ക്കു പോകാമോ?....ഞാൻ വാതിൽ മലക്കെത്തുറന്നിട്ടുകൊള്ളാം....ഒരൊററ നിമിഷം മാത്രം....എനിക്കു് അവളോടു് അല്പം ചിലതു സംസാരിക്കാനുണ്ടു്; അങ്ങനെ ചെയ്തില്ലെങ്കിൽ എനിക്കു മരിക്കാൻ കഴിയുന്നതല്ല ....ദയവുചെയ്തു നിങ്ങൾ അതു ചെയ്യുമോ? തളത്തിൻെറ അങ്ങേ അററത്തുപോയി നിന്നുകൊള്ളൂ; ഉടൻതന്നെ നിങ്ങൾക്കിങ്ങോട്ടു തിരിച്ചുവരാം—ഉടൻതന്നെ! എനിക്കിതു് ഉപേക്ഷിക്കാൻ സാദ്ധ്യമല്ല. മനശ്ശല്യം പിടിച്ച ഒരു പിശാചാണു് ഞാൻ.... (ആർക്കേലും ഡോക്ടരും പോകുന്നു) മെലിസാന്ദേ, എനിക്കു നിന്നോടുള്ളതുപോലെ നിനക്കെന്നോടും അല്പം സഹതാപമുണ്ടോ?....മെലിസാന്ദേ, നീ എനിക്കു മാപ്പുതരുമോ, മെലിസാന്ദേ?........

മെലിസാന്ദ

ഉവ്വു്; ഞാൻ അങ്ങേയ്ക്കു മാപ്പു തരുന്നു....മാപ്പു തരുവാനെന്താണുള്ളതു്?

ഗോളാഡ്

ഞാൻ നിന്നോടൊരു വലിയ തെററു ചെയ്തിട്ടുണ്ടു്, മെലിസാന്ദേ!....ഞാൻ നിന്നോടു ചെയ്തിട്ടുള്ള തെററിനെക്കുറിച്ചു നിന്നോടു പറയുവാൻ എനിക്കു സാദ്ധ്യമല്ല....പക്ഷേ ഞാനതു കാണുന്നു....അത്രമാത്രം സ്പഷ്ടമായി ഞാനിന്നതു കാണുന്നു.... അതെല്ലാം എൻെറമാത്രം കുററമാണു്—സംഭവിച്ചതു മുഴുവൻ; സംഭവിക്കാൻപോകുന്നതും മുഴുവൻ! എനിക്കൊന്നതു പറയാൻ കഴിഞ്ഞിരുന്നെങ്കിൽ!....ഞാൻ എല്ലാം കാണുന്നു........



Digitized By Kerala Sahitya Akademi

ഞാൻ എല്ലാം കാണുന്നു! പക്ഷേ, ഞാൻ നിന്നെ അത്രമാത്രം സ്നേഹിച്ചു; ഞാൻ നിന്നെ അത്രമാത്രം സ്നേഹിച്ചു!....ആരോ ഒരാളിപ്പോൾ മരിക്കാൻ പോവുകയുമാണ്....ഞാനാണ് മരിക്കാൻ പോകുന്നത്.....എനിക്കതൊന്നറിയണമെന്നുണ്ട്......ഞാൻ നിന്നോടു ചോദിക്കാൻ പോകുന്നു....നീ തെററിദ്ധരിക്കില്ലല്ലോ?....എനിക്കതിൻെറ ആവശ്യമുണ്ട്....മരിക്കാൻപോകുന്ന ഒരാളോട്, സത്യമേ പറയാവൂ!....സത്യം അയാൾക്കറിയേണ്ടിയിരിക്കുന്നു; അല്ലെങ്കിൽ അയാൾക്കുറക്കം വരികയില്ല....എന്നോടു സത്യം പറയാമെന്നു നീ സത്യംചെയ്യുന്നുവോ?

മെലിസാന്ദ

ഉവ്വ്........

ഗോളാഡ്

നീ പെല്ലീസിനെ സ്നേഹിച്ചോ?

മെലിസാന്ദ

എന്തിന്, ഉവ്വ്: ഞാൻ അദ്ദേഹത്തെ സ്നേഹിച്ചു. അദ്ദേഹം എവിടെയാണ്?

ഗോളാഡ്

ഞാൻ പറയുന്നതു നിനക്കു മനസ്സിലാകുന്നില്ലേ? നീ മനസ്സിലാക്കുകയില്ലേ, ഞാൻ പറയുന്നത്? എനിക്കു തോന്നുന്നു....എനിക്കു തോന്നുന്നു....കൊള്ളാം....അതെ....അതിതാണ്. നിനക്ക് അവനോടു നിഷിദ്ധമായ ഒരു സ്നേഹം—വിലക്കപ്പെട്ട ഒരു സ്നേഹം—ഉണ്ടായിരുന്നോ എന്നാണ് ഞാൻ ചോദിക്കുന്നത്? എന്താ, ഉണ്ടായിരുന്നോ?....നീ അപരാധിനിയാണോ? എന്നോടു പറയൂ; എന്നോടു പറയൂ; അതെ, അതെ, എ, അതേ?........



Digitized By Kerala Sahitya Akademi

മെലിസാന്ദ

അല്ല; ഒരിക്കലുമല്ല; ഞങ്ങൾ അപരാധികളായിരുന്നില്ല; എന്തുകൊണ്ടാണ് നിങ്ങൾ എന്നോടതു ചോദിക്കുന്നത്?

ഗോലാഡ്

മെലിസാന്ദേ!....എന്നോടു സത്യം പറയൂ, ദൈവത്തെയോർത്ത്!........

മെലിസാന്ദ

എനിക്കെന്തുകൊണ്ടു നിങ്ങളോടു സത്യം പറഞ്ഞുകൂടാ?

ഗോലാഡ്

മരണമുഹൂർത്തത്തിൽ അങ്ങനെ കള്ളം പറയാതിരിക്കൂ!

മെലിസാന്ദ

ആരാണ് മരിക്കാൻ പോകുന്നത്? ഞാനാണോ?

ഗോലാഡ്

നീ! നീ!—ഞാനും, നിന്റെപുറകേ ഞാനും!—നമുക്കു സത്യം വേണ്ടിയിരിക്കുന്നു....നമുക്ക് അവസാനമായി സത്യം വേണ്ടിയിരിക്കുന്നു; നീ കേൾക്കുന്നോ?....എന്നോടെല്ലാം പറയൂ! എന്നോടെല്ലാം പറയൂ!....നിങ്ങൾക്കെല്ലാവർക്കും ഞാൻ മാപ്പുതരുന്നു!........

മെലിസാന്ദ

എന്തിനാണ് ഞാൻ മരിക്കാൻ പോകുന്നത്? ഞാൻ അറിഞ്ഞില്ല........

ഗോലാഡ്

നീയതിപ്പോൾ അറിയും!....സമയമായി! സമയമായി!.... വേഗം! വേഗം!.... സത്യം!....സത്യം!........

മെലിസാന്ദ

സത്യം!....സത്യം!........



Digitized By Kerala Sahitya Akademi

ഗോളാഡ്

നീ എവിടെയാണ്? മെലിസാന്ദേ, നീ എവിടെയാണ്? ഇതു സ്വാഭാവികമല്ല. മെലിസാന്ദേ, നീ എവിടെയാണ്? നീ എവിടേയ്ക്കു പോകുന്നു? (മുറിയുടെ വാതില്ക്കൽ ആർക്കേലിനേയും ഡോക്ടരേയും കണ്ടിട്ട്) അതെ, അതെ; നിങ്ങൾക്ക് അകത്തുവരാം....എനിക്കൊന്നും അറിഞ്ഞുകൂടാ; അതു ഫലശൂന്യമാണ്....വളരെ താമസിച്ചുപോയി; അവൾ നമ്മിൽനിന്നു വളരെ വളരെ അകലത്തായിക്കഴിഞ്ഞിരിക്കുന്നു....ഞാൻ ഒരിക്കലും അറിയുകയില്ല....ഞാനിവിടെക്കിടന്ന് ഒരു കണ്ണുപൊട്ട നെപ്പോലെ മരിക്കും!.......

ആർക്കേൽ

എന്താ നീ ചെയ്തത്? നീയവളെ കൊല്ലും!.......

ഗോളാഡ്

ഞാനവളെ കൊന്നുകഴിഞ്ഞു.......

ആർക്കേൽ

മെലിസാന്ദേ!.......

മെലിസാന്ദ

ആരാത്? മുത്തച്ഛനാണോ?

ആർക്കേൽ

അതെ, എന്റെ മോളേ!....ഞാൻ എന്തു ചെയ്യണം? എന്താണ് നിന്റെ ആശ?

മെലിസാന്ദ

ശീതകാലം വന്നുചേർന്നു എന്നതു വാസ്തവമാണോ മുത്തച്ഛാ?

ആർക്കേൽ

നീയെന്താണങ്ങനെ ചോദിക്കുന്നത്?



Digitized By Kerala Sahitya Akademi

മെലിസാന്ദ

എന്തെന്നാൽ, വല്ലാത്ത തണുപ്പായിരിക്കുന്നു....ഇലകളെല്ലാം കൊഴിഞ്ഞുകഴിഞ്ഞു! ഒന്നും ബാക്കിനില്പില്ല........

ആർക്കേൽ

നിനക്കു തണുക്കുന്നുണ്ടോ? ജനലുകൾ അടച്ചിടുന്നതു നീ ഇഷ്ടപ്പെടുന്നോ?........

മെലിസാന്ദ

ഇല്ലില്ല....സൂര്യൻ കടലിന്റെ അടിത്തട്ടിൽ എത്തിച്ചേരുന്നതുവരെ വേണ്ട....സൂര്യനതാ മെല്ലെമെല്ലെയങ്ങനെ താഴുകയാണ്....പിന്നെ, ശീതകാലം ആരംഭിച്ചു. വാസ്തവമാണോ മുത്തച്ഛാ?

ആർക്കേൽ

അതെ—ശീതകാലം നിനക്കിഷ്ടമല്ലേ?

മെലിസാന്ദ

ഓ! അല്ല! തണുപ്പെനിക്കു ഭയമാണ്. വലിയ തണുപ്പിനെ ഞാൻ വല്ലാതെ പേടിച്ചിരിക്കയാണ്........

ആർക്കേൽ

നിനക്കു കൂടുതൽ സുഖം തോന്നുന്നോ?

മെലിസാന്ദ

ഉവ്വ്; ഉവ്വ്; എനിക്കിപ്പോൾ ഒരുതരത്തിലുള്ള ഉൽക്കണ്ഠയും ഉണ്ടാകുന്നില്ല........

ആർക്കേൽ

നിനക്കു നിന്റെ കുഞ്ഞിനെ കാണണമോ?

മെലിസാന്ദ

എന്തു കുഞ്ഞ്?



Digitized By Kerala Sahitya Akademi

ആർക്കേൽ

നിന്റെ കുഞ്ഞ്—നീയൊരമ്മയാണ്....നീ ഒരു കൊച്ചു പെൺകുഞ്ഞിനെ പ്രസവിച്ചിട്ടുണ്ട്........

മെലിസാന്ദ

അവൾ എവിടെ?

ആർക്കേൽ

ഇവിടെ........

മെലിസാന്ദ

ഇതു വളരെ വിചിത്രമായിരിക്കുന്നു....അവളെ ഒന്നെടുക്കാൻ എനിക്കെന്റെ കൈ പൊക്കാൻ കഴിയുന്നില്ല........

ആർക്കേൽ

ഇപ്പോഴും നീ വല്ലാതെ ക്ഷീണിച്ചിരിക്കുന്നതുകൊണ്ടാണത്. ഞാൻതന്നെ അവളെ പിടിച്ചുകൊള്ളാം; നോക്കൂ!

മെലിസാന്ദ

അവൾ പുഞ്ചിരിയിടുകയല്ല....അവൾ ചെറുതാണ്.... അവൾ കരയാൻ പോകുന്നു....പാവം, എനിക്കവളിൽ അനുകമ്പയുണ്ട്........

[വേലക്കാരികൾ ഓരോരുത്തരായി പതുക്കെപ്പതുക്കെ മുറിയിലേക്കു കടന്നുവന്ന്, ശബ്ദമുണ്ടാക്കാതെ ഒററവരിയായി ചുമരോടു ചേർന്നു കാത്തുനില്ക്കുന്നു ]

ഗോളാഡ് (പെട്ടെന്നെഴുന്നേററ്)

എന്താണിത്?—ഈ പെണ്ണുങ്ങളെല്ലാം ഇവിടെ എന്തു ചെയ്യുകയാ?

ഡോക്ടർ

അവർ വേലക്കാരികളാണ്........



Digitized By Kerala Sahitya Akademi

ആർക്കേൽ

അവരെ ആരു വിളിച്ചു?

ഡോക്ടർ

ആവോ....ഞാനല്ല........

ഗോളാഡ്

നിങ്ങൾ എന്തിനാണിവിടെ വന്നതു്?....ആരും നിങ്ങളെ വിളിച്ചില്ലല്ലോ. നിങ്ങൾ ഇവിടെ എന്തു ചെയ്യാൻപോകുന്നു?....എ? വേഗം സമാധാനം പറയിൻ!

[വേലക്കാരികൾ ഒന്നും മിണ്ടുന്നില്ല]

ആർക്കേൽ

അത്ര ഉച്ചത്തിൽ സംസാരിക്കരുതേ! അവൾ ഉറങ്ങാൻ പോകയാണ്....അതാ അവൾ കണ്ണുകൾ അടച്ചുകഴിഞ്ഞു.

ഗോളാഡ്

അല്ലേ,....ഇതു്........?

ഡോക്ടർ

അല്ലല്ല; നോക്കൂ, അവൾ ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടു്.

ആർക്കേൽ

അവളുടെ കണ്ണു രണ്ടും നിറയെ കണ്ണീരാണ്—ഇപ്പോൾ അവളുടെ ആത്മാവാണ് കരയുന്നതു്. അവൾ അവളുടെ കൈകൾ വിടുർത്തുന്നല്ലോ; അതെന്തിനാണ്?—അവൾ എന്താണാവശ്യപ്പെടുന്നതു്?

ഡോക്ടർ

അതു കുഞ്ഞിന്റെ നേക്കാണ്; സംശയമില്ല....മാതൃഹൃദയത്തിന്റെ പിടച്ചിലാണതു്.



വ •

Digitized By Kerala Sahitya Akademi

ഗോളാഡ്

ഇപ്പോഴോ?—ഇപ്പോഴോ?—എന്നാൽ നിങ്ങളിപ്പോൾ അതു പറയണം. ഉംംം....പറയു! പറയു!

ഡോക്ടർ

പക്ഷേ—

ഗോളാഡ്

ഉടൻതന്നെ—ഈ നിമിഷംതന്നെ!....ഓ! ഓ! .എനിക്കവളോടു പറയണം....മെലിസാന്ദേ! മെലിസാന്ദേ!....എന്നെ വിട്ടു!—അവളോടൊന്നിച്ച് എന്നെ തനിച്ചു വിട്ടു........!

ആർക്കേൽ

ഇല്ലില്ല; അവളുടെ അടുത്തേയ്ക്കു പോകരുത്....അവളെ ഉപദ്രവിച്ചുകൂടാ....അവളോട് ഇനിയും സംസാരിക്കരുത്....നിനക്കറിഞ്ഞുകൂടാ ആത്മാവെന്താണെന്ന്.

ഗോളാഡ്

അതെൻെറ കുററമല്ല....അതെൻെറ കുററമല്ല........

ആർക്കേൽ

ശ്!....ശ്!....നാം ഇപ്പോൾ പതുക്കെ മന്ത്രിക്കയേ പാടുള്ളു....ഇനി നാമവളെ ഒട്ടുംതന്നെ ഉപദ്രവിക്കാൻ പാടില്ല.... മനുഷ്യാത്മാവു് വളരെ നിശ്ശബ്ദമാണ്. ഏകാന്തതയിൽ അങ്ങനെ തെന്നിമാറുവാൻ മനുഷ്യാത്മാവു് ഇഷ്ടപ്പെടുന്നു. അതത്രമാത്രം ഭയപ്പാടോടെ ക്ലേശങ്ങൾ അനുഭവിക്കുന്നു. പക്ഷേ, ആ സങ്കടം!—ഗോളാഡ്, ഒരുവൻ കാണുന്ന സകലരുടേയും! ആ സങ്കടം....ഓ! ഓ! ഓ!

[ഈ ഘട്ടത്തിൽ മുറിയുടെ അററത്തു് എല്ലാ വേലക്കാരികളും മുട്ടുകുത്തുന്നു]



Digitized By Kerala Sahitya Akademi

ആർക്കേൽ (തിരിഞ്ഞിട്ട്)

എന്താണിതു്?........

ഡോക്ടർ

[കട്ടിലിന്നരികെ ചെന്നു ശരീരം തൊട്ടുനോക്കിയിട്ട്]

അതെ; അവരുടെ ധാരണ ശരിയാണ്........

[നീണ്ട നിശ്ശബ്ദത]

ആർക്കേൽ

ഞാൻ ഒന്നും കണ്ടില്ല - നിങ്ങൾക്കു തീർച്ചയാണോ?

ഡോക്ടർ

അതെ; തീർച്ച!

ആർക്കേൽ

ഞാൻ യാതൊന്നും കേട്ടില്ല....ഇത്ര പെട്ടെന്ന്....ഇത്ര പെട്ടെന്ന്....പൊടുന്നനെ.....ഒരൊററവാക്കു മിണ്ടാതെ....അവൾ പൊയ്ക്കളഞ്ഞു........

ഗോളാഡ് (തേങ്ങിക്കരഞ്ഞുകൊണ്ട്)

ഓ! ഹാവൂ!....ഹയ്യോ!

ആർക്കേൽ

ഇവിടെ നില്ക്കാതെ, ഗോളാഡ്....അവൾക്കിപ്പോൾ നിശ്ശബ്ദതയാണാവശ്യം....വരു, വരു!....ഇതു ഭയങ്കരമാണ്; പക്ഷേ ഇതു നിൻെറ കുററമല്ല. അവൾ പരമശാന്തയായ ഒരു ജീവിയായിരുന്നു. എത്രയും അടക്കമൊതുക്കമുള്ളവളും, ഭയചകിതയും പരമവിനീതയും നിശ്ശബ്ദയുമായ ഒരു പാവം പെൺകിടാവു്!....ഏതോ മായാരഹസ്യം ഉൾക്കൊണ്ടിരുന്ന ഒരപൂർവ്വജീവിയായിരുന്നു അവൾ. അതാ, അവളുടെ കുഞ്ഞിൻെറ ഒരു മൂത്ത ജ്യേഷ്ഠത്തിയെപ്പോലെ അവൾ കിടക്കുന്നു....വരു, വരു,



Digitized By Kerala Sahitya Akademi

....ഹാ, ദൈവമേ!....ഹാ, ദൈവമേ!....എനിക്കൊന്നുംതന്നെ അറിഞ്ഞുകൂടാ. വരൂ, കുഞ്ഞു് ഇവിടെ ഈ മുറിയിൽ കഴിച്ചുകൂട്ടാൻ പാടില്ല....അവളുടെ സ്ഥാനത്തു് ഇനിയിപ്പോൾ ജീവിക്കേണ്ടതു് ആ കുഞ്ഞാണ്....പാവപ്പെട്ട ഒരു കൊച്ചുകുഞ്ഞു്.... ഇനിയത്തേതു് അവളുടെ മുറയാണ്............

[നിശ്ശബ്ദതയിൽ നിഷ്ക്രമിക്കുന്നു]



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi